രൂ 14.00 ISBN 81-237-4252-5

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ആദ്യാധ്യാപകൻ

ചിംഗിസ് ഐത്മതോവ്

വിവർത്തനം

കിളിരൂർ രാധാകൃഷ്ണൻ



സർഗാത്മക വിദ്യാഭ്യാസ പരമ്പര

ആദ്യാധ്യാപകൻ

ചിംഗിസ് ഐത്മതോവ്

വിവർത്തനം
കിളിരൂർ രാധാകൃഷ്ണൻ

ചിത്രീകരണം
സെബാൽ ചാറ്റർജി

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ദുയിഷൻ ഒരു റഷ്യൻ കൃതിയാണ്. ഇതിന്റെ ഇംഗ്ളീഷ് തർജമ 1989 ൽ റാദുഗ പബ്ളിഷേഴ്സ് മോസ്കോ, പ്രസിദ്ധപ്പെടുത്തി. ഓൾഗ ഷാർത്സെ ആണ് ഈ മലയാള പരിഭാഷയ്ക്കാധാരമായ ഇംഗ്ളീഷ് തർജമ നടത്തിയത്.

ISBN 81-237-4252-5

2004 *(ശക. 1926)*

© ചിംഗിസ് ഐത്മതോവ്

തർജമ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

രൂ. **14.00**

DUISHEN *(Malayalam)*

പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ 5, ഗ്രീൻ പാർക്ക്, ന്യൂ ഡൽഹി 110016

ഞാനെന്റെ ജാലകങ്ങൾ മലർക്കെ തുറന്നിട്ടു. ശുദ്ധവായു ഒരരുവിയായി മുറിയിലേക്ക് പ്രവഹിച്ചു. അരണ്ട നീലവെളിച്ചത്തിൽ എന്റെ പുതിയ ചിത്രത്തിന്റെ സ്കെച്ചുകൾ ഞാൻ ഉറ്റുനോക്കി. നിരവധി സ്കെച്ചുകളുണ്ട്. തുടക്കത്തിൽ മിക്കവാറും എനിക്ക് ഈ ആവർത്തനം വേണ്ടിവരാറുണ്ട്. ഒരു ചിത്രമെന്ന നിലയിൽ ഇപ്പോൾ ഇതിനെ നോക്കിക്കാണാറായിട്ടില്ല. ചിത്രത്തിന്റെ മുഖ്യവസ്തു ഇനിയും ഞാൻ കണ്ടെത്തിയിട്ടുമില്ല, അപ്രതിരോധ്യമാംവിധം നമ്മെ കീഴടക്കുന്ന, ഈ വേനൽക്കാല പ്രഭാതങ്ങൾ പോലെ തെളിഞ്ഞതും, അതേസമയം നിഗൂഢവും പിടിതരാത്തതുമായി നിങ്ങളുടെ ആത്മാവിലേക്ക് ഇറങ്ങിയെത്തുന്നതുമായ അതിനെ. ആ രാത്രിയിൽ ഞാനെന്റെ മുറിയുടെ നിശബ്ദതയിൽ അങ്ങോട്ടും ഇങ്ങോട്ടും ചിന്തയിലാണ്ട് നടന്നു. ഇത് സാധാരണമാണ്. എല്ലായ്പ്പോഴും എനിക്ക് എന്റെ ചിത്രത്തെക്കുറിച്ച് ഒരവ്യക്ത ധാരണയേ ലഭിക്കാറുള്ളു.

ചിത്രം പൂർത്തിയാകും മുമ്പ് ഞാനതിനെക്കുറിച്ച് എന്റെ ഏറ്റവും അടുത്ത ചങ്ങാതിമാരോടുപോലും സംസാരിക്കാറില്ല. അതിന് കാരണം എന്റെ മനസ്സിന്റെ ശങ്കയൊന്നുമല്ല. തൊട്ടിലിൽ കിടക്കുന്ന ഒരു കുഞ്ഞിന്റെ ഭാവി പ്രവചിക്കും പോലെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണത്. പൂർത്തിയാവാത്ത ചിത്രം വിലയിരുത്തുക അസാധ്യം തന്നെ. എന്നാൽ ഈ ചിത്രത്തിന്റെ കാര്യത്തിൽ ഞാനാനിയമങ്ങളൊക്കെ ലംഘിക്കാൻ പോകുകയാണ്. അപൂർണമായ ഈ ചിത്രത്തെക്കുറിച്ച് എനിക്ക് എല്ലാവരോടും സംസാരിക്കണം. എല്ലാവരും ഇതിലൂടെ എന്റെ ചിന്തകളിൽ പങ്കു ചേരണം.

ഇത് വെറും ഭ്രമമല്ല. എനിക്ക് മറിച്ച് പ്രവർത്തിക്കാനാവില്ല. കാരണം ഇതെനിക്ക് തനിച്ച് ചെയ്യാവുന്ന കാര്യമല്ലെന്ന് ഞാൻ വിചാരിക്കുന്നു. എന്റെ ശ്രദ്ധയാകർഷിച്ച ഈ കഥ, ബ്രഷെടുക്കാൻ എന്നെ പ്രചോദിപ്പിച്ച ഈ കഥ, എന്നെ ഗാഢമായി ആശ്ലേഷിച്ചിരിക്കുന്നു. വക്കോളം നിറഞ്ഞ ഒരു കപ്പ് കയ്യിലെടുത്തിരിക്കുകയാണെന്നും അത് തുളുമ്പിപ്പോയേക്കുമോ എന്നും പേടിക്കുകയാണ് ഞാൻ. അതുകൊണ്ടാണ് മറ്റുള്ളവർ എന്റെ ചിത്രപീഠത്തിന് അടു



ത്തു വരണമെന്നും എനിക്ക് വേണ്ട നിർദേശങ്ങളും ഉപദേശങ്ങളും തരണമെന്നും ഞാനാഗ്രഹിക്കുന്നത്. അവരെന്റെ വികാരങ്ങൾ പങ്കിടുകയും വേണം.

അടുത്തു വരൂ, നിങ്ങളുടെ സൗഹാർദം എനിക്കു പകർന്നു തരാൻ വിമുഖത കാട്ടാതിരിക്കുക.. ഈ കഥ നിങ്ങളോടു പറയുക എന്നത് എന്റെ കടമയാണ്.

മലയടിവാരത്തുള്ള വിശാലമായ പീഠഭൂമിയിലാണ് ഞങ്ങളുടെ കുർകുറോവ് ഗ്രാമം സ്ഥിതി ചെയ്യുന്നത്. മലയിടുക്കുകളിൽ നിന്നും കളകളാരവം മുഴക്കിക്കൊണ്ട് ചെറിയ അരുവികൾ അങ്ങോട്ട് ഒഴുകിയെത്തുന്നു. ഗ്രാമത്തിന് താഴെ മഞ്ഞ താഴ്വര, വലിയൊരു കസാക്ക് പുൽമേട്! അതിന് ഞൊറിപിടിപ്പിച്ചതുപോലെ കറുത്ത മലനിരകളുടെ ശിഖരങ്ങളും ഇരുണ്ട റെയിൽപ്പാതയും. അതങ്ങനെ ചക്രവാളത്തെ ഭേദിക്കുമാറ് പടിഞ്ഞാറോട്ട് നീളുന്നു.

ഗ്രാമത്തിന് പിന്നിലെ കുന്നിൻ മുകളിൽ രണ്ട് പോപ്ലാർ മരങ്ങളുണ്ട്. ജനിച്ചനാൾ തൊട്ട് ഞാനവയെ കാണുന്നു. നിങ്ങൾ ഏത് ഭാഗത്ത് നിന്ന് ഗ്രാമത്തിലേക്ക് വന്നാലും, ആദ്യം നിങ്ങളുടെ ശ്രദ്ധയിൽ പെടുക ദീപസ്തംഭങ്ങൾ പോലെ നിൽക്കുന്ന ആ പോപ്ലാർ മരങ്ങളാവും. എനിക്കെന്റെ വികാരം വർണിക്കാനാവില്ല. ഒരു പക്ഷേ, ശൈശവകാലത്തെ ചില ഓർമകൾ വിലപ്പെട്ടതായതുകൊണ്ടാവാം. അല്ലെങ്കിൽ ഞാനൊരു ചിത്രകാരനായതുകൊണ്ടാവാം. ഏതായാലും, എല്ലായ്പ്പോഴും ട്രെയിനിൽ നിന്നിറങ്ങി പുൽമൈതാനത്ത് കൂടി എന്റെ വീട്ടിലേക്ക് നടക്കുമ്പോൾ എന്റെ പോപ്ലാർ മരങ്ങൾ അവിടെത്തന്നെ തല ഉയർത്തി നിൽക്കുന്നില്ലേ എന്ന് ഞാൻ ആകാംക്ഷയോടെ നോക്കാറുണ്ട്. നല്ല ഉയരമുള്ളവയാണെങ്കിലും അത്രദൂരത്ത് നിന്ന് അവയെ കാണാമെന്ന് പ്രതീക്ഷിക്കുന്നത് ശരിയല്ല. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം എനിക്കവയെ കാണാൻ കഴിഞ്ഞിരുന്നു.

വിദൂര സ്ഥലങ്ങളിൽ നിന്ന് എന്റെ കുർകുറോവ് ഗ്രാമത്തിലേക്ക് മടങ്ങുമ്പോഴൊക്കെയും എനിക്ക് ആ ഗൃഹാതുരചിന്തകൾ ഉണ്ടായിരുന്നു. "എനിക്ക് എത്രയും വേഗം എന്റെ ഇരട്ടപോപ്ലാറുകളെ കാണാൻ സാധിക്കുമോ? ഞാൻ എപ്പോഴാണ് അവിടെ എത്തുക? എനിക്കാകെ വേണ്ടത് എത്രയും വേഗം ആ വൃക്ഷങ്ങളുടെ ചുവട്ടിലെത്തി അവയുടെ ഇലകൾ പൊഴിക്കുന്ന മർമരങ്ങൾ കേട്ടുകൊണ്ട് ഒരുപാട് നേരം അങ്ങനെ നിൽക്കുക മാത്രമാണ്."

വർഷങ്ങൾക്കുശേഷം ഞാൻ ആ പോപ്ലാർ മരങ്ങളുടെ രഹസ്യം കണ്ടുപിടിച്ചു. അവയങ്ങനെ ഉയർന്നു നിൽക്കുന്നു. എല്ലാ കാറ്റുകളെയും സ്വീകരിച്ചുകൊണ്ട്, കാറ്റിന്റെ നേരിയ ഒരു ചലനം പോലും തൊട്ടറിഞ്ഞുകൊണ്ട്, സൂക്ഷ്മ സംവേദനത്തിലൂടെ ചെറിയൊരു കുഞ്ഞിക്കാറ്റിനെപ്പോലും ഓരോ ഇലയിലൂടെയും അനുഭവിച്ചുകൊണ്ട്, അവയങ്ങനെ ഉയർന്നു നിൽക്കുകയാണ്.

ഞാൻ കണ്ടുപിടിച്ച ഈ കുഞ്ഞുസത്യം എന്നെ ഒട്ടും നിരാശപ്പെടുത്തിയില്ല. എനിക്കവയോടുള്ള കുട്ടിക്കളി കുറഞ്ഞതുമില്ല. ഇന്നും അതങ്ങനെതന്നെ നിലനില്ക്കുകയും ചെയ്യുന്നു. ഇന്നും ഞാനവയെ അത്ഭുതകരങ്ങളായ ജൈവവസ്തുക്കളായി മനസ്സിൽ പേറുന്നു. അവിടെ, അവയുടെ ചുവട്ടിൽ, പൊട്ടിയ ഒരു പച്ചമാന്ത്രികച്ചില്ലിന്റെ തുണ്ടുപോലെ ഞാനെന്റെ ബാല്യകാലം സമർപ്പിച്ചിരിക്കുന്നു.

വേനലവധി ആരംഭിക്കുന്നതിന് തൊട്ടുമുൻപുള്ള ദിവസം, ഞങ്ങൾ ഒരു കൂട്ടം കുട്ടികൾ പക്ഷിക്കൂടുകൾ തേടി കുന്നിൻ മുകളിലേക്ക് ഒച്ചയും ബഹളവുമായി ഓടിക്കയറും. അപ്പോൾ ആ ഭീമാകാരന്മാർ ഇരുഭാഗത്തേക്കും മെല്ലെ ആടിക്കൊണ്ട്, അവയുടെ തണലിലേക്ക് ഞങ്ങളെ സ്വാഗതം ചെയ്യുന്നതു പോലെ തോന്നും. പക്ഷേ, വികൃതികളായ ഞങ്ങളാകട്ടെ അവയുടെ ശിഖരങ്ങളിൽ വലിഞ്ഞ് കയറി പറവക്കൂടുകൾ താറുമാറാക്കുകയാവും ചെയ്യുക. പക്ഷികൾ ചിറക് വിരിച്ച് പറന്നും ഉറക്കെക്കരഞ്ഞും ബഹളം കൂട്ടും. പക്ഷേ, ഞങ്ങൾ കൂട്ടാക്കില്ല. ഞങ്ങൾക്കെന്താ? ഞങ്ങൾ കൂടുതൽ കൂടുതൽ ഉയരത്തിലേക്ക് വലിഞ്ഞുകയറും. ആർക്കാണ് കൂടുതൽ ചുറുചുറുക്കും ധൈര്യവുമെന്ന് മാറ്റുരയ്ക്കണമല്ലോ. അങ്ങനെ ഉയരങ്ങളിലെത്തുമ്പോൾ പൊടുന്നനെ, ഒരു മന്ത്രവിദ്യയാലെന്നോണം, ഞങ്ങളുടെ മുമ്പാകെ സൗന്ദര്യത്തിന്റെയും പ്രകാശത്തിന്റെയും വിശാലമായ ഒരു പുതിയലോകം മറനീക്കി പ്രത്യക്ഷപ്പെടുന്നത് കണ്ട് ആഹ്ലാദിക്കും. ഞങ്ങൾക്ക് തലകറക്കം ഉണ്ടാകുന്ന തരത്തിലുള്ളതായിരുന്നു ആ ലോകത്തിന്റെ പ്രതാപം! ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് ഞങ്ങൾ താഴേക്ക് നോക്കും. മന്ത്രശക്തിയാൽ മയക്കപ്പെട്ടതുപോലെ ഓരോരുത്തരും അവരവരുടെ ശിഖരത്തിൽ പറ്റിപ്പിടിച്ചിരിക്കും. അപ്പോൾ പക്ഷികളെയും അവയുടെ കൂടുകളെയുമൊക്കെ ഞങ്ങൾ മറക്കും. ലോകത്തിലെ വലുതും വലിയതെന്ന് ഞങ്ങൾ സങ്കല്പിച്ചിരുന്ന കുട്ടുകൃഷിലായ

ങ്ങൾ ചെറിയൊരു കൂനാച്ചിപ്പുരപോലയേ കാണാനുള്ളു. ഗ്രാമത്തിനപ്പുറം അനാഘ്രാതമായ ആ പുൽമേട് അങ്ങനെ പരന്നു കിടക്കുന്നു. മൂടൽമഞ്ഞിന്റെ മങ്ങിയ വെളിച്ചത്തിൽ അതങ്ങനെ ഒഴുകുകയാണെന്ന് തോന്നിപ്പോകും. വിദൂരതയുടെ നീലാഭയിലൂടെ ഞങ്ങൾ സൂക്ഷിച്ച് നോക്കുമ്പോൾ ഒരിക്കലും ഉണ്ടായിരിക്കുമെന്ന് ഞങ്ങൾ കരുതിയിട്ടില്ലാത്ത വിശദമായ ഭൂപ്രദേശങ്ങൾ കാണാം. ഞങ്ങൾക്ക് തീരെ അപരിചിതമായ നദികൾ വെള്ളിനാടകൾ പോലെ അങ്ങകലെ തിളങ്ങുന്നതും കാണാം. മരക്കൊമ്പിൽ അള്ളിപ്പിടിച്ചിരുന്നുകൊണ്ട് ഞങ്ങൾ അത്ഭുതം കൂറും. അതാണോ ലോകത്തിന്റെ അവസാനഭാഗം? ഇവിടെയുള്ളതുപോലെ അവിടം കഴിഞ്ഞാലും ആകാശമുണ്ടാകുമോ? മേഘങ്ങളും പുൽമേടുകളും നദികളുമൊക്കെ ഉണ്ടാവുമോ? കാറ്റിന്റെ, ഓർമയിൽ സംഗീതം ഞങ്ങൾ കേൾക്കും. അങ്ങ് നീലമഞ്ഞിനപ്പുറം ഒളിഞ്ഞ് കിടക്കുന്ന നിഗൂഢ ഭൂപ്രദേശത്തിന്റെ വശീകരണ ഭംഗി യെക്കുറിച്ച് ഇലകൾ പിറുപിറുക്കുന്നതും ഞങ്ങൾ കേൾക്കും.

ഞാൻ ആ ഇലകളുടെ സീൽക്കാരം ശ്രദ്ധിക്കും. ആ വിദൂര ഭൂവിഭാഗത്തെ സങ്കല്പിക്കാൻ ശ്രമിക്കുമ്പോൾ എന്റെ ഹൃദയത്തിൽ ഭീതിയും അത്ഭുതവും പെരുമ്പറയടിക്കും. ഞാനിപ്പോൾ ഓർക്കുന്നു. ആ പോപ്ലാർ വൃക്ഷങ്ങൾ ആരു വച്ചുപിടിപ്പിച്ചു എന്നതിനെക്കുറിച്ച് ഞാനാലോചിച്ചിട്ടേയില്ലല്ലോ എന്ന് എനിക്ക് ഇപ്പോൾ അത്ഭുതം തോന്നുന്നു. അജ്ഞാതനായ ആ വ്യക്തി എന്തൊക്കെ സ്വപ്നം കണ്ടിരിക്കാം, ആ വൃക്ഷത്തൈകൾ മണ്ണിലേക്ക് താഴ്ത്തി വയ്ക്കുമ്പോൾ അയാളെന്തായിരിക്കും പറഞ്ഞിരിക്കുക, എന്ത് തരം പ്രത്യാശയോടെയാവും അയാളവയെ പരിചരിച്ചതും അവയുടെ വളർച്ച നോക്കിക്കണ്ടതും?

എന്ത് കാരണത്താലെന്നറിയില്ല ഗ്രാമവാസികൾ ആ പോപ്ലാർ മരങ്ങൾ നിൽക്കുന്ന ഭാഗത്തെ 'ദുയിഷന്റെ പള്ളിക്കൂടം' എന്നാണ് വിളിച്ചിരുന്നത്. ഒരിക്കൽ തന്റെ കുതിരയെ തേടി നടക്കുന്ന ഒരാൾ ഒരു വഴിപോക്കനോട് ചോദിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി,"ചങ്ങാതി, ഈ ചുറ്റുവട്ടത്ത് എവിടെയെങ്കിലും നിങ്ങളെന്റെ കുതിരയെ കാണുകയുണ്ടായോ?" അതിനുള്ള മറുപടി ഇതായിരുന്നു. "ആ ദുയിഷന്റെ പള്ളിക്കൂടം ഭാഗത്ത് കുറെ കുതിരകൾ ഇന്നലെ രാത്രി മേഞ്ഞ് നടക്കുന്നത് കണ്ടു. ചിലപ്പോൾ നിങ്ങളുടെ കുതിരകളും അക്കൂട്ടത്തിലുണ്ടാവാം." മുതിർന്നവരെ

അനുകരിച്ച് കഥയറിയാതെ ഞങ്ങൾ കുട്ടികളും ദുയിഷന്റെ സ്കൂൾ എന്നു പറഞ്ഞുപോന്നു. "വരിൻ, നമുക്ക് ദുയിഷന്റെ പള്ളിക്കൂടത്തിലേക്ക് പോകാം. എന്നിട്ട് അവിടെയുള്ള കുരുവികളെ ഓടിക്കാം," കുട്ടികളാരെങ്കിലും പറയും.

പണ്ട് ഒരു കാലത്ത് അവിടെ, ആ കുന്നിൻ മുകളിൽ ഒരു സ്കൂളുണ്ടായിരുന്നത്രെ. പക്ഷേ, അതിന്റെ ഒരു അടയാളവും ഞാൻ കണ്ടിട്ടില്ല. കെട്ടിടത്തിന്റെ എന്തെങ്കിലും അവശിഷ്ടം കുട്ടിയായിരിക്കെ അവിടെ ഉണ്ടോ എന്നു ഞാൻ പലവട്ടം തപ്പിനോക്കി. പക്ഷേ, ഒന്നും കണ്ടെത്താൻ എനിക്കായില്ല. പിന്നീട് വെറുമൊരു മൊട്ടക്കുന്ന് ദുയിഷന്റെ പള്ളിക്കൂടം എന്നറിയപ്പെടുന്നത് ഒരു അത്ഭുതമായി എനിക്ക് തോന്നി. ഒടുവിൽ ഞാൻ ഗ്രാമത്തിലെ പഴയ ആൾക്കാരോട് അന്വേഷിച്ചു. അവരിലൊരാൾ അശ്രദ്ധമായ മട്ടിൽ ചുമലിളക്കി പറഞ്ഞു. "ഉം, എന്താ? ദുയിഷൻ ഇവിടെയുണ്ടല്ലോ. 'മുടന്തനാട് ഗോത്രത്തിൽ' പെട്ടവൻ. അതൊക്കെ വളരെ മുമ്പാണ്. അന്ന് ദുയിഷൻ കോംസോമൾ* അംഗമായിരുന്നു. അവിടെ പൊളിഞ്ഞുവീഴാറായ ഒരു ഷെഡ്ഡുണ്ടായിരുന്നു, ആ കുന്നിൻ പുറത്ത്. അതിലാണ് ദുയിഷൻ ഒരു പള്ളിക്കൂടം തുടങ്ങിയത്. അയാൾ കുട്ടികളെ പഠിപ്പിച്ചു. അതെയതെ, അയാളതുചെയ്തു. പക്ഷേ അതിന് പള്ളിക്കൂടമെന്നൊക്കെ പറയാമോ ആവോ. അതെ, അങ്ങനെയൊരു വിചിത്രമായ കാലമായിരുന്നു അത്. ഒരു കുതിരയെ കുഞ്ചിരോമത്തിൽ പിടിച്ച് നിർത്തി അതിന്റെ പാദാധരത്തിൽ കാലുറപ്പിക്കുക. അതോടെ നിങ്ങൾ നിങ്ങളുടെ തന്നെ യജമാനനായി- അതായിരുന്നു കാലം. അതാണ് ദുയിഷൻ ചെയ്തതും. അയാൾക്കൊരു കിറുക്കൻ ആശയം തോന്നി. അത് നടപ്പിലാക്കുകയും ചെയ്തു. എന്നാലിപ്പോൾ അവിടെ ഒരു മുറിക്കല്ലുപോലും ആ പള്ളിക്കൂടത്തിന്റേതായി ബാക്കിയില്ല. പക്ഷേ, ആ പേരങ്ങുറച്ചുപോയി. അത് മാത്രമാണിപ്പോൾ ഞങ്ങൾക്കു കിട്ടിയ ഗുണം."

എനിക്ക് ദുയിഷനെ അറിയുമായിരുന്നില്ല. ഉയരംകൂടി, മെലിഞ്ഞ്, നെറ്റിചുളിഞ്ഞ ഒരു വൃദ്ധനായിരുന്നു എന്റെ ഓർമയിലുണ്ടായിരുന്നത്. നദിയുടെ മറുകരയിലായിരുന്നു അദ്ദേഹത്തിന്റെ വീട്. കൂട്ടുകൃഷിക്കളത്തിലെ മിറാബ്- കൃഷിയിടത്തിലേക്ക് വെള്ളം തുറന്നുവിടുകയും അടയ്ക്കുകയും ചെയ്യുന്ന ആൾ- ആയിരുന്നു അ

* മുൻ സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് യുവജന സംഘടന.

ദ്ദേഹം. ഉണർന്നിരിക്കുമ്പോഴൊക്കെയും അദ്ദേഹം കളത്തിലായിരിക്കും. വല്ലപ്പോഴും നിരത്തിലൂടെ പോകുന്നത് കാണാം. അയാളെപ്പോലെതന്നെ മെലിഞ്ഞ ഒരു കുതിരപ്പുറത്ത്, ജീനിയിൽ കെട്ടിയിട്ട ഒരു വലിയ തൂമ്പയുമായി അങ്ങനെ! കുറെ വർഷങ്ങൾക്ക് ശേഷം ദുയിഷൻ ഞങ്ങളുടെ ഗ്രാമത്തിലെ പോസ്റ്റ്മാനായി എന്ന് ആളുകൾ പറയുന്നതും കേട്ടു, അത്രതന്നെ. അക്കാലത്ത് ഒരു കോംസോമൾ മെമ്പറെന്നാൽ ഞാൻ സങ്കല്പിച്ചിരുന്നത് യുവാവും ചടുലഭാഷിയും, സമർത്ഥനായ ഉദ്യോഗസ്ഥനും, സമ്മേളനങ്ങളിൽ തന്റെ മനസ്സിലെ ആശയങ്ങൾ ഭംഗിയായി പ്രസംഗിച്ച് ഫലിപ്പിക്കാൻ കഴിയുന്നവനും, പത്രങ്ങളിൽ കള്ളന്മാരെക്കുറിച്ചും തെമ്മാടികളെക്കുറിച്ചും ലേഖനവും റിപ്പോർട്ടുമൊക്കെ എഴുതുന്നവനുമായ ഒരു വ്യക്തി എന്നായിരുന്നു. മറിച്ച് താടിവളർത്തിയ വൃദ്ധനും വിധേയനുമായ ഒരാൾക്ക് ഒരു കോംസോമൾ അംഗമാകാൻ കഴിയുന്നതിനെക്കുറിച്ച് ഭാവന ചെയ്യാൻ പോലും എനിക്കാവുമായിരുന്നില്ല. അത്ഭുതം അതുമല്ല, സ്വയം എഴുതാനും വായിക്കാനും കാര്യമായൊന്നും കഴിവില്ലാത്ത ഒരാൾ സ്കൂൾ തുടങ്ങി പഠിപ്പിക്കുക എന്നുവച്ചാലോ - എനിക്കതൊട്ടും ഉൾക്കൊള്ളാനായില്ല. വാസ്തവം പറഞ്ഞാൽ ഗ്രാമത്തിൽ പറഞ്ഞു പരത്താറുള്ള അനേകം കെട്ടുകഥകളിൽ ഒന്നു മാത്രമാണിതെന്ന് ഞാനുറപ്പിച്ചു. പക്ഷേ, തെറ്റിയത് എനിക്കായിരുന്നു.

കഴിഞ്ഞ ശരത്ക്കാലത്ത് എന്റെ ഗ്രാമത്തിൽ നിന്നും എനിക്കൊരു ടെലിഗ്രാം കിട്ടി. ഗ്രാമത്തിലെ കൂട്ടുകൃഷിക്കാർ അവരുടേതായ ശ്രമംകൊണ്ട് നിർമിച്ച പുതിയ പള്ളിക്കൂടത്തിന്റെ ഉദ്ഘാടനച്ചടങ്ങിലേക്കുള്ള ഒരു ക്ഷണമായിരുന്നു അത്. പോകണം എന്ന് ഞാൻ അപ്പോൾത്തന്നെ ഉറപ്പിച്ചു. എന്റെ ഗ്രാമത്തിലെ ഇത്രയും പ്രധാനമായ ഒരു ചടങ്ങ് എങ്ങനെ വിട്ടുകളയും? ഞാൻ ഏതാനും ദിവസം മുൻകൂട്ടിത്തന്നെ എത്തിച്ചേർന്നു. എനിക്ക് എന്റെ നാടിൽ ചുറ്റിനടന്ന് കുറെ ചിത്രങ്ങൾ വരയ്ക്കണമെന്നുണ്ടായിരുന്നു. അക്കാദമീഷ്യയായ സുലൈമാനോവയെ ചടങ്ങിന് ക്ഷണിച്ചിട്ടുണ്ടെന്ന് ഞാൻ അറിഞ്ഞു. അവർ ഏതാനും ദിവസം ഗ്രാമത്തിൽ തങ്ങുമെന്നും പിന്നീട് മോസ്കോയിലേക്ക് പോകുമെന്നും അറിഞ്ഞു.

ഈ പ്രശസ്ത വനിത നന്നെ കുട്ടിയായിരിക്കുമ്പോൾ ഞങ്ങളുടെ ഗ്രാമത്തിൽ നിന്നു പോയതാണെന്ന് എനിക്കറിയാമായി

തുടങ്ങി. ഞാനും ഒരു നഗരവാസിയായതിന് ശേഷമാണ് അവരെ കണ്ടത്. മുടിയിൽ ധാരാളമായി നര കയറിത്തുടങ്ങിയ ഒരു മദ്ധ്യവയസ്ക. യൂണിവേഴ്സിറ്റിയിൽ അവർ ഫിലോസഫി ചെയറിന്റെ അദ്ധ്യക്ഷയായിരുന്നു. ഫിലോസഫർ എന്ന നിലയിൽ അക്കാഡമിയിൽ പ്രവർത്തിക്കുകയും ധാരാളം വിദേശപര്യടനം നടത്തുകയും ചെയ്തിരുന്നു. സൈദ്ധാന്തികയായ സുലൈമാനോവ വളരെ തിരക്കുള്ള സ്ത്രീയായിരുന്നതിനാൽ എനിക്കവരെ അടുത്ത് പരിചയപ്പെടാൻ കഴിഞ്ഞില്ല. എങ്കിലും എവിടെവച്ചെങ്കിലും കാണാനിടയായാൽ നിർബന്ധമായും അവർ എന്നോടു ഗ്രാമത്തിലെ വിശേഷങ്ങൾ ചോദിച്ചറിയാനും, എന്റെ പുതിയ ചിത്രങ്ങളെക്കുറിച്ച് ഏതാനും വാക്കുകളെങ്കിലും പറയാനും ശ്രദ്ധിച്ചിരുന്നു. ഒരുദിവസം അവരോട് ഇത്രയും പറയാൻ ഞാൻ ധൈര്യം കാണിച്ചു.

"അൽത്തിനായി സുലൈമാനോവ, നിങ്ങളെന്താണ് നാട്ടിൽ ഇടയ്ക്ക് പോയി താമസിക്കാത്തത്? അവർ നിങ്ങളെച്ചൊല്ലി അഭിമാനം കൊള്ളുന്നു. പക്ഷേ, അവർ നിങ്ങളെക്കുറിച്ച് അറിയുന്നതെല്ലാം കിംവന്തികളിൽ നിന്നാണെന്നുമാത്രം. നിങ്ങൾ ഗ്രാമവാസികളെ അറിയാനാഗ്രഹിക്കുന്നില്ലെന്ന് അവർ പരിഭവിക്കാറുണ്ട്. ജന്മനാടായ കുർകുറോവയിലേക്ക് ഒരിക്കലെങ്കിലും നിങ്ങൾ സന്ദർശനം നടത്താത്തതിനാലാണത്."

"വാസ്തവം. തീർച്ചായായും ഒരുദിവസം ഞാനവിടെ പോകേണ്ടതാണ്." മനസ് തുറന്ന ഒരു ചിരിയോടെ അവർ പറഞ്ഞു. "കുർകുറോവിലേക്ക് പോകുന്നത് വളരെക്കാലമായി എന്റെ സ്വപ്നമാണ്. എത്രയോ കാലമായി ഞാനവിടെ പോയിട്ട്. എനിക്ക് ബന്ധുക്കളായി ആരും അവിടെയില്ലെന്നത് സത്യം തന്നെ. പക്ഷേ, അത് കാര്യമാക്കാനില്ല. വളരെ വേഗംതന്നെ ഞാനവിടെ പോകും. ഞാൻ ശരിക്കും ഗൃഹാതുരയാണിപ്പോൾ...."

ചടങ്ങ് തുടങ്ങാറാവുമ്പോഴേക്കാണ് അവർ എത്തിച്ചേർന്നത്. പുതിയ സ്കൂൾ കെട്ടിടത്തിൽ തടിച്ചുകൂടിയ ജനം അവരെ കണ്ടതും അവരുടെ അടുത്തേക്ക് ഓടിയെത്തി. സുഹൃത്തുക്കളും അപരിചിതരും, വൃദ്ധരും യുവാക്കളും - എല്ലാവർക്കും അവരുടെ കൈപിടിച്ച് കുലുക്കി സ്വാഗതം പറയണം. അൽത്തിനായി അങ്ങനെയൊരു ഊഷ്മളമായ വരവേല്പ് പ്രതീക്ഷിച്ചിരുന്നില്ലെന്നാണ് എനിക്ക് തോന്നിയത്. അവരൊന്ന് അമ്പരന്നുപോയി. അദ്ധ്യക്ഷവേദിയിലേക്ക്, ആൾത്തിരക്കിനിടയിലൂടെ, ഇരുവശത്തേക്കും തല

കുനിച്ചുകൊണ്ട് നെഞ്ചിൽ ചേർത്തുവച്ച കൈകൾ കൂപ്പി അവർ മെല്ലെ നടന്നു.

അൽത്തിനായി അനേകം മീറ്റിങ്ങുകളിലും ആഘോഷങ്ങളിലും പങ്കെടുത്തിട്ടുണ്ടാവും. അവിടെയെല്ലാം വളരെയേറെ ഊഷ്മളമായ സ്വീകരണം അവർക്ക് ലഭിച്ചിട്ടുണ്ടാവും. എന്നാൽ ഇവിടെ, ഈ പള്ളിക്കൂടത്തിൽ, അവർക്ക് ലഭിച്ച സ്വീകരണം അവരുടെ കണ്ണുകളെ ഈറനാക്കുംവിധം ഹൃദയസ്പർശിയായിരുന്നു.

പ്രസംഗങ്ങൾ അവസാനിച്ചപ്പോൾ, സ്കൂളിലെ യങ്പയനിയേഴ്സ് * അവർക്ക് പൂച്ചെണ്ടുകളും ഒരു ചുവപ്പ് യങ്പയനിയർ ടൈയും സമ്മാനിച്ചു. തങ്ങളുടെ സന്ദർശക പുസ്തകത്തിൽ ആദ്യത്തെ വരി കുറിക്കാൻ അവരോട് അപേക്ഷിക്കുകയും ചെയ്തു. തുടർന്നു കുട്ടികളുടെ കലാപ്രകടനങ്ങൾ നടന്നു. തികച്ചും ആകർഷകമായിരുന്നു അത്. അതിനുശേഷം ഹെഡ്മാസ്റ്റർ ഏവരേയും തന്റെ വസതിയിലേക്ക് ക്ഷണിച്ചു.

അതിഥികൾക്കും ആതിഥേയർക്കും അൽത്തിനായിയോട് വേണ്ടത്ര അടുത്ത് ഇടപഴകാൻ സാധിച്ചില്ല. അവർ അവൾക്ക് വളരെയേറെ ആദരവർപ്പിച്ചു. ആഡംബരംപൂർണമായ പരവതാനിവിരിച്ച്, തങ്ങൾ എത്രത്തോളം അവരെ ബഹുമാനിക്കുന്നുവെന്ന് ധരിപ്പിക്കുവാൻ അവർ കിണഞ്ഞു ശ്രമിച്ചു. ഏതൊരാൾക്കൂട്ടത്തിലും പതിവുള്ളതുപോലെ ഇവിടെയും വളരെ ആഹ്ലാദപൂർണവും ശബ്ദായമാനവുമായ അന്തരീക്ഷം തന്നെയായിരുന്നു. എല്ലാവരും സജീവമായി ചർച്ച നടത്തുകയും പാനോപചാരം നിർവഹിക്കുകയും ചെയ്തു.

ഒരു ഗ്രാമീണനായ പയ്യൻ കടന്നുവന്ന് ഏതാനും ടെലിഗ്രാമുകൾ ഗൃഹനാഥനെ ഏല്പിച്ചു. പൂർവ വിദ്യാർത്ഥികൾ കർഷകസംഘത്തെ പുതിയ കെട്ടിടനിർമാണത്തിൽ അഭിനന്ദിച്ചുകൊണ്ട് അയച്ച സന്ദേശങ്ങളായിരുന്നു അവ. ആ സന്ദേശങ്ങൾ എല്ലാവർക്കും വിതരണം ചെയ്യപ്പെട്ടു.

"നമ്മുടെ കിഴവൻ ദുയിഷനാണോ ഈ ടെലിഗ്രാമുകൾ കൊണ്ടുവന്നത്?" ഹെഡ്മാസ്റ്റർ ചോദിച്ചു.

"അതെ. ഈ ചടങ്ങുകൾ അവസാനിക്കും മുൻപ് ഇവിടെ

* മുൻ സോവിയറ്റ് യൂണിയനിലെ ഒരു വിദ്യാർത്ഥി സംഘടന

യെത്തിച്ചേരാൻ വേണ്ടി തന്റെ കുതിരയെ പറപ്പിക്കുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരും ഈ സന്ദേശങ്ങൾ വായിക്കണമല്ലോ. എന്നിട്ടും അല്പം വൈകിപ്പോയി എന്ന വിഷമത്തിൽ അദ്ദേഹം പുറത്ത് നിൽക്കുകയാണ്.''

"അതിന് അയാളെന്തിനാ പുറത്ത് നിൽക്കുന്നത്. അകത്തേക്ക് വരാൻ പറയൂ."

ദുയിഷനെ വിളിച്ചുകൊണ്ടുവരാനായി ആ പയ്യൻ പുറത്തേക്ക് പോയി. എന്റെ തൊട്ടടുത്ത് ഇരിക്കുകയായിരുന്ന അൽത്തിനായി, എന്തോ പെട്ടെന്ന് ഓർമ്മിച്ചതുപോലെ, ഏത് ദുയിഷന്റെ കാര്യമാണ് അവിടെ പറഞ്ഞതെന്ന് എന്നോടു ചോദിച്ചു. അവരുടെ ഭാവവും ശബ്ദവും തികച്ചും അപരിചിതമായതു പോലെ എനിക്ക് തോന്നി.

"അയാൾ പോസ്റ്റ്മാനാണ്. കിഴവൻ ദുയിഷനെ നിങ്ങൾ അറിയുമോ?"

അവർ വെറുതെ തലയൊന്നാട്ടി; മെല്ലെ എഴുന്നേല്ക്കാൻ തുടങ്ങവേ, പുറത്ത് ജനാലയുടെ ഭാഗത്ത് നിന്നും ചടാചടാരവമുയർത്തിക്കൊണ്ട് ആ പയ്യൻ ഓടിവന്ന് ദുയിഷൻ പൊയ്ക്കഴിഞ്ഞു എന്ന വിവരം വിളിച്ചു പറഞ്ഞു.

"അദ്ദേഹം അകത്തേക്ക് വരുന്നില്ല. ഇനിയും ഒരുപാട് കത്തുകൾ എത്തിച്ചുകൊടുക്കാനുണ്ടെന്ന് പറഞ്ഞു."

"അയാൾ പോയി കത്തുകൾ കൊടുക്കട്ടെ. എന്തിനാണ് തടയുന്നത്? അയാൾ പിന്നെ സമയം കിട്ടുമ്പോൾ വന്ന് കിഴവന്മാരോടൊപ്പം ഇരുന്നോളും." തീരെ മയമില്ലാത്ത ശബ്ദത്തിൽ ആരോ വിളിച്ചുപറയുന്നത് കേട്ടു.

"ഓ, നിങ്ങൾക്കറിയില്ല ഞങ്ങളുടെ ദുയിഷനെ. ജോലിയാണയാൾക്ക് പ്രധാനം. തന്റെ പണി തീരാതെ ഒരിടത്തും ഒരു നിമിഷം പോലും അയാൾ നിൽക്കുകയില്ല."

"അതെ, അയാളൊരു അസാധാരണ വ്യക്തിയാണ്. യുദ്ധം ഒടുങ്ങിയപ്പോൾ ഉക്രെയിനിലെ ഒരാശുപത്രിയിൽ നിന്നും അയാൾ പുറത്തു വന്നു. കുറേക്കാലം അവിടെ താമസിച്ചു. ഇവിടെ വന്നിട്ട് നാലഞ്ചു വർഷമേ ആയിട്ടുള്ളു. വീട്ടിൽ കിടന്ന് മരിക്കണമെന്നാണ് അയാൾ പറയുന്നത്. ജീവിതത്തിലിതേവരെ അയാളൊരു വിവാഹം കഴിച്ചിട്ടുമില്ല."

"എങ്കിലും അയാൾ കൂടിയില്ലാത്തത് കഷ്ടമായി. സാരമില്ല, പോകട്ടെ." ആതിഥേയൻ പറഞ്ഞു. "സഹൊക്കളെ, ഒരിക്കൽ നാം ദുയിഷന്റെ പള്ളിക്കൂടത്തിൽ പോയിരുന്നത് നിങ്ങളിൽ പലരെങ്കിലും ഓർക്കുന്നുണ്ടാവും."

ഗ്രാമത്തിലെ ബഹുമാന്യനായ ഒരു വ്യക്തി തന്റെ കണ്ണട ഉയർത്തിക്കൊണ്ട് പറഞ്ഞു. "എന്നാൽ, അയാൾക്ക് എല്ലാ അക്ഷരങ്ങളും അറിയാമായിരുന്നില്ല എന്നെനിക്ക് തീർച്ചയുണ്ട്." മുഖം തമാശമട്ടിൽ വക്രിച്ചുകൊണ്ട് അദ്ദേഹം തലകുലുക്കി. അത്ഭുതവും പരിഹാസവും കൂടിച്ചേർന്നതായിരുന്നു ആ മുഖത്തെ ഭാവം.

"ശരിക്കും വാസ്തവമാണോ?" നിരവധിപേർ ഒന്നിച്ച് ചോദിച്ചു. തുടർന്ന് ഒരു പൊട്ടിച്ചിരി ഉയർന്നു.

"അതെ, വാസ്തവം തന്നെ. അക്കാലത്ത് ദുയിഷൻ എന്തും ചെയ്യുമായിരുന്നു. നമ്മളും മോശമായിരുന്നില്ലല്ലോ - നാം അയാളെ ശരിക്കും ഒരു അദ്ധ്യാപകനായി സ്വീകരിച്ചു."

പൊട്ടിച്ചിരിയൊന്നടങ്ങിയപ്പോൾ അദ്ദേഹം വീണ്ടും തന്റെ കണ്ണടയെടുത്തു. "നമ്മുടെയാളുകൾ ഇന്ന് എവിടെയെത്തിയെന്ന് നോക്കുക. അൽത്തിനായി സുലൈമാനോവ ഇന്ന് രാജ്യമെമ്പാടും അറിയുന്ന ഒരു വിദ്യാഭ്യാസവിചക്ഷണയാണ്. നമ്മളിൽ പലർക്കും സെക്കണ്ടറി വിദ്യാഭ്യാസവും ലഭിച്ചു. ഇന്ന് നാം ഇവിടെ ഒരു സ്കൂൾ തുറന്നതുതന്നെ നമുക്കിടയിൽ വന്ന മാറ്റമാണ് സൂചിപ്പിക്കുന്നത്. നമ്മുടെ കുർകുറോവ് ഗ്രാമത്തിന്റെ മക്കൾ വിദ്യാസമ്പന്നരായി മാറട്ടെ. അതിനായി നമുക്ക് പാനോപചാരം നടത്താം"

പാനോപചാരത്തോടെ പാർട്ടിയിൽ വലിയ ഒച്ചപ്പാടും ആഹ്ലാദശബ്ദങ്ങളും മുഴങ്ങി. അൽത്തിനായി ഒരു കവിൾ വൈൻ മാത്രം കഴിച്ച് അല്പം അലോസരത്തോടെ ഒതുങ്ങിയിരുന്നു. പക്ഷേ ആരും അത് ശ്രദ്ധിച്ചില്ല. എല്ലാവരും വലിയ ഉത്സാഹത്തിൽ സംസാരിക്കുകയും പൊട്ടിച്ചിരിക്കുകയുമായിരുന്നല്ലോ.

അൽത്തിനായി തന്റെ വാച്ചിൽ ഇടയ്ക്കിടെ നോക്കുന്നുണ്ടായിരുന്നു. പിന്നീട്, എല്ലാവരും ശുദ്ധവായു തേടി പുറത്തേക്കിറങ്ങിയപ്പോൾ അവർ തെല്ലകന്നുമാറി, കുന്നിൻ മുകളിൽ ഇളംകാറ്റിൽ ഇലകളിളക്കി രസിച്ചു നിൽക്കുന്ന പോപ്ലാർ മരങ്ങളെ താല്പര്യപൂർവം വീക്ഷിച്ചു നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ആകാശവും പുൽപ്പരപ്പും സന്ധിക്കുന്ന ചുവപ്പ് രേഖയിലേക്ക് അസ്തമനസൂര്യൻ താണിറങ്ങുന്നത് കാണാമായിരുന്നു. അതിന്റെ അരണ്ടവെളിച്ചം പോപ്ലാർ മരങ്ങളുടെ ശിഖരങ്ങളിൽ മുഷിഞ്ഞതും ഇരുണ്ട

ഭാവം നിറഞ്ഞതുമായ ധൂമ്രാഭ പടർത്തി.

ഞാൻ അൽത്തിനായിയെ സമീപിച്ചു. "അവ ഇലപൊഴിച്ചു കൊണ്ടിരിക്കുകാണ്. നിങ്ങൾ വസന്തകാലത്ത് വേണം അവയുടെ ഭംഗി ആസ്വദിക്കാൻ. അപ്പോൾ അവ ഇലകളുടെ സമൃദ്ധിയിലായിരിക്കും."

"ഞാനതിനെക്കുറിച്ചു ചിന്തിക്കുകയായിരുന്നു." എന്നെ നോക്കിക്കൊണ്ട് അവർ ആത്മഗതം പോലെ പറഞ്ഞു. "എല്ലാ ജീവജാലങ്ങൾക്കും അവയുടെ വസന്തവും ശിശിരവും ഉണ്ട്..."

വാർദ്ധക്യം നിഴലിട്ട അവരുടെ മുഖത്ത് ചിന്താഗ്രസ്തവും ദുഃഖനിമഗ്നവുമായ ഒരു ഭാവം പ്രകടമായി. സ്ത്രീസഹജമായ ഒരു തരം വിഷാദത്തോടെ അവർ ആ പോപ്ലാർ മരങ്ങളെ നോക്കുകയായിരുന്നു. വിദ്യാഭ്യാസ വിദഗ്ദ്ധ മറഞ്ഞുപോയി. ഈ നിൽക്കുന്നത് തികച്ചു സാധാരണക്കാരിയും അപരിഷ്കൃതയുമായ ഒരു കിർഘിസ് സ്ത്രീ മാത്രം. ദുഃഖവും ആഹ്ലാദവും ഒരുപോലെ ബാധിക്കുന്ന ഒരു സ്ത്രീ! എത്ര ഉയരമേറിയ പർവതത്തിൽ നിന്ന് വിളിച്ചാലും തിരിച്ചു വരാത്തവയെന്ന് ഞങ്ങളുടെ നാടൻ പാട്ടുകളിൽ വിശേഷിപ്പിക്കാറുള്ള പൊയ്പോയ ബാല്യകാലത്തിന്റെ സ്മരണകളിൽ അവർ സ്വയം നഷ്ടപ്പെട്ടതുപോലെ നിന്നു. പോപ്ലാർ മരങ്ങളിൽത്തന്നെ ദൃഷ്ടിയുറപ്പിച്ച് നിൽക്കുന്ന അവർക്ക് എന്നോടെന്തോ പറയാനുണ്ടെന്ന് എനിക്ക് തോന്നി.

പക്ഷേ, പൊടുന്നനെ മനസ്സ് മാറ്റി, കയ്യിലിരുന്ന കണ്ണട തിടുക്കത്തിൽ മുഖത്തുറപ്പിച്ചുകൊണ്ട് അവർ ചോദിച്ചു: "മോസ്ക്കോ ട്രെയിൻ പതിനൊന്ന് മണിക്കാണിവിടെ എത്തുക, അല്ലേ?"

"അതെ."

"എങ്കിൽ എനിക്ക് സ്റ്റേഷനിലേക്ക് പുറപ്പെടാൻ സമയമായി."

"പക്ഷേ, എന്തുകൊണ്ട് ഇത്രവേഗം?" ഞാൻ ചോദിച്ചു. "ഏതാനും ദിവസം ഇവിടെ താമസിക്കുമെന്ന് നിങ്ങൾ സമ്മതിച്ചിരുന്നതല്ലെ? ഇത്രവേഗം മടങ്ങാൻ ആളുകൾ സമ്മതിക്കുകയില്ല."

"എനിക്ക് മോസ്കോയിൽ ചില അത്യാവശ്യകാര്യങ്ങളുണ്ട്. ഉടനെ പുറപ്പെട്ടേ മതിയാവൂ."

അവരുടെ തീരുമാനം ഉറച്ചതായിരുന്നു. ഒരു നിവേദനം കൊണ്ടും അത് മാറുകയില്ലെന്നും വ്യക്തമായി. നേരം ഇരുളുകയാണ്. നിരാശരായ ഗ്രാമീണർ അവർ കാറിൽ കയറുന്നത് നോ

ക്കിനിന്നു. പിന്നീട് സൗകര്യംപോലെ വരാമെന്നും കുറെദിവസം തുടർച്ചയായി അവിടെ താമസിക്കാമെന്നുമുള്ള അവരുടെ വാഗ്ദാനത്തിൽ അവർ ആശ്വസിച്ചു. ഞാനവരെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

എന്താണ് ഈ തിരക്കിന്റെ കാരണം എന്നു ഞാൻ അത്ഭുതം കൂറി. ഇതുപോലെ പ്രധാനപ്പെട്ട ഒരു ദിവസം തന്റെ ഗ്രാമവാസികളെ വേദനിപ്പിക്കുന്ന അവരുടെ ഈ തീരുമാനം വിഡ്ഢിത്തമായിപ്പോയി. എന്തിനാണങ്ങനെ ചെയ്തതെന്നു ചോദിക്കാൻ ഞാൻ തുനിഞ്ഞതാണ്. പിന്നെ, അതു വേണ്ടെന്നു വച്ചു. അതുകൊണ്ടൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അവരൊരു മറുപടി പറയാനിടയില്ല. അവർ തന്റെ ചിന്തകളിൽ മുഴുകിയിരുന്നതല്ലാതെ സ്റ്റേഷനിലെത്തുവോളം ഒരക്ഷരം പോലും സംസാരിച്ചില്ല.

"എന്തോ നിങ്ങളെ വല്ലാതെ അലോസരപ്പെടുത്തിയെന്ന് ഞാൻ കരുതുന്നു. ഞങ്ങളിലാരെങ്കിലും നിങ്ങളെ വേദനിപ്പിച്ചുവോ? ആരോടെങ്കിലും നിങ്ങൾക്ക് ദേഷ്യമുണ്ടോ?" ഞാനവരോട് ചോദിക്കുകതന്നെ ചെയ്തു.

"അയ്യോ ഇല്ല! ദൈവമേ ഒന്നുമില്ല! എനിക്കാരോടാണ് ദേഷ്യം തോന്നുക. എന്നോടുതന്നെയാവും ചിലപ്പോൾ.... ശരിയാണ് എനിക്ക് എന്നോടുതന്നെ ദേഷ്യം തോന്നേണ്ടതുണ്ട്...." അത്രയും പറഞ്ഞ് അവർ യാത്രയായി.

ഞാൻ പട്ടണത്തിൽ മടങ്ങിയെത്തി ഏതാനും ദിവസം കഴിഞ്ഞ് എനിക്കൊരു കത്ത് കിട്ടിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അത് അവരുടെ കത്തായിരുന്നു. താൻ വിചാരിച്ചതിലും കൂടുതൽ കാലം മോസ്കോയിൽ തങ്ങേണ്ടിവന്നിരിക്കുന്നതായി അൽത്തി എഴുതിയിരുന്നു.

ആ കത്ത് ഇങ്ങനെ തുടർന്നു: "എനിക്കവിടെ, മോസ്കോയിൽ, നിരവധി അത്യാവശ്യകാര്യങ്ങളുണ്ടെങ്കിലും, അതൊക്കെ മാറ്റിവച്ചിട്ട് നിങ്ങൾക്ക് ഈ ദിവസം കത്തെഴുതാൻ തന്നെ ഞാൻ തീരുമാനിച്ചു. എന്റെ ഈ കത്ത് നിങ്ങൾക്ക് ഇഷ്ടപ്പെടുന്നുവെങ്കിൽ ഇത് പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ ഉപദേശം ഞാൻ പ്രതീക്ഷിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ മാത്രമല്ല, നമ്മുടെ യുവതലമുറയുടെ മുഴുവൻ നന്മയ്ക്കായി അത് ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നു. ഇതുമായിട്ടുള്ള എന്റെ കുറ്റസമ്മതമാണിത്. എത്രയേറെ ആളുകൾ ഇത് വായിക്കുന്നുവോ അത്രയേറെ എന്റെ

ദാരിദ്ര്യത്തിനുമപ്പുറം കുറയും: എന്നെ അത് വിഷമിപ്പിക്കുമോ എ
ന്ന ചിന്തയേ വേണ്ടാ. ഒന്നും ഒട്ടും മറച്ച് വയ്ക്കുകയും അരുത്."

ആ കത്ത് വായിച്ചതിനു ശേഷം ദിവസങ്ങളോളം ഞാൻ നി
ഷ്ക്രിയനായിപ്പോയി. അത്രയധികം മനസ്സിനെ ആഴത്തിൽ സ്പർ
ശിക്കുന്ന വികാരങ്ങളാണ് ആ കത്തിലുണ്ടായിരുന്നത്. അൽത്തി
നായിയുടെ വാക്കുകളിൽ ഈ കഥ അവതരിപ്പിക്കുകയാണ് എനി
ക്ക് ചെയ്യാവുന്ന ഏറ്റവും ഉചിതമായ കാര്യമെന്ന് ഞാൻ ഒടുവിൽ
നിശ്ചയിച്ചു.

1924ലാണ് അത് സംഭവിച്ചത്. അതെ ആ വർഷം തന്നെയായിരു
ന്നു.....

ഇന്നത്തെ നമ്മുടെ കൂട്ടുകൃഷിത്തോട്ടം അക്കാലത്ത് പാവ
പ്പെട്ട ഏതാനും കൃഷിക്കാരുടെ ഒരു കൊച്ചുഗ്രാമം മാത്രമായിരു
ന്നു. എനിക്കന്ന് പതിനാലുവയസ്സാണ്. എന്റെ അച്ഛന്റെ സഹോ
ദരന്റെ വീട്ടിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. എന്റെ അമ്മ
യും മരിച്ചു കഴിഞ്ഞിരുന്നു.

ആ വേനൽകാലത്ത്, ധനികരായ ആടു വളർത്തലുകാർ
മലമുകളിലേക്ക് കുടിയേറിയ കാലത്താണ്, പട്ടാളക്കോട്ടു ധരിച്ച ഒ
രപരിചിതൻ ഞങ്ങളുടെ ഗ്രാമത്തിലേക്ക് കടന്നു വന്നത്. അസാ
ധാരണമാംവിധം കറുത്ത ആ കോട്ട് ഇപ്പോഴും എന്റെ ഓർമ്മയി
ലുണ്ട്. മലനിരകൾക്കിടയിൽ അടിച്ച ആപ്പുപോലെയുള്ള ഞങ്ങളു
ടെ ആ ഒഴിഞ്ഞ കൊച്ചുഗ്രാമത്തിൽ, ഒരു പട്ടാളയൂണിഫോറത്തി
ന്റെ പ്രത്യക്ഷപ്പെടൽ വലിയൊരു ഉത്തേജനം തന്നെയായിരുന്നു.

തുടക്കത്തിൽ ആളുകൾ പറഞ്ഞത് അയാളൊരു കമാൻഡ
റാണെന്നും അതുകൊണ്ട് തന്നെ ഗ്രാമത്തിലെ വലിയ ഉദ്യോഗ
സ്ഥനായിരിക്കുമെന്നാണ്. പക്ഷേ, പിന്നീടറിഞ്ഞു, അയാളൊരു
കമാൻഡറൊന്നുമല്ല, തഷ്ത്താൻബക്കിന്റെ മകനാണ്. പണ്ട് വിശ
പ്പടക്കാൻ കഴിയാതെ ഒരു മഞ്ഞുകാലത്ത് റെയിൽവേയിൽ പണി
യെടുക്കാൻപോയ അതേ തഷ്ത്താൻബക്ക് തന്നെ. അയാൾ പി
ന്നെ ഒരിക്കലും മടങ്ങിവന്നില്ല. അയാളുടെ മകനാണത്രെ ദുയി
ഷൻ എന്ന ഈ അപരിചിതൻ. അയാൾ പറഞ്ഞത് ഇവിടെയൊരു
സ്കൂൾ തുറക്കാനും അവിടെ കുട്ടികളെ എഴുതാനും വായിക്കാ
നും പഠിപ്പിക്കാനുമാണ് തന്നെ അയച്ചിരിക്കുന്നതെന്നാണ്.

അക്കാലത്ത് ഞങ്ങളുടെ നാട്ടിൽ സ്കൂളിനെക്കുറിച്ചുള്ളതും
കേട്ടറിവുപോലും ഉണ്ടായിരുന്നില്ല. അത്തരം നവീനാശയങ്ങളെ
ക്കുറിച്ചൊന്നും ആളുകൾ തീരെ ബോധവാന്മാരുമായിരുന്നില്ല. ചി
ലർ കേട്ടത് ശരിയായിരിക്കുമെന്ന് കരുതി. മറ്റുചിലർ അത് കിഴ
വിത്തള്ളമാരുടെ വിടുവാക്കുകളെന്നോണം അവഗണിച്ചു. ദുയി
ഷന്റെ വരവിനു ശേഷം ഒരു പൊതുയോഗം വിളിച്ചു കൂട്ടിയിരുന്നി
ല്ലെങ്കിൽ സ്കൂളിന്റെ കാര്യമൊക്കെ ആളുകൾ മറന്നുകളയുമായി
രുന്നു.

പൊതുയോഗത്തിൽ പങ്കെടുക്കാൻ മടിച്ചുകൊണ്ട് എന്റെ
അമ്മാവൻ മുറുമുറത്തു, "പൊതുയോഗം, കൊള്ളാം. മനുഷ്യൻ
തിരക്ക് പിടിച്ചിരിക്കുമ്പോൾ വെറുതെ ശല്യം ചെയ്യാൻ ഓരോ വി
ഡ്ഢിത്തങ്ങൾ."

പക്ഷേ, ഒടുവിൽ, അദ്ദേഹം നാട്ടുപ്രമാണിയുടെ ഗൗരവ
ത്തിൽ കുതിരപ്പുറത്ത് കയറി യോഗസ്ഥലത്തേക്ക് പോകുകത
ന്നെ ചെയ്തു. അയൽപക്കത്തെ കുട്ടികളുമൊന്നിച്ച് ഞാനും അ
മ്മാവന്റെ പിന്നാലെ ഓടി.

ഞങ്ങൾ കുട്ടികൾ സാധാരണ ഒത്തുചേരാറുള്ള ആ കുന്നി
ൻ മുകളിലേക്ക് ഓടിയണഞ്ഞെത്തിയപ്പോൾ, വിളറിയ മുഖമുള്ള
ആ മനുഷ്യൻ തന്റെ പട്ടാളക്കോട്ടും ധരിച്ച് കുതിരപ്പുറത്തും, കാ
ൽനടയായും എത്തിയവരോട് പ്രസംഗിക്കുന്ന കാഴ്ചയാണ് ഞ
ങ്ങൾ കണ്ടത്. പക്ഷേ, ഞങ്ങൾക്ക് അദ്ദേഹത്തിന്റെ വാക്കുകൾ
കേൾക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് കുറേക്കൂടി അടുത്തേക്ക്
ചെന്നു.

അലക്ഷ്യമായി രോമക്കുപ്പായം ധരിച്ച ഒരു പടുവൃദ്ധൻ പെ
ട്ടെന്ന് ഇടയിൽ കയറി പറഞ്ഞു. "മകനേ, ഞാൻ പറയുന്നത് കേൾ
ക്ക്. പണ്ടൊക്കെ കുട്ടികളെ പഠിപ്പിച്ചിരുന്നത് മൊല്ലാക്കമാരാണ്.
നിന്റെ അച്ഛനെ ഞങ്ങൾക്കെല്ലാം അറിയാം. അയാൾ വെറുമൊരു
തെണ്ടിയായിരുന്നു." വൃദ്ധൻ വളരെ പരുക്കനായി വാക്കുകൾ ഉ
പയോഗിച്ചു. "അതിനാൽ, ഞങ്ങൾക്കറിയേണ്ടത് നീയെങ്ങനെ
ഒരു മൊല്ലാക്കയായെന്നാണ്."

"ഞാനൊരു മൊല്ലാക്കയല്ല, മാന്യരെ, ഞാനൊരു കോം
സോമോൾ അംഗമാണ്." ദുയിഷൻ പൊടുന്നനെ മറുപടി പറ
ഞ്ഞു. "ഇക്കാലത്ത് അദ്ധ്യാപകരാണ്, മൊല്ലാക്കമാരല്ല കുട്ടികളെ
പഠിപ്പിക്കുന്നത്. ഞാൻ എഴുതാനും വായിക്കാനും പഠിച്ചിട്ടുണ്ട്.



പട്ടാളത്തിൽ ചേരും മുൻപ് കുറച്ചു കാലം സ്കൂളിൽ പോയിട്ടുണ്ട്. അതുകൊണ്ട് ഒരു മൊല്ലാക്കയെക്കാൾ മോശമാവില്ല ഞാൻ..."

"കൊള്ളാം. അത് നല്ലത് തന്നെ..." അംഗീകാരത്തിന്റെ ചില ശബ്ദങ്ങൾ ഉയർന്നു.

"നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ എന്നെ അയച്ചിരിക്കുന്നത് കോംസോമോളാണ്. നമുക്കൊരു സ്ഥലം കണ്ടുപിടിക്കണം. ഞാനൊരു സ്കൂൾ തുടങ്ങാൻ ആലോചിക്കുകയാണ്. തീർച്ചയായും നിങ്ങളുടെ സഹായസഹകരണങ്ങൾ അതിനുണ്ടാവണം. ആ കുന്നിൻ മുകളിലെ പഴയ കുതിരലായത്തിലായാലോ? അതൊരു നല്ല ആശയമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?"

ഉടനെ ഒരു മറുപടി പറയാൻ ആളുകൾ തയ്യാറായിരുന്നില്ല. ഈ പുതുമുഖത്തിന്റെ ശരിയായ ഉദ്ദേശം എന്താണെന്ന് അവർക്കിനിയും ബോധ്യമായിരുന്നില്ല. എന്തിനും എതിർപ്പുണ്ടാക്കുന്നതിൽ കുപ്രസിദ്ധിയാർജിച്ച സറ്റ്യങ്കുൽ മൗനം ഭഞ്ജിച്ചു. തനിക്കു ചുറ്റും നടക്കുന്ന സംഭാഷണങ്ങൾ അയാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

മുന്നോട്ട് ആഞ്ഞ് നിന്ന്, ഉദാസീനഭാവത്തിൽ, ഇടയ്ക്കിടെ നീട്ടിത്തുപ്പിക്കൊണ്ട് അയാൾ പറഞ്ഞു. "അത്ര തിരക്ക് കൂട്ടണ്ട, ചെറുപ്പക്കാരാ."

ഒളികണ്ണിട്ട് ദുയിഷനെ നോക്കിക്കൊണ്ട് അയാൾ തുടർന്നു. "താൻ ഇതൊന്നു പറഞ്ഞുതരാമോ? എന്തിനാണ് ഞങ്ങൾക്കൊരു സ്കൂൾ?"

"നിങ്ങൾക്കൊരു സ്കൂൾ എന്തിനാണെന്നോ?" ദുയിഷൻ ആ ചോദ്യം ആവർത്തിച്ചു. അതിനുത്തരം പറയാൻ പറ്റാത്തവിധം അയാൾ മിഴിച്ചു നിൽക്കുകയായിരുന്നു.

"അതെ. അത് തന്നെയാണ് ചോദിച്ചത്. പറ, എന്തിനാണത്?" ആരോ പറഞ്ഞു. പെട്ടെന്ന് എല്ലാവരും ഒച്ചയുണ്ടാക്കാൻ തുടങ്ങി.

"ഓർമയായ കാലം മുതൽ മണ്ണ് ഉഴുതുമറിക്കുകയാണ് നമ്മുടെ ജീവിതം. നമ്മുടെ തൂമ്പയാണ് നമുക്കാഹാരം തരുന്നത്. നമ്മുടെ കുഞ്ഞുങ്ങളും അങ്ങനെ തന്നെ ജീവിച്ചുകൊള്ളും. പിന്നെ എന്ത് കഴുവേറ്റാനാണ് നമ്മെ അവർ പഠിപ്പിക്കാൻ നിശ്ചയിച്ചത്? ഉദ്യോഗസ്ഥന്മാർക്കാണ് പഠിപ്പ് ആവശ്യമുള്ളത്. നമ്മൾ പാവപ്പെട്ട ഗ്രാമീണർ. അതുകൊണ്ട് ദയവ് ചെയ്ത് നിങ്ങൾ [illegible]

ദുരിതത്തിലാക്കരുത്."

ആവേശം മെല്ലെ തണുത്തു.

"നിശ്ചയമായും നിങ്ങളുടെ കുട്ടികളെ സ്കൂളിലയയ്ക്കുന്നത് നിങ്ങൾക്ക് തടയാനാവില്ല." ദുയിഷൻ തന്റെ നേർക്ക് തിരിഞ്ഞ മുഖങ്ങളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞു.

"അതാണ് ഞങ്ങൾ ചെയ്യുന്നതെങ്കിലോ? താനെന്ത്ചെയ്യും? ബലപ്രയോഗം നടത്തുമോ? അക്കാലമൊക്കെ പോയി. ഞങ്ങൾ ഇന്നൊരു സ്വതന്ത്ര ജനതയാണ്. ഞങ്ങൾക്ക് തോന്നിയതുപോലെ ഞങ്ങൾ ജീവിക്കും."

ദുയിഷന്റെ മുഖം വിളറി വെളുത്തുപോയി. വിറയാർന്ന വിരലുകൾകൊണ്ട് തന്റെ കോട്ടിന്റെ കീശയിൽനിന്ന് നാലായി മടക്കിയ ഒരു കടലാസ് അയാൾ പുറത്തെടുത്തു. തിടുക്കത്തിൽ അത് നിവർത്തി തന്റെ തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ചു.

"അപ്പോൾ, സോവിയറ്റ് ഗവൺമെന്റ്, കുട്ടികൾ സ്കൂളിൽ പോയി പഠിക്കണമെന്ന് നിർദ്ദേശിക്കുന്ന, ഈ കടലാസിനെ നിങ്ങൾ മാനിക്കുന്നില്ലേ? നിങ്ങൾക്ക് ഭൂമിയും വെള്ളവും ആരാണ് തന്നത്? ആരാണ് നിങ്ങൾക്ക് സ്വാതന്ത്ര്യം തന്നത്? ശരി, സോവിയറ്റ് സർക്കാരിന്റെ നിയമങ്ങൾക്കെതിരായി ആരാണ് സംസാരിക്കുക. വരൂ മുന്നോട്ടുവന്നു മറുപടി പറയൂ."

'മറുപടി പറയൂ' എന്ന ഭാഗം നിശ്ശബ്ദതയെ കുത്തിക്കീറും വിധം ശക്തമായും, കോപാവേശത്തോടെയുമാണ് അദ്ദേഹം ഉച്ചരിച്ചത്. വെടിയുണ്ടപോലെ ആ വാക്കുകൾ മലനിരകളിൽ തട്ടി പ്രതിധ്വനിച്ചു. ഒരാളും ഒരക്ഷരം സംസാരിച്ചില്ല. കുനിഞ്ഞ ശിരസോടെ ജനം നിശ്ശബ്ദരായി നിന്നു.

"നാം പാവപ്പെട്ട കർഷകരാണ്." ദുയിഷൻ ശാന്തനായി പറഞ്ഞു. "നാം അപമാനിക്കപ്പെട്ടവരും ജീവിതത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരുമാണ്. നാം ഇരുട്ടിലാണ് ജീവിച്ച് പോന്നത്. ഇപ്പോൾ നാം പ്രകാശം കാണണമെന്ന് നമ്മുടെ സോവിയറ്റ് ഗവൺമെന്റ് ആഗ്രഹിക്കുന്നു. നാം എഴുതാനും വായിക്കാനും പഠിക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ കുട്ടികൾ സ്കൂളിൽ പോകണമെന്ന് പറയുന്നത്."

ദുയിഷൻ നിശ്ശബ്ദനായി കാത്തു നിന്നു. രോമക്കുപ്പായക്കാരൻ കിഴവനാണ് ആദ്യം സംസാരിച്ചത്. "ശരി, നിങ്ങൾക്ക് വേണമെങ്കിൽ അവരെ പഠിപ്പിച്ചോളൂ. ഞങ്ങൾക്കിതിൽ കാര്യമൊന്നു

മില്ല."

"പക്ഷേ ഞാനാവശ്യപ്പെടുന്നത് നിങ്ങളുടെ സഹകരണമാണ്. കുന്നിൻമുകളിലെ കുതിരാലയം ഒന്നു നന്നാക്കിയെടുക്കണം. അരുവി കടക്കുന്നതിന് ഒരു പാലമുണ്ടാക്കണം. മഞ്ഞുകാലത്തേക്ക് വിറകു കരുതണം..."

"തിരക്കു കൂട്ടാതെ ചങ്ങാതീ, തിരക്കുകൂട്ടാതെ..." സറ്റ്യങ്കുൽ പരുക്കൻ മട്ടിൽ പറഞ്ഞു. തന്റെ പല്ലുകൾക്കിടയിലൂടെ നീട്ടിത്തുപ്പിക്കൊണ്ട്, ദേഷ്യഭാവത്തിൽ ഒരു കണ്ണടച്ചുകൊണ്ട് ദുയിഷനെ തറച്ചുനോക്കി അയാൾ തുടർന്നു. "ഗ്രാമം മുഴുവൻ കേൾക്കത്തക്കവിധം താൻ അലറി വിളിച്ചല്ലോ, താനൊരു സ്കൂൾ തുടങ്ങാൻ പോകുകയാണെന്ന്. പക്ഷേ, ഞാൻ നോക്കിയിട്ട് ഒരു രോമക്കുപ്പായമോ, ഒരു കുതിരയോ, അല്പം കൃഷിയിടമോ, എന്തിന് ഒരാടുപോലും സ്വന്തമായില്ലാത്ത താൻ എങ്ങനെ ജീവിക്കുമെന്ന് മനസ്സിലാകുന്നില്ല. ഒരു പക്ഷേ, വല്ലതുമൊക്കെ മോഷ്ടിച്ച് കഴിയാമെന്നായിരിക്കും അല്ലേ?"

"ഞാൻ ജീവിക്കും. എനിക്കതിനുള്ള ശമ്പളം ലഭിക്കും."

"ആ, അങ്ങനെവരട്ടെ. ഇപ്പോൾ കാര്യം വ്യക്തമായി."

സറ്റ്യങ്കുൽ വളരെ സന്തുഷ്ടനായി, തന്റെ ജീനിയിൽ നിവർന്നിരുന്ന് ദുയിഷനെ വിജയഭാവത്തിൽ നോക്കി.

"ഇപ്പോൾ എല്ലാം മനസ്സിലായി. ഇനി താനായി തന്റെ പാടായി. ചങ്ങാതി, കിട്ടുന്ന ശമ്പളത്തിന് വേണ്ടി തനിക്ക് കുട്ടികളെ പഠിപ്പിക്കാം. സർക്കാരിന് ധാരാളം പണമുണ്ടല്ലോ. ഞങ്ങളെ ദയവായി ഞങ്ങളുടെ പാട്ടിന് വിട്ടേക്കുക."

ഇതും പറഞ്ഞ് സറ്റ്യങ്കുൽ തന്റെ കുതിരയെ തിരിച്ച് വിട്ടു. മറ്റുള്ളവരും അയാളുടെ പിന്നാലെ പോയി. ദുയിഷൻ നിവർത്തിപ്പിടിച്ച കടലാസുമായി, തനിച്ച് വിഷാദമഗ്നനായി അങ്ങനെ നിന്നു. എനിക്കദ്ദേഹത്തെക്കുറിച്ച് ദുഃഖം തോന്നി. സഹതാപം നിറഞ്ഞ മനസ്സുമായി ഞാനങ്ങനെ മിഴിച്ചു നിന്നു പോയി. അമ്മാവൻ വന്ന് എന്നെ ശാസിച്ചപ്പോഴാണ് ഞാനുണർന്നത്.

"നീയെന്താണിവിടെ ചെയ്യുന്നത്? വികൃതിപ്പെണ്ണേ, നീയെന്താ ഇത്ര കൗതുകത്തോടെ നോക്കുന്നത്? പോടി വീട്ടിൽ..."

ഞാൻ മറ്റു കുട്ടികൾക്കൊപ്പം ഓടി.

"കൊച്ചുകുട്ടികൾ പൊതുയോഗത്തിന് വരുന്നു! ഇനി അടുത്തതെന്താണാവോ..." അമ്മാവൻ മുറുമുറുക്കുന്നത് കേട്ടു.

പിറ്റേന്ന് പ്രഭാതത്തിൽ ഞങ്ങൾ പെൺകുട്ടികൾ അരുവിയിൽനിന്നു വെള്ളം കൊണ്ടുവരാൻ ചെന്നപ്പോൾ ദുയിഷൻ വളരെ ക്ലേശിച്ച് അരുവി നീന്തിക്കടക്കുന്നത് കണ്ടു. അദ്ദേഹം, ഒരു തൂമ്പയും, കോടാലിയും ഷവലും പഴയൊരു ബക്കറ്റും വഹിച്ചിരുന്നു.

പിന്നെയുള്ള എല്ലാ പ്രഭാതങ്ങളിലും കുന്നിൻ മുകളിലെ പൊളിഞ്ഞ് നിലംപൊത്താറായ കുതിരലായത്തെ ലക്ഷ്യമാക്കി നീങ്ങുന്ന ഏകാന്തപഥികനായ ആ ദുയിഷനെ ഗ്രാമവാസികൾ കണ്ടിരുന്നു. സന്ധ്യയാകാതെ അദ്ദേഹം മടങ്ങിവരുന്നത് കാണാൻ കഴിയില്ല. ചിലപ്പോൾ വലിയൊരുകെട്ട് ഉണങ്ങിയ മുൾച്ചെടികളും ചുമന്നുകൊണ്ട് വരുന്നത് കാണാം. ചിലപ്പോൾ വയ്ക്കോലായിരിക്കും. അകലെ നിന്ന് അയാളെ കാണുമ്പോൾ ചിലർ കുതിരയുടെ പാദാധാരത്തിൽ ചവുട്ടി ഉയർന്ന് നോക്കുകയും, കണ്ണുകൾക്ക് മീതെ കൈപ്പത്തിചേർത്ത് ഉറ്റു നോക്കുകയും തമ്മിൽ തമ്മിൽ അഭിപ്രായം പറയുകയും ചെയ്യാറുണ്ട്.

"ചങ്ങാതി, അത് നമ്മുടെ ദുയിഷൻ ടീച്ചർ തന്നെയല്ലേ, മുതുകത്ത് വലിയൊരു കച്ചിക്കെട്ടുമായി പോകുന്നത്."

"അതെ. അയാൾ തന്നെ."

"പാവം മനുഷ്യൻ. ഒരധ്യാപകന്റെ ജോലി അത്ര എളുപ്പമുള്ളതൊന്നുമല്ല അല്ലേ."

"പിന്നെന്താ വിചാരിച്ചത്? അയാളുടെ പുറത്തുള്ള ഭാരമൊന്ന് നോക്കൂ, വേലക്കാരിപ്പെണ്ണുങ്ങളെക്കാൾ ഒട്ടും മെച്ചമല്ല പാവം."

"പക്ഷേ അയാൾ പറയുന്നത് കേട്ടാലോ അയാളെത്ര വലിയവനും ശ്രേഷ്ഠനുമാണ്!"

"അതിന് കാരണം അയാളുടെ പക്കലുള്ള ആ കടലാസ് മാത്രമാണ്. അതിൽ അധികാരത്തിന്റെ മുദ്രയുണ്ടല്ലോ."

ഒരുനാൾ ഓരോ ചാക്ക് നിറയെ ചാണകവുമായി വരികയായിരുന്നു ഞാനും കൂട്ടുകാരികളും. മലനിരകൾക്ക് താഴെ, ഗ്രാമത്തിന്റെ പിൻഭാഗത്ത് നിന്നാണ് സാധാരണ ഞങ്ങളത് ശേഖരിക്കാറുള്ളത്. ഇന്ധനമെന്ന നിലയ്ക്ക് ചാണകം ഞങ്ങൾ സാധാരണയായി ഉപയോഗിക്കുന്നു. കുതിരലായത്തിൽ ടീച്ചർ എന്താണ് ചെയ്യുന്നതെന്ന് പോയി നോക്കാൻ ഞങ്ങൾ അന്ന് തീരുമാനിച്ചു. ആ മൺകെട്ടിടം പണ്ട് ജന്മിയുടേതായിരുന്നു. അയാളുടെ കുതിരകളെ കെട്ടിയിരുന്ന ലായമായിരുന്നു അത്. പിന്നീട് സോവിയറ്റ് സർക്കാർ വന്നപ്പോൾ ജന്മിത്വമൊക്കെ നഷ്ടമായി.

അയാളുടെ സ്വത്തുക്കളും കണ്ടുകെട്ടി. പിന്നെ ആരും അങ്ങോട്ടെങ്ങും പോകാറില്ല. അവിടമാകെ കാടും പടലും പിടിച്ച് കിടന്നു. എന്നാലിപ്പോഴാ കാടും പടലുമൊക്കെ വെട്ടിത്തെളിച്ച് വൃത്തിയാക്കിയിരിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ് മഴമൂലം നശിക്കാറായിരുന്ന ചുവരുകൾ മണ്ണ് കുഴച്ച് തേച്ച് ബലപ്പെടുത്തിയിരിക്കുന്നു. ഒറ്റ വിജാഗിരിയിൽ തൂങ്ങി ആടിയിരുന്ന വാതിൽ ഭംഗിയായി ഉറപ്പിച്ചിരിക്കുന്നു.

ഞങ്ങൾ ചാണകച്ചാക്കുകൾ തറയിൽ വച്ച് അല്പം വിശ്രമിക്കാൻ തീരുമാനിച്ചു. അപ്പോഴാണ് ദുയിഷൻ പുറത്തേക്ക് വന്നത്, ദേഹം മുഴുവൻ ചെളിയിൽ കുളിച്ച്. ദുയിഷൻ ഞങ്ങളെക്കണ്ട് ആദ്യം ഒന്നമ്പരന്നു. പിന്നെ ഞങ്ങളെ നോക്കി പുഞ്ചിരിച്ചു.

"കുട്ടികളെ ,നിങ്ങൾ എവിടെപ്പോയിട്ടു വരുന്നു?" മുഖത്തെ വിയർപ്പ് വടിച്ച് നീക്കിക്കൊണ്ട് അദ്ദേഹം ചോദിച്ചു. ഞങ്ങൾ ഞങ്ങളുടെ ചാണകച്ചാക്കുകൾക്കു സമീപം കുത്തിയിരിക്കുകയായിരുന്നു. നാണം കൊണ്ടാണ് ഞങ്ങൾ വാതുറക്കാൻ മടിക്കുന്നതെന്ന് മനസ്സിലാക്കിയ ദുയിഷൻ ഞങ്ങളുടെ നാണംമാറ്റാനായി വളരെ സൗഹാർദപൂർവം കണ്ണുചിമ്മി പുഞ്ചിരിച്ചു.

"ആ ചാക്കുകൾ നിങ്ങളെക്കാൾ വലിയവയാണല്ലോ." അദ്ദേഹം പറഞ്ഞു.

"നിങ്ങളെല്ലാവരും വന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കാരണം, എന്തായാലും ഇത് നിങ്ങളുടെ സ്കൂൾ തന്നെയാണല്ലോ. ഇത് മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. മഞ്ഞുകാലത്തേക്കുള്ള അടുപ്പും മറ്റും തയ്യാറായി. അതാ ചിമ്മിനി കണ്ടില്ലേ? ഇനിയെനിക്ക് ചെയ്യാനുള്ളത് തണുപ്പുകാലത്തേക്കുള്ള ഇന്ധനം ശേഖരിക്കുക മാത്രമാണ്. പക്ഷേ അത് സാരമില്ല. ഇവിടെ ധാരാളം മുൾച്ചെടികൾ വളർന്നു നിൽക്കുന്നുണ്ടല്ലോ. തറയിൽ നമ്മൾ ധാരാളം വയ്ക്കോൽ വിരിക്കും. അതിലിരുന്നാണ് നിങ്ങൾ പാഠം പഠിക്കുക. നിങ്ങൾക്ക് സ്കൂളിൽ വരാൻ ഇഷ്ടമല്ലേ?"

എല്ലാവരിലും മുതിർന്നവൾ ഞാനാണല്ലോ. അതുകൊണ്ട് മറുപടി പറയേണ്ടത് എന്റെ ചുമതലയാണെന്നു ഞാൻ കരുതി.

"എന്റെ അമ്മായി അനുവദിക്കുമെങ്കിൽ ഞാൻ വരും."

"എന്തുകൊണ്ട് അവർ അനുവദിക്കില്ല, തീർച്ചയായും അനുവദിക്കും. എന്താ കുട്ടിയുടെ പേര്?

"അൽത്തിനായി."

"അൽത്തിനായി, നല്ലപേര്! നീയൊരു നല്ല കുട്ടിയുമാണ്, അല്ലേ?'' അദ്ദേഹം ചിരിച്ചു. ആ ചിരി എന്റെ ഹൃദയത്തിൽ സ്നേഹോഷ്മളത പടർത്തി.

"നിന്റെ അച്ഛനാരാണ്?"

ഞാൻ നിശ്ശബ്ദയായി. ഞാനൊരു അനാഥയാണെന്ന് സമ്മതിക്കാൻ എനിക്കു മടിയുണ്ടായിരുന്നു. എന്നോട് ആരും അതിന്റെ പേരിൽ സഹതപിക്കുന്നതും എനിക്ക് ഇഷ്ടമല്ലായിരുന്നു.

"അവൾ അനാഥയാണ്." മറ്റൊരു പെൺകുട്ടി പറഞ്ഞു. "അവൾ അവളുടെ അമ്മാവന്റെയൊപ്പമാണ് താമസിക്കുന്നത്."

"ശരി, അൽത്തിനായി, നീ സ്കൂളിൽ വരണം ഒപ്പം നിന്റെ കൂട്ടുകാരികളെയും കൊണ്ടുവരണം. സമ്മതിച്ചോ?"

അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു.

"സമ്മതിച്ചു, അമ്മാവാ."

"എന്നെ ടീച്ചർ എന്നു വിളിച്ചോളൂ. നിങ്ങൾ അകത്ത് വന്ന് എല്ലാം കാണുന്നോ? വന്നോളൂ മടിക്കണ്ട."

"വേണ്ട. ഒരുപാട് നേരമായി. ഞങ്ങൾ പോകുകയാണ്."

അകത്തേക്കു കയറാൻ ഭയന്നതുകൊണ്ടാണ് ഞങ്ങൾ അങ്ങനെ പറഞ്ഞത്.

"ശരി. എങ്കിൽ ഓടിക്കോളിൻ... നിങ്ങൾക്ക് പഠനം തുടങ്ങുമ്പോൾ എല്ലാം കാണാമല്ലോ. ഇരുട്ടാകും മുൻപ് ഞാനും പോയി ഒരു കെട്ട് പുല്ലുകൂടി സമ്പാദിക്കട്ടെ."

ദുയിഷൻ കുറച്ച് കയറും ഒരരിവാളും കയ്യിലെടുത്ത് നടന്നു. ഞങ്ങളും എഴുന്നേറ്റ് ചാക്കുകൾ മുതുകത്തേറ്റി ഗ്രാമത്തിലേക്ക് തിരക്കിട്ടു നടന്നു. പൊടുന്നനെ എനിക്കൊരു ആശയം തോന്നി.

"നിൽക്കൂ ചങ്ങാതിമാരെ, നമുക്ക് നമ്മുടെ ചാക്കുകൾ സ്കൂൾ മുറ്റത്ത് കുടഞ്ഞിടാം. മഞ്ഞുകാലത്തേക്ക് അത്രയും കൂടി ഇന്ധനം ആകുമല്ലോ..."

"എന്നിട്ട് കാലിച്ചാക്കുമായി വീട്ടിലേക്ക് പോകാമെന്നോ? മിടുക്കിതന്നെ നീ, അല്ലേ?"

"നമുക്ക് വീണ്ടും പോയി ചാണകം ശേഖരിക്കാമല്ലോ."

"വേണ്ട. വൈകി ചെന്നാൽ അമ്മയെന്നെ ശകാരിക്കും."

എനിക്ക് വേണ്ടി കാത്ത് നിൽക്കാതെ അവരെല്ലാവരും വീടുകളിലേക്ക് ഓടി... അന്നങ്ങനെ ചെയ്തത് എന്തുകൊണ്ടായിരുന്നു എന്ന് ഇന്നും എനിക്ക് വ്യക്തമായിട്ടില്ല. ചിലപ്പോൾ വ്യത്യസ്തയാകാനുള്ള നിർബന്ധബുദ്ധി ആയിരുന്നിരിക്കാം. അപ്പോൾത്തന്നെ എതിർക്കാനുള്ള അനിയന്ത്രിതമായ ത്വരയായിരിക്കാം. ജന്മനാതന്നെ തൊട്ടനുഭവിക്കുന്ന അവഗണനയും ശകാരങ്ങളും പരിഭവിപ്പിക്കപ്പെട്ട സ്വപ്നങ്ങളും മോഹങ്ങളും എന്നെ എതിർക്കാൻ പ്രേരിപ്പിച്ചിരുന്നിരിക്കാം. അതുമല്ലെങ്കിൽ ആ നല്ല മനുഷ്യനെ ബോധിപ്പിക്കാനുള്ള ആഗ്രഹമായിരിക്കാം. എന്നോട് അത്രയും സ്നേഹം പൂർവം പെരുമാറുകയും, എന്നെ പരിഗണിക്കുകയും, കുറച്ചു നല്ല വാക്കുകളെങ്കിലും എന്നോടു സംസാരിക്കുകയും ചെയ്തല്ലോ ആ മനുഷ്യൻ. ഇന്ന് എനിക്കൊട്ടും സംശയമില്ലാതെ പറയാൻ കഴിയും - അതായിരുന്നു സന്തോഷംകൊണ്ടും സഹനങ്ങൾകൊണ്ടും എന്റെ ജീവിതം സഫലവും സജീവവുമാക്കിയ ആദ്യാവസരം. അതായിരുന്നു ജീവിതത്തിലാദ്യമായി എന്റെ സ്വന്തം തീരുമാനപ്രകാരം ഞാനെന്തെങ്കിലും ചെയ്ത അവസരം. സംശയം കൂടാതെ, ശിക്ഷയെക്കുറിച്ച് തീരെ ഭയപ്പെടാതെ, ശരിയെന്ന് എനിക്ക് തോന്നിയത് ചെയ്തു. എന്റെ സുഹൃത്തുക്കളാൽ ഒറ്റപ്പെടുത്തപ്പെട്ട ഞാൻ ദുയിഷന്റെ സ്കൂളിലേക്ക് ഓടി. വാതിലിനരികിലായി ചാണകം കുടഞ്ഞിട്ടു. എന്നിട്ട് കഴിയുന്നത്ര വേഗത്തിൽ മലയിടുക്കുകളിലൂടെയും കാട്ടുപാതകളിലൂടെയും വീണ്ടും ചാണകം ശേഖരിക്കാനായി ഓടി.

ചിറകുമുളച്ചതുപോലെ, ഒന്നും ശ്രദ്ധിക്കാതെ ഞാനോടി. എന്റെ ഹൃദയം സന്തോഷംകൊണ്ടു തുടിക്കുകയായിരുന്നു അപ്പോൾ. ഞാനെന്തോ മഹത്തായ ഒരു കാര്യം നിർവഹിച്ചുവെന്ന സന്തോഷം. ഞാനെന്തുകൊണ്ടാണ് ഇത്രയധികം സന്തോഷിക്കുന്നതെന്ന് സൂര്യനുപോലും മനസ്സിലായി. ഉവ്വ്, ഞാൻ കരുതുന്നത് അത്രയേറെ ഹൃദയലാഘവത്വത്തോടെ ഞാനോടുന്നത് ഒരു നല്ല കാര്യം ചെയ്തതുകൊണ്ടാണെന്ന് സൂര്യന് മനസ്സിലായിട്ടുണ്ടെന്നു തന്നെയാണ്. സൂര്യൻ കുന്നിൻ മുകളിൽ അസ്തമിക്കുകയായിരുന്നു, പക്ഷേ, എന്നെ കണ്ടുകൊണ്ടിരിക്കാൻ ആഗ്രഹിച്ചതുകൊണ്ട് അതിന് അസ്തമിക്കാൻ താല്പര്യമുണ്ടായിരുന്നില്ലെന്ന് ഞാൻ വിചാരിച്ചു. അതെന്റെ വഴി സുന്ദരമായ നിറച്ചാർത്തുകൊണ്ട് മനോഹരമാക്കി. ഉണങ്ങിയ, മഞ്ഞച്ച പുല്ലുകളിലും ഇലകളിലും കടും ചുവപ്പും, ഊതനിറവും, റോസ് നിറവും പകർന്നു. ഉണങ്ങിയ തൂവൽപ്പുല്ലുകളുടെ തുഞ്ചങ്ങൾ. ഒരു ദീപത്തിന്റെ പ്രഭാപൂരത്തിലെന്നപോലെ മിന്നിത്തിളങ്ങി. എന്റെ ഉടുപ്പിലെ [illegible]

ക്കുകൾ സൂര്യപ്ര കാശമേറ്റ് തിളങ്ങി. ഭൂമിയോടും ആകാശത്തോടും കാറ്റിനോടും വിജയാഹ്ലാദം പങ്കിടുന്ന ഹൃദയത്തോടെ ഞാൻ ഓടുകയായിരു ന്നു.

"എന്നെ നോക്കൂ, ഞാനെത്ര അഭിമാനിക്കുന്നുവെന്ന് നോക്കൂ. ഞാൻ പഠിക്കാൻ പോകുന്നു. ഞാൻ സ്കൂളിൽ പോകും. മറ്റുള്ളവരെയും കൊണ്ടുപോകും."

എത്രദൂരം ഞാൻ ഓടിയെന്ന് എനിക്കറിയില്ല. പൊടുന്നനെ ഞാൻ ഭൂമിയിലെത്തി, ഒരു കുലുക്കത്തോടെ. ചാണകം! അതായിരുന്നു ഏറ്റവും അത്ഭുതകരമായ കാര്യം. ധാരാളം പശുക്കൾ ഇവിടെ മേഞ്ഞു നടക്കുന്നതാണ്. എപ്പോഴും അവിടെ ആവശ്യം പോലെ ഉണങ്ങിയ ചാണകവും ഉണ്ടായിരുന്നു. പക്ഷേ ഇപ്പോളിതാ എല്ലാം മാഞ്ഞു പോയിരിക്കുന്നു. ഒരു പക്ഷേ ഞാൻ ശരിക്കും നോക്കാഞ്ഞിട്ടാവും. ഞാനെത്രകൂടുതൽ നോക്കിയോ അത്ര കുറച്ചേ എനിക്ക് കാണാൻ കഴിഞ്ഞുള്ളു.

ഇങ്ങനെപോയാൽ ഇരുട്ടും മുൻപ് എന്റെ ചാക്ക് നിറയുന്ന ലക്ഷണമില്ല. ഞാൻ പായുന്നതിനിടയിൽ ഭീതിയോടെ ഓർത്തു. അപ്പോഴും എന്റെ ചാക്ക് പകുതിപോലും നിറഞ്ഞിരുന്നില്ല. ഇതിനിടെ അസ്തമയസൂര്യന്റെ പ്രകാശവും മങ്ങി. മലയിടുക്കുകളിൽ ഇരുട്ട് പരന്നു.

ഇതിനു മുൻപൊരിക്കലും ഒറ്റയ്ക്ക് ഇത്രയധികം വൈകുവോളം ഞാൻ വീടിനുപുറത്ത് നിന്നിട്ടില്ല. നിശ്ശബ്ദവും നിർജനവുമായ കുന്നുകളിൽ ഇരുളിന്റെ ചിറക് വിടർത്തി രാത്രി പടർന്നു. ആകെ ഭയന്നുപോയ ഞാൻ ചാക്കും തോളിലേറ്റി ഗ്രാമത്തിലേക്ക് പറക്കുകയായിരുന്നു. ഏറെ വിചിത്രമായി തോന്നിയത്. ഉറക്കെ കരയണമെന്നുണ്ടായിരുന്നിട്ടും ദുയിഷനെക്കുറിച്ചുള്ള ചിന്ത എന്റെ കരച്ചിലിനെ സ്തംഭിപ്പിച്ചു കളഞ്ഞു എന്നതാണ്. എന്തൊക്കെ രൗദ്രതകളാണ് എന്നെ പിൻതുടരുന്നതെന്ന് തിരിഞ്ഞുനോക്കാതെ ഓടിക്കൊണ്ട് ഞാനെന്നെ സ്വയം നിയന്ത്രിച്ചു.

വിയർപ്പിലും, പൊടിയിലും അഭിഷേകം ചെയ്ത്, ശ്വാസം കഴിക്കാൻ വിഷമിച്ചുകൊണ്ട് ഞാൻ വീട്ടിലെത്തി, കിതച്ചുകൊണ്ട്, ഇടറുന്ന കാലുകളോടെ ഞാൻ വീട്ടിനുള്ളിലേക്ക് കടന്നു. തീ കായുകൊണ്ടിരുന്ന എന്റെ അമ്മായി എഴുന്നേറ്റ് എന്റെ നേരെ വീർപ്പിച്ചുകെട്ടിയ മുഖവുമായി പാഞ്ഞുവന്നു. അവരൊരു വ്യത്തികെട്ട ക്രൂരഹൃദയയായിരുന്നു.

"എന്താടീ, ഇത്ര വൈകിയത്?" അവർ ചോദിച്ചു. എന്നിട്ട് എനിക്കെന്തെങ്കിലും പറയാൻ കഴിയും മുൻപ് എന്റെ കയ്യിൽ നിന്നും ചാക്ക് വാങ്ങി വലിച്ചെറിഞ്ഞു. "ദിവസം മുഴുവൻ തെണ്ടിയിട്ട് ഇതാണോ നിനക്ക് കിട്ടിയത്?"

എന്റെ കൂട്ടുകാർ ഏഷണികൂട്ടിയിരുന്നെന്ന് പിന്നീട് ഞാനറിഞ്ഞു. "എടീ മോന്ത കറുത്ത, മൂധേവി, നിനക്കാ സ്ക്കൂളിലെന്താടി കാര്യം? എങ്കിൽ നിനക്ക് അവിടെ പോയിക്കിടന്ന് ചത്ത് തുലഞ്ഞു കൂടെ?"

അവരെന്റെ ചെവി പിടിച്ച് തിരിച്ചിട്ട് തലയിൽ പലതവണ ഇടിച്ചു. "വൃത്തികെട്ട തേവിടിശ്ശീ, ഇല്ല ഒരിക്കലും ഒരു ചെന്നായ്ക്കുട്ടി ഒരു വീട്ട് നായാവില്ല. മറ്റു കുട്ടികൾ അവരരുടെ വീട്ടിൽ ആവുന്ന സഹായം ചെയ്യുന്നു. നീയോ, ഇല്ല, ഒരിക്കലും ചെയ്യില്ല. നിന്നെ ഞാൻ സ്ക്കൂളിലേക്ക് ഓടാൻ പഠിപ്പിക്കാം. ഇനി ആ പ്രദേശത്തെങ്ങാനും പോയെന്നറിഞ്ഞാൽ നിന്റെ കാല് ഞാൻ തല്ലിയൊടിക്കും. സ്ക്കൂളിനെപ്പറ്റി എക്കാലവും ഓർമിക്കാൻ പറ്റിയതെന്തെങ്കിലും ഞാൻ തരും."

ഞാനൊന്നും പറഞ്ഞില്ല. കരയാതിരിക്കാൻ ശ്രമിക്കുകയായിരുന്നു ഞാൻ. കുറേക്കഴിഞ്ഞ് ഞാൻ തീയുടെ മുന്നിൽ കുത്തിയിരുന്നു ശബ്ദമില്ലാതെ കരഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ എന്റെ സങ്കടം അറിയാൻ കഴിവുള്ള ചാരപ്പൂച്ച എന്നെ സമാധാനിപ്പിക്കാൻ എന്റെ മടിയിലേക്ക് ഇഴഞ്ഞ് കയറി. ഞാനതിനെ തലോടിക്കൊണ്ടിരുന്നു. ഞാൻ കരഞ്ഞത് അമ്മായി എന്നെ തല്ലിയതു കൊണ്ടായിരുന്നില്ല. അത് നിത്യസംഭവമായിരുന്നു. പക്ഷേ, അവരെന്നെ സ്ക്കൂളിലേക്ക് അയയ്ക്കുകയില്ല എന്ന സത്യമാണ് എന്നെ കരയിച്ചത്.

രണ്ട് ദിവസത്തിനുശേഷം, പ്രഭാതത്തിൽ ചുറ്റുപാടുമുള്ള പട്ടികൾ കുരയ്ക്കുന്നതും, ആളുകൾ ഉറക്കെ സംസാരിക്കുന്നതും കേട്ടു. ദുയിഷൻ ഓരോ വീട്ടിലുംചെന്ന് കുട്ടികളെ തന്നോടൊപ്പം കൂട്ടി സ്ക്കൂളിലേക്ക് കൊണ്ടുപോകുന്നതിന്റെ ഘോഷമായിരുന്നു അത്. ഞങ്ങളുടെ ഗ്രാമത്തിൽ അന്ന് റോഡുകളൊന്നും ഉണ്ടായിരുന്നില്ല. കുറെ മൺകുടിലുകൾ അവിടവിടെയായി ചിതറി കിടന്നിരുന്നു. ഓരോരുത്തനും തോന്നുന്ന സ്ഥലത്ത് വീടുണ്ടാക്കും. അതുകൊണ്ട് ഒരു നിരയോ ക്രമമോ ഇല്ല. ദുയിഷൻ ഒരുപറ്റം കുട്ടികളുടെ അകമ്പടിയോടെ ഒരു വീട്ടിൽനിന്ന് അടുത്ത വീട്ടിലേക്ക്

നീങ്ങി.

ഒടുവിലത്തേതായിരുന്നു ഞങ്ങളുടെ വീട്. ഞാനും അമ്മായിയുംകൂടി മരഉരലിൽ ചോളം പൊടിക്കുകയായിരുന്നു. അമ്മാവൻ ഒരു പത്തായത്തിൽ സൂക്ഷിച്ചിരുന്ന ഗോതമ്പ് ചന്തയിൽ കൊണ്ടുപോകാനായി വാരിയെടുക്കുകയായിരുന്നു. ഞങ്ങൾ, ശരിയായ കൊല്ലന്മാരെപ്പോലെ, ഉലക്കകൾ കൃത്യമായി ഉരലിലേക്ക് ഇട്ടുകൊണ്ടിരുന്നു. അതിനിടയിലും ഞാൻ ഏറുകണ്ണിട്ടു ദുയിഷന്റെ നീക്കം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടെ വീട്ടിലേക്ക് അദ്ദേഹം വരാതിരിക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. എന്നെ അമ്മായിസ്ക്കൂളിലേക്ക് അയയ്ക്കുകയില്ലെന്ന് അറിയാമെങ്കിലും ദുയിഷൻ എന്റെ വാസസ്ഥലം കാണണമെന്ന് ഞാനാഗ്രഹിച്ചു. ഞങ്ങളുടെ അടുത്തെത്തുംമുമ്പ് അദ്ദേഹത്തിന് മടങ്ങിപ്പോകാൻ തോന്നരുതേ എന്ന് ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു.

"ഗുഡ്മോണിങ്, നിങ്ങളുടെ ജോലിയിൽ ദൈവം നിങ്ങൾക്ക് തുണയായിരിക്കട്ടെ. ഇനി ദൈവം സഹായിക്കുന്നില്ലെങ്കിൽ ഞങ്ങളുണ്ട് സഹായിക്കാൻ. നോക്കൂ, ഞങ്ങൾ എത്ര പേരുണ്ടെന്ന്."നേരമ്പോക്ക് കലർന്ന രീതിയിൽ ദുയിഷൻ അമ്മായിയോട് സംസാരിച്ചു. അവർ വളരെ താഴ്ന്ന, അവ്യക്തമായ ഒരു ശബ്ദം പുറപ്പെടുവിച്ചതല്ലാതെ ആ അദ്ധ്യാപകനെ ഒന്നു നോക്കുക പോലും ചെയ്തില്ല.

ഈ മോശമായ സ്വീകരണംകണ്ട് ദുയിഷന് മനം മടുത്തതൊന്നുമില്ല. മുറ്റത്ത് കിടന്നിരുന്ന ഒരു ഉരുളൻ തടിയിലിരുന്നുകൊണ്ട് അദ്ദേഹം കടലാസും പെൻസിലും എടുത്തു.

"ഞങ്ങൾ ഇന്ന് സ്ക്കൂൾ ആരംഭിക്കുകയാണ്.

നിങ്ങളുടെ മകൾക്ക് എത്ര വയസ്സായി?"

അമ്മായി ഒരക്ഷരം മറുപടി പറഞ്ഞില്ല. പ്രകടമായ ദേഷ്യത്തോടെ കൂടുതൽ ശക്തിയായി ചോളം ഇടിച്ചുകൊണ്ടിരുന്നു അവർ. തീർച്ചയായും അവർ അദ്ദേഹത്തോട് സംസാരിക്കുകയില്ല. ഞാനാകെ ഞെളിപിരികൊണ്ടു. ഇനിയെന്താണ് സംഭവിക്കുക! ദുയിഷൻ എന്നെ നോക്കി പുഞ്ചിരിച്ചു. വീണ്ടും എന്റെ ഹൃദയം ഊഷ്മളമായി.

"ദർത്തിനായി, നിനക്കെത്ര വയസ്സായി?"

മറുപടി പറയാൻ എനിക്ക് ധൈര്യമുണ്ടായില്ല.

"അത് താനെന്തിന്, അറിയണം? താനാരാ അത് ചോദിക്കാ



ൻ?" എന്റെ അമ്മായി കാർക്കശ്യത്തോടെ ചോദിച്ചു. "അവൾക്ക് സ്ക്കൂളിൽ വരാനൊന്നും സമയമില്ല. സ്വന്തം മാതാപിതാക്കളോടൊപ്പം വളരുന്ന കുട്ടികൾ— ഇവളെപ്പോലുള്ള തേവിടിശ്ശികളല്ല— പോലും എഴുതാനും വായിക്കാനും പഠിക്കുന്നില്ല. തനിക്കൊരു കൂട്ടം കുട്ടികളെ ഇപ്പോൾത്തന്നെ കിട്ടിയിട്ടുണ്ടല്ലോ. അവറ്റയേയും കൂട്ടി സ്ക്കൂളിലേക്ക് പൊയ്ക്കോ, ഇവിടെനിന്ന് തനിക്കൊന്നും കിട്ടുകയില്ല."

"ഇങ്ങനെ സംസാരിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു?" ചാടിയെഴുന്നേറ്റുകൊണ്ട് ദുയിഷൻ ചോദിച്ചു. "അനാഥ ആയിപ്പോയത് അവളുടെ കുറ്റമാണോ? അനാഥക്കുട്ടികൾ പഠിച്ചുകൂടെന്ന് വല്ല നിയമവും ഉണ്ടോ?"

"എനിക്ക് തന്റെ നശിച്ച നിയമങ്ങളൊന്നും വലിയ കാര്യമല്ല. എന്റെ വീട്ടിലെ നിയമങ്ങൾ ഞാനുണ്ടാക്കുന്നതാണ്. തന്റെ ആജ്ഞ ഞാൻ അനുസരിക്കുകയുമില്ല."

"നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണ്. ഈ പെൺകുട്ടിയെ നിങ്ങൾക്ക് ആവശ്യമില്ലായിരിക്കാം. പക്ഷേ, ഞങ്ങൾക്ക്, സോവിയറ്റ് സർക്കാരിന് അവളെ ആവശ്യമുണ്ട്. ഞങ്ങൾ പറയുന്നത് മര്യാദയ്ക്ക് അനുസരിച്ചില്ലെങ്കിൽ അനുസരിപ്പിക്കാൻ ഞങ്ങൾ ബാധ്യസ്ഥരാകും."

"ആഹാ, എന്താ കഥ! എന്തൊരു വലിയ ആളാണെന്ന് കണ്ടില്ലെ." ഒരു യുദ്ധത്തിനെന്നോണം ഇടുപ്പിൽ കൈകൊടുത്ത് അവർ ഞെളിഞ്ഞ് നിന്നു. "ഏത് കൊള്ളരുതാത്തവന്റെ ആജ്ഞയാണ് ഞാൻ അനുസരിക്കേണ്ടത്? അവൾക്ക് തിന്നാനും ഉടുക്കാനും കൊടുക്കുന്നതാരാ? ഞാനോ താനോ, വീടും കുടിയുമില്ലാത്ത തെണ്ടിയുടെ മോനേ....?"

എന്റെ അമ്മാവൻ അപ്പോൾ അതിൽ ഇടപെട്ടിരുന്നില്ലെങ്കിൽ അതെങ്ങനെ അവസാനിക്കുമായിരുന്നെന്ന് പറയാനാവില്ല. അവരുടേതല്ലാത്ത കാര്യത്തിൽ അമ്മായി അനാവശ്യമായി ഇടപെട്ടത് അദ്ദേഹത്തിന് ഇഷ്ടമായില്ല. വീടിനൊരു നാഥനായി തന്റെ ഭർത്താവുണ്ടെന്ന കാര്യംപോലും അവർ വിസ്മരിച്ചു കളഞ്ഞില്ലാ. പലപ്പോഴും ഇങ്ങനെയുള്ള ഇടപെടലുകൾക്ക് അദ്ദേഹം അവരെ അടിച്ചിട്ടുണ്ട്. ഇപ്പോഴും അദ്ദേഹം ശരിക്കും ചൂടായി.

"മരീ, വായടയ്ക്കെടീ പെണ്ണുംപിള്ളേ... പിടക്കോഴി കൂവുന്നോ?" പത്തായത്തിൽനിന്നും പുറത്തേക്കു ചാടിക്കൊണ്ട് അദ്ദേ

ഹം ഗർജിച്ചു. "കുടുംബത്തിലെ നാഥൻ നീയാണെന്നും തീരുമാനങ്ങൾ എടുക്കേണ്ടത് നീയാണെന്നും കരുതിയോ? ചിലയ്ക്കൽ നിർത്തി പണിയെടുക്കടീ. പിന്നെ നീ, എടാ താഷ്ത്താൻബക്കിന്റെ മകനേ, നീയാ തെമ്മാടിപ്പെണ്ണിനെ കൊണ്ടുപോയി പഠിപ്പിക്കുകയോ, അത്താഴത്തിന് പൊരിച്ച് തിന്നുകയോ ചെയ്യ്. എന്റെ പറമ്പിൽനിന്ന് ഇറങ്ങിപ്പോടാ.... കടന്നുപോകാൻ...."

"അപ്പോൾ നിങ്ങൾ അവളെ തെണ്ടാൻ പറഞ്ഞയയ്ക്കുകയാണ് അല്ലേ? ഈ വീട്ടിലെ പണിയെടുക്കാൻ എന്നെ ആരാ സഹായിക്കുക? ആരാണെന്നാ ഞാൻ ചോദിച്ചത്?"

ഓരോ കറുത്ത മേഘത്തിനും ഒരു വെള്ളിവരയുണ്ടെന്ന് ഒരു പഴയ പറച്ചിലുണ്ട്. അങ്ങനെയാണ് ഞാൻ ആദ്യമായി സ്ക്കൂളിൽ പോകാൻ തുടങ്ങിയത്.

അവിടെയെത്തിയപ്പോൾ ദുയിഷൻ ഞങ്ങളോട് കനത്തിൽ വയ്ക്കോൽ വിരിച്ച തറയിൽ ഇരിക്കാൻ പറഞ്ഞു. അദ്ദേഹം എല്ലാവർക്കും ഓരോ നോട്ടുബുക്കും പെൻസിലും ചെറിയ ബോർഡും തന്നു.

"ബോർഡ് മുട്ടിന്മേൽവച്ച് നോട്ടുബുക്ക് അതിന്റെ പുറത്തുവെച്ചുവേണം എഴുതാൻ. അതായിരിക്കും സൗകര്യം." അദ്ദേഹം പറഞ്ഞു.

എന്നിട്ട് ചുവരിൽ പതിച്ച ഒരു ചിത്രത്തിലേക്ക് അദ്ദേഹം കൈ ചൂണ്ടി. അതൊരു റഷ്യക്കാരന്റെ ചിത്രമായിരുന്നു.

"അതാണ് ലെനിൻ" അദ്ദേഹം പറഞ്ഞുതന്നു.

ആ ചിത്രം ഞാനൊരിക്കലും മറക്കില്ല. അങ്ങനെയൊരു ചിത്രം എന്തുകൊണ്ടോ ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല. ഇപ്പോഴും ഞാനതിനെ ദുയിഷന്റെ ചിത്രം എന്നാണ് പരാമർശിക്കുക. വളരെ അയഞ്ഞ ഒരു പട്ടാളജാക്കറ്റാണ് ലെനിൻ ധരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുഖത്ത് ക്ലേശം സ്ഫുരിച്ചിരുന്നു. ഒരു നീണ്ട താടിയും. അദ്ദേഹത്തിന്റെ ഒടിഞ്ഞ കൈ ഒരു സ്ലിങ്ങിൽ ഇട്ടിരുന്നു. ശിരസ്സിൽ അല്പം പിന്നാക്കം മാറിയ തൊപ്പി. ചുഴിഞ്ഞിറങ്ങുന്ന കണ്ണുകളിൽ ശാന്തഭാവം സ്ഫുരിച്ചു. അവയിലെ അലിവും മാർദവവും ഞങ്ങളോടിങ്ങനെ പറയുന്നതായി തോന്നി.

"കുട്ടികളെ, നിങ്ങൾക്ക് വലിയൊരു ഭാവിയുണ്ട്; നിങ്ങളതറിയണം."

ആ നിശ്ശബ്ദതയിൽ അദ്ദേഹം എന്നെക്കുറിച്ചാണ് പിന്നീ

കുന്നതെന്ന് കരുതാൻ ഞാൻ മോഹിച്ചുപോയി.

ദുയിഷന് ആ ചിത്രം കിട്ടിയിട്ടു കുറെ കാലമായിക്കാണും. വില കുറഞ്ഞ പോസ്റ്റർ പേപ്പറിൽ അച്ചടിച്ച ആ ചിത്രത്തിന്റെ അരികും മൂലയുമൊക്കെ കീറിത്തുടങ്ങിയിരുന്നു. സ്ക്കൂളിന്റെ ചുവരിൽ ആ ചിത്രമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല.

"ഞാൻ നിങ്ങളെ വായിക്കാനും എണ്ണാനും പഠിപ്പിക്കാം. അക്ഷരങ്ങളും അക്കങ്ങളും എങ്ങനെയാണ് എഴുതുന്നതെന്നും പഠിപ്പിക്കാം. എനിക്കറിയാവുന്നതെല്ലാം ഞാൻ നിങ്ങളെ പഠിപ്പിക്കാം." ദുയിഷൻ പറഞ്ഞു. അദ്ദേഹം ശരിക്കും തനിക്കറിയാവുന്നതൊക്കെയും ഞങ്ങളെ പഠിപ്പിച്ചു. അദ്ദേഹത്തിന് അത്ഭുതകരമായ ക്ഷമാശീലവും ഉണ്ടായിരുന്നു. ഞങ്ങൾ ഓരോരുത്തർക്കും പെൻസിൽ എങ്ങനെയാണ് പിടിക്കേണ്ടതെന്നു കാട്ടിത്തരുന്നതു തുടങ്ങി സംശയമുള്ള വാക്കുകളുടെ അർത്ഥം പറഞ്ഞുതരുന്നതിലുമെല്ലാം ആ ക്ഷമ പ്രകടമായിരുന്നു.

അതൊക്കെയോർക്കുമ്പോൾ ഞാൻ അദ്ദേഹത്തെക്കുറിച്ച് അത്ഭുതപ്പെടുകയാണ്. നിരക്ഷരനായ ആ യുവാവ് എത്ര ധീരനായിരുന്നു. കഷ്ടിച്ച് വായിക്കാൻ മാത്രമറിയുന്ന അദ്ദേഹത്തിന്റെ പക്കൽ പാഠപുസ്തകങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഒരു പ്രാഥമിക പാഠപുസ്തകംപോലും! എന്നിട്ടും ആ വലിയ കാര്യം ചെയ്തത് മഹത്തായ ധീരതതന്നെ. അപ്പനപ്പൂപ്പന്മാരുടെ കാലംതൊട്ടേ നിരക്ഷരതയിൽ കഴിയുന്ന ഒരു സമൂഹത്തിലെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുകയെന്നത് നിസാരകാര്യമല്ല. യഥാർത്ഥത്തിൽ, ദുയിഷന് വ്യാകരണമോ പഠിപ്പിക്കേണ്ട മാർഗമോ ഒന്നും അറിയില്ലായിരുന്നു. മറിച്ച് അങ്ങനെ ചിലതൊക്കെയുണ്ടെന്ന കാര്യംപോലും അദ്ദേഹത്തിന് അറിയില്ലായിരുന്നു.

തനിക്ക് കഴിയുംപോലെ അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. ഞങ്ങൾ എന്തൊക്കെ അറിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചോ, അതൊക്കെ ഞങ്ങളെ പഠിപ്പിച്ചു. വെറും ജന്മവാസനയുടെ പ്രേരണകൊണ്ടുമാത്രം! ആത്മാർത്ഥമായ ആദ്ദേഹത്തിന്റെ അത്യുത്സാഹംകൊണ്ട് ചെയ്തതൊന്നും വ്യർത്ഥമായില്ല എന്ന് എനിക്കുറപ്പിച്ച് പറയാൻകഴിയും. തന്റെ കഴിവിലുമേറെ അദ്ദേഹം പ്രവർത്തിച്ചു. സഹിച്ചു. അതെ തീർച്ചയായും! ആ പഴഞ്ചൻ കുതിരലായം പള്ളിക്കൂടമാക്കി മാറ്റി — അതിന്റെ ചുവരിലെ ദ്വാരങ്ങളിലൂടെ മഞ്ഞുമൂടിയ മലനിരകൾ കാണാമായിരുന്നു — ഗ്രാമത്തിനപ്പുറം

കണ്ടിട്ടില്ലാത്ത ഞങ്ങൾ, കിർഘിസിലെ കുട്ടികൾക്ക് ഒരു അത്ഭുത ലോകത്തിന്റെ ദൃശ്യങ്ങൾ കാട്ടിത്തന്നു അദ്ദേഹം.

അവിടെവെച്ചാണ് ഞങ്ങൾ ലെനിൻ താമസിക്കുന്ന മോസ്ക്കോ നഗരത്തെക്കുറിച്ച് മനസ്സിലാക്കിയത്. 'ഓലി-ആട്ടാ'യെക്കാൾ, ടാഷ്ക്കെന്റിനേക്കാളും വളരെ വലിയ നഗരമാണ് മോസ്കോയെന്നും ലോകത്തിൽ ഒരുപാട് വലിയ സമുദ്രങ്ങളുണ്ടെന്നും ഞങ്ങളുടെ മലകളുടെയത്ര വലിപ്പമുള്ള കപ്പലുകളുണ്ടെന്നും ആ കടലിലൂടെ അവ നീങ്ങുകയാണെന്നും ഞങ്ങൾ അവിടെവെച്ചാണ് അറിയുന്നത്. ചന്തയിൽനിന്ന് ആളുകൾ വാങ്ങിക്കൊണ്ടു വരാറുള്ള മണ്ണെണ്ണ ഭൂമിക്കടിയിൽനിന്നും എടുക്കുന്നതാണെന്ന് ഞങ്ങൾ പഠിച്ചു. ഞങ്ങളുടെ ജനത കുറെക്കൂടി പുരോഗമിച്ചു കഴിയുമ്പോൾ, ഇതിലും വലിയ സ്കൂൾ കെട്ടിടങ്ങളുണ്ടാവുമെന്നും വിശാലമായ ജനലുകളുള്ള അവിടെ കുട്ടികൾക്ക് ഇരുന്ന് പഠിക്കാൻ ബഞ്ചും ഡസ്ക്കും ഉണ്ടായിരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചു.

അക്ഷരങ്ങൾ എഴുതാൻ പഠിച്ചപ്പോൾ ഞങ്ങൾ ആദ്യമെഴുതിയ വാക്ക് 'ലെനിൻ' എന്നതായിരുന്നു. ഞങ്ങളുടെ രാഷ്ട്രീയ ശബ്ദകോശത്തിൽ ജന്മിത്തം, അടിമത്തൊഴിലാളി, സോവിയറ്റുകൾ തുടങ്ങിയ വാക്കുകൾ ഉണ്ടായിരുന്നു. 'വിപ്ലവം' എന്ന വാക്കിനെക്കുറിച്ച് കൂടുതൽ പറഞ്ഞുതരാമെന്ന് ദുയിഷൻ പറഞ്ഞു.

ദുയിഷൻ സംസാരിക്കുന്നത് കേട്ടിരിക്കുമ്പോൾ, ഞങ്ങൾ തോളോട് തോളുരുമ്മിനിന്ന് വെള്ളപ്പട്ടാളത്തോട് പൊരുതുകയാണെന്ന് ഞങ്ങൾക്കു തോന്നി. ലെനിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആവേശഭരിതമായ വിവരണം കേൾക്കുമ്പോൾ ഞങ്ങൾ കരുതിയത് സ്വന്തം കണ്ണുകളാൽ ലെനിനെ അദ്ദേഹം കണ്ടിട്ടുണ്ടാവുമെന്നാണ്. അദ്ദേഹം പറഞ്ഞതിലേറെയും ആളുകൾ പറഞ്ഞുണ്ടാക്കിയ ഐതിഹ്യസ്വഭാവമുള്ള കഥകളായിരുന്നു. പക്ഷേ, പാൽ വെളുത്തതാണെന്നതുപോലെ ആ കഥകളും സത്യമാണെന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിച്ചു.

"അങ്ങ് എപ്പോഴെങ്കിലും ലെനിന് ഷേക്ക്ഹാൻഡ് കൊടുത്തിട്ടുണ്ടോ സർ?" ഞങ്ങൾ ഒരിക്കൽ ദുയിഷനോട് ചോദിച്ചു.

"ഇല്ല കുട്ടികളേ, ഞാൻ അദ്ദേഹത്തെ കണ്ടിട്ടുപോലുമില്ല" ദുഃഖത്തോടെ തലയിളക്കിക്കൊണ്ടും ഞങ്ങളെ തോൽപിച്ചുകളഞ്ഞു എന്ന മട്ടിൽ നോക്കിക്കൊണ്ടും അദ്ദേഹം പറഞ്ഞു.

എല്ലാ മാസവും ഒടുവിൽ ദുയിഷൻ പ്രാദേശികപ്രവർത്തകരുടെ



റിപ്പോർട്ടു നൽകാൻപോകാറുണ്ട്. നടന്നാണ് അദ്ദേഹം പോകുക. മൂന്നുനാലു ദിവസം പിടിക്കും മടങ്ങിവരാൻ.

അപ്പോൾ അദ്ദേഹമില്ലാത്തതിന്റെ വിഷമം ഞങ്ങൾ മാത്രമേ അറിയും. അദ്ദേഹം എന്റെ മൂത്ത സഹോദരനാണെന്നും അദ്ദേഹത്തെക്കൂടാതെ ജീവിക്കാനാവില്ലെന്നും ഞാൻ വിചാരിച്ചു. അമ്മായി കാണാതെ ഞാൻ വീടിന് പുറത്തിറങ്ങി നിരത്തിലേക്ക് എത്തിനോക്കും. അദ്ദേഹം മടങ്ങിവരുന്നത് കാണാൻ ഞാൻ എത്രയേറെ ആശിച്ചിരുന്നു. എന്റെ മനസ്സിനെ ഉത്തേജിപ്പിക്കുന്ന ആ പുഞ്ചിരി കാണാൻ, എനിക്ക് സമാശ്വാസവും സന്തോഷവും പകരുന്ന കരുണയുള്ള വാക്കുകൾ കേൾക്കാൻ, ഞാൻ എത്രയേറെ ആശിച്ചിട്ടുണ്ട്!

അദ്ദേഹത്തിന്റെ വിദ്യാർത്ഥികളിൽ ഏറ്റവും മുതിർന്നവൾ ഞാനായിരുന്നു. അതുകൊണ്ടായിരിക്കാം മറ്റുള്ളവരെക്കാൾ വേഗത്തിൽ ഞാൻ പാഠങ്ങൾ ഹൃദിസ്ഥമാക്കിയത്. അത് മാത്രമാണ് കാരണമെന്ന്, പക്ഷേ, ഞാൻ കരുതുന്നില്ല. അദ്ദേഹം പറയുന്ന ഓരോ വാക്കും, പഠിപ്പിക്കുന്ന ഓരോ അക്ഷരവും വിശുദ്ധമാണെന്ന് ഞാൻ വിശ്വസിച്ചു. അദ്ദേഹം പഠിപ്പിക്കുന്നത് മനസ്സിലാക്കുന്നതിലേറെ പ്രാധാന്യം ജീവിതത്തിൽ മറ്റൊന്നിനും ഇല്ലെന്നു ഞാൻ കരുതി. അദ്ദേഹം തന്ന നോട്ട്ബുക്ക് ഞാൻ നിധിപോലെ സൂക്ഷിച്ചു. കാണുന്നിടത്തെല്ലാം ഞാൻ എഴുതിപ്പഠിക്കുമായിരുന്നു. മണലിൽ ഉണക്കക്കമ്പുകൊണ്ടെഴുതും. ചുവരിൽ കരിക്കട്ട കൊണ്ടെഴുതും. ചെളിയിലും ചേറിലും കമ്പുകൊണ്ടെഴുതും. എന്നെ സംബന്ധിച്ചിടത്തോളം ദുയിഷനെക്കാൾ ബുദ്ധിമാനും ജ്ഞാനിയുമായി ഈ ലോകത്ത് മറ്റൊരാളുമില്ലായിരുന്നു.

മഞ്ഞുകാലം അടുത്തു വരികയാണ്. ആദ്യത്തെ മഞ്ഞുവീഴ്ചവരേക്കും ഞങ്ങൾ ഒച്ചയും ബഹളവുമായി അരുവി നീന്തിക്കടക്കുമായിരുന്നു. കുന്നിന്റെ താഴ്വാരത്തിലെ ചരൽനിറഞ്ഞ അരുവിക്കരയിലൂടെയാണ് യാത്ര. മഞ്ഞുകാലം തുടങ്ങിയപ്പോൾ തണുത്തുറഞ്ഞു വെള്ളത്തിൽ കാലുകൾ മരവിച്ചുപോയപ്പോൾ ആ യാത്ര ബുദ്ധിമുട്ടായിത്തീർന്നു. പണക്കാർ മലമുകളിൽതന്നെ മഞ്ഞുകാലം ചിലവഴിക്കും. വല്ലപ്പോഴും ധാന്യം പൊടിക്കുന്ന മില്ലിലേക്ക് ഇറങ്ങിവരുന്നതുപോലും അവർക്ക് അനാരോഗ്യകരമായിരുന്നു. തടിച്ചു മിനുമിനുത്ത കുതിരകളുടെ പുറത്ത് കയറി പുറപ്പെടുമ്പോൾ തൊപ്പിയും ആട്ടിൻതോൽക്കോട്ടും ധരിച്ച് സവാരി നടത്തുക

ന) അവർ പാവം ദുയിഷൻ കഷ്ടപ്പെട്ടു കുട്ടികളെ അരുവി കടത്തുന്നത് നോക്കി ചിരിക്കും. പരിഹാസച്ചിരിയോടെ ചിലപ്പോൾ പറയും. "നാശം. ഞാനിവനെ കുറെ മുൻപ് കണ്ടില്ലല്ലോ. ഒരു രണ്ടാം ഭാര്യയുടെ പണിയൊക്കെ ഇവൻ ചെയ്തു കൊണ്ടേനേ..."

ഉറക്കെപ്പൊട്ടിച്ചിരിച്ച്, ഞങ്ങളുടെ ദേഹത്താകെ ചെളിയും വെള്ളവും തെറിപ്പിച്ച് അവരങ്ങനെ പാഞ്ഞുപോകും.

ഓ, എനിക്കപ്പോൾ ആ തെമ്മാടികളുടെ പിന്നാലെ ഓടിച്ചെന്ന് കുതിരയുടെ കടിഞ്ഞാൺ പിടിച്ച് നിർത്തി, മാന്യത നടിച്ച് പരിഹസിച്ച അവരുടെ മുഖത്ത് നോക്കി ഇങ്ങനെ പറയാൻതോന്നും. 'ഞങ്ങളുടെ അദ്ധ്യാപകനെക്കുറിച്ച് അങ്ങനെയൊക്കെപറയാൻ നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നു? നിങ്ങൾ വൃത്തികെട്ട തെമ്മാടികളാണ്, നീചപ്പരിഷകൾ.'

പക്ഷേ, ഒരു പെണ്ണ് വല്ലതും വിളിച്ച് പറഞ്ഞാൽ ആരെങ്കിലും ശ്രദ്ധിക്കുമോ? അതുകൊണ്ട് എന്റെ കണ്ണീരടക്കിക്കൊണ്ട് ഞാനങ്ങനെ തരിച്ചുനില്ക്കും. ദുയിഷൻ ഒന്നും കേട്ടതായി നടിക്കില്ല. അദ്ദേഹം അവരെ തീരെ അവഗണിക്കുകയായിരുന്നു. എന്തിനേറെ, എന്തെങ്കിലും തമാശ പറഞ്ഞ് ഞങ്ങളെ പൊട്ടിച്ചിരിപ്പിക്കാനാണ് അപ്പോഴും അദ്ദേഹം ശ്രമിക്കുക.

വളരെയേറെ ശ്രമിച്ചിട്ടും ഒരു പാലം നിർമ്മിക്കുന്നതിനുള്ള തടി കണ്ടെത്താൻ ദുയിഷന് കഴിഞ്ഞില്ല. ഒരു ദിവസം സ്ക്കൂൾ കഴിഞ്ഞ് കുട്ടികളെയൊക്കെ അക്കരെയെത്തിച്ചശേഷം ഞാനും ദുയിഷനുംകൂടി കല്ലും പുൽക്കട്ടയുമൊക്കെ ഉപയോഗിച്ച് ഒരു താത്ക്കാലിക ചിറയുണ്ടാക്കാൻ തീരുമാനിച്ചു.

ഞങ്ങളുടെ ഗ്രാമവാസികൾ വിചാരിച്ചിരുന്നെങ്കിൽ അരമണിക്കൂർ കൊണ്ട് മൂന്നോ നാലോ തടി വെട്ടിയിട്ട്, ഒരു പാലം അവരുടെ കുട്ടികൾക്കായി ഉണ്ടാക്കാമായിരുന്നു. പക്ഷേ, അക്കാലത്ത് ഞങ്ങളുടെ ആളുകൾക്ക് സ്ക്കൂളിന്റെ മഹത്ത്വമൊന്നും തീരെ അറിയില്ലായിരുന്നു. ദുയിഷൻ ഒരു കിറുക്കാനാണെന്നും, അയാൾ വെറുതെ കുട്ടികളുമായി കെട്ടിമറിയുകയാണെന്നും അവർ അതിനെ നിസാരവൽക്കരിച്ചു. 'നിങ്ങൾക്കവരെ പഠിപ്പിക്കണോ— പഠിപ്പിച്ചോളൂ. വേണ്ടെങ്കിൽ അവരെ തിരിച്ചയച്ചേക്കുക.' ഇതായിരുന്നു അവരുടെ ഭാവം! പുരുഷന്മാർക്ക് നല്ല കുതിരകളുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് പാലമോ ചിറയോ ഒന്നും ആവശ്യമില്ല. പക്ഷേ അവരൊന്ന് ചിന്തിക്കണമായിരുന്നു, അവരെപ്പോലെ

തന്നെയുള്ള ഒരു ചെറുപ്പക്കാരൻ ഈ ബുദ്ധിമുട്ടുകളൊക്കെ സഹിച്ച്, ഇത്രയേറെ ചെറുത്തു നില്പോടെ, ഇത്ര അത്ഭുതകരമായ സ്ഥിരോത്സാഹത്തോടെ എല്ലാ പരിഹാസങ്ങളും അപമാനവും സഹിച്ച്, അവരുടെ കുട്ടികളെ പഠിപ്പിക്കാൻ തയ്യാറായത് എന്തുകൊണ്ടെന്ന് അവർ ആലോചിക്കേണ്ടതായിരുന്നു.

ഞങ്ങൾ കല്പടവുകൾ കെട്ടുമ്പോൾ തറയിൽ മഞ്ഞു വീഴുന്നുണ്ടായിരുന്നു. വെള്ളമാണെങ്കിൽ ശ്വാസം നിലപ്പിച്ചുകളയുന്നത്ര തണുത്തതും. ദുയിഷൻ അതൊക്കെ എങ്ങനെ സഹിച്ചു എന്ന് എനിക്കറിയില്ല. നഗ്നപാദനായി, ഒരല്പംപോലും വിശ്രമിക്കാതെ അദ്ദേഹം പണിയെടുത്തു. പകുതിയെത്തിയപ്പോൾ, എന്റെ രണ്ടു കാലുകളും കോച്ചിപ്പോയി. വേദനകൊണ്ട് വിറളിപൂണ്ട്, നിവരാൻ കഴിയാതെ, കുനിഞ്ഞ് വെള്ളത്തിലേക്ക് മുഖം പൂഴ്ത്തഗാൻ പോകുമ്പോൾ എനിക്കൊന്നുറക്കെ വിളിക്കാനോ നിവർന്നു നിൽക്കാനോ പറ്റുമായിരുന്നില്ല. ദുയിഷൻ ഓടിവന്ന് എന്നെ അദ്ദേഹത്തിന്റെ കൈകളിൽ ഉയർത്തിയെടുത്ത് അരുവിക്കരയിലേക്ക് കൊണ്ടുപോയി. എന്നിട്ട് തന്റെ കോട്ട് അഴിച്ച് നിലത്ത് വിരിച്ച്, എന്നെ അതിന്മേൽ ഇരുത്തി. അദ്ദേഹം എന്റെ മരവിച്ച് നീലിച്ച കാലുകൾ തിരുമ്മിച്ചൂടാക്കി. എന്റെ മരവിച്ച കൈകളിൽ തിരുമ്മുകയും ഊതുകയും ചെയ്തു.

"അൽത്തിനായീ, ഈ കോട്ടുകൊണ്ട് പുതച്ച് നീ ഇവിടെയിരുന്നോളൂ." സ്നേഹാർദ്രനായി അദ്ദേഹം എന്നോട് പറഞ്ഞു. "ഞാൻ വേഗം പണി പൂർത്തിയാക്കട്ടെ."

ഒടുവിൽ ആ ചിറ പൂർത്തിയാക്കി, വെള്ളത്തിൽ നിന്ന് കയറിവന്ന് തന്റെ ബൂട്ട് ധരിക്കുമ്പോൾ അദ്ദേഹം എന്നെനോക്കി പുഞ്ചിരിച്ചു. "എന്റെ പ്രിയപ്പെട്ട തുണക്കാരീ, നിനക്കിപ്പോൾ അല്പം ചൂടു കിട്ടുന്നില്ലേ?"

അല്പം കഴിഞ്ഞ് അദ്ദേഹം എന്നോട് ചോദിച്ചു. "നീയായിരുന്നോ അന്ന് സ്ക്കൂളിന് മുന്നിൽ ചാണകം ഇട്ടിട്ടുപോയത്, അൽത്തിനായീ?"

"അതെ." ഞാൻ മറുപടി നൽകി.

'എനിക്കങ്ങനെ തോന്നി.' എന്നു പറയുംപോലെ അദ്ദേഹത്തിന്റെ ചുണ്ടിന്റെ കോണിൽ ഒരു ചെറുപുഞ്ചിരി തെളിഞ്ഞു.

എന്റെ മുഖത്തേക്ക് രക്തം ഇരമ്പിയുയർന്നത് ഞാനറിയുന്നു. അദ്ദേഹം ആ സംഭവം ഇപ്പോഴും ഓർമ്മിക്കുന്നു എന്നറിഞ്ഞ

വളരെ സന്തോഷം തോന്നി, അഭിമാനം തോന്നി. ഞാൻ ഏഴാം സ്വർഗത്തിലെത്തിയതുപോലെ! ദുയിഷൻ അത് മനസ്സിലാക്കി.

"എന്റെ ഉജ്ജ്വലമായ കൊച്ചുവസന്തമേ...." കണ്ണുകൾകൊണ്ട് എന്നെ തലോടിക്കൊണ്ട് അദ്ദേഹം തുടർന്നു. "നീയെത്ര മിടുക്കിയാണ്... എന്നിട്ടും... ഓ!... നിന്നെ ടൗണിലെ സ്ക്കൂളിലേക്കയയ്ക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! വളർന്നുവരുമ്പോൾ നീയെത്ര വലിയവളായിത്തീർന്നേനേ..."

പെട്ടെന്ന് അദ്ദേഹം മുഖം തിരിച്ച്, തീരത്തേക്ക് ഒരു ചുവടുവച്ചു. കളകളാരവത്തോടെ ഒഴുകുന്ന അരുവിക്കരയിൽ, തലയ്ക്ക് പിന്നിൽകെട്ടിയ കയ്യുമായി അദ്ദേഹം നിന്നു. ആ തിളക്കമുള്ള കണ്ണുകൾ ആകാശത്ത് കാറ്റു പറപ്പിച്ചുകൊണ്ടുപോകുന്ന വെളുത്തമേഘത്തുണ്ടുകളെ പിൻതുടരുകയായിരുന്നു.

ആ നിമിഷങ്ങളിൽ അദ്ദേഹം എന്തായിരിക്കാം ചിന്തിച്ചിരുന്നത്? എന്നെ സ്ക്കൂളിലയയ്ക്കുന്നതിനെ കുറിച്ചാവുമോ? അദ്ദേഹത്തിന്റെ കോട്ടിനുള്ളിൽ ചുരുണ്ടുകൂടിക്കൊണ്ട് ഞാൻ വിചാരിച്ചു. അദ്ദേഹം എന്റെ സഹോദരനായിരുന്നെങ്കിൽ! എങ്കിൽ ഞാനിപ്പോൾ ഓടിച്ചെന്ന് അദ്ദേഹത്തെ മുറുകെപ്പുണരും. എന്നിട്ട് കണ്ണുകൾ ഇറുക്കിയടച്ചുകൊണ്ട് ആ കാതുകളിലേക്ക് എനിക്ക് ഏറ്റവും പ്രിയപ്പെട്ട, സ്നേഹംനിറഞ്ഞ വാക്കുകൾ മൊഴിയും. 'ഓ ദൈവമേ, നീ അദ്ദേഹത്തെ എന്റെ ജ്യേഷ്ഠനാക്കിത്തരൂ!'

അദ്ദേഹം പ്രകടിപ്പിച്ച കാരുണ്യത്തിന്റെയും, നന്മ നിറഞ്ഞ മനസ്സിന്റെയും ഞങ്ങളുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങളുടെയും പേരിൽ ഞങ്ങളെല്ലാം അദ്ദേഹത്തെ മനസ്സാ ആരാധിച്ചിരുന്നു. നന്നെ ചെറുപ്പമായിരുന്നെങ്കിലും അതൊക്കെ വിവേചിച്ചറിയാനുള്ള കഴിവ് ഞങ്ങൾക്കുണ്ടായിരുന്നു. അല്ലെങ്കിൽപ്പിന്നെ, ഞങ്ങളെന്തിന്, കനത്ത മഞ്ഞ് മൂടിയ മലനിരകളിലൂടെ വലിഞ്ഞും ഇഴഞ്ഞും അത്ര ദൂരം സഞ്ചരിച്ചും എന്നും സ്ക്കൂളിലെത്താൻ ശ്രമിച്ചു. സ്വന്തം ആഗ്രഹപ്രകാരം മാത്രമാണ് ഞങ്ങളെല്ലാവരും സ്ക്കൂളിൽ പോയിരുന്നത്. ആരും ഞങ്ങളെ നിർബന്ധിച്ചിരുന്നില്ല, കൊടുംതണുപ്പിൽ സ്ക്കൂളിൽ പോകണ്ടെന്ന്. ആ ഭയങ്കരമായ ശീതത്തിൽനിന്ന് രക്ഷനേടാൻ ഞങ്ങൾ ഊഴംവെച്ച് തീയുടെ അടുത്ത് ഇരിക്കുമായിരുന്നു. ബാക്കിയുള്ളവർ അപ്പോൾ ദുയിഷനെ ശ്രദ്ധിച്ചു കൊണ്ടിരിക്കും.

ജനുവരി ഒടുവിലെ ഒരു തണുത്തു മരവിച്ച പ്രഭാതത്തിൽ

ദുയിഷൻ പതിവുപോലെ ഞങ്ങളെ കൂട്ടിക്കൊണ്ട് പോകാനെത്തി. അദ്ദേഹം നിശ്ശബ്ദനും ഗംഭീരനുമായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ പുരികങ്ങൾ താഴ്ന്നിരുന്നു. ഇരുമ്പിൽ വാർത്തതുപോലെ അദ്ദേഹത്തിന്റെ മുഖം കഠിനമായിരുന്നു. ഈ മട്ടിൽ ഇതിനുമുമ്പ് ഒരിക്കലും അദ്ദേഹത്തെ ഞങ്ങൾ കണ്ടിരുന്നില്ല. എന്തോ കുഴപ്പമുണ്ടെന്ന് ഞങ്ങൾ ഊഹിച്ചു. നിശ്ശബ്ദരായി ഞങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ നടന്നു.

നിരത്തിൽ ശക്തമായ മഞ്ഞു വീഴ്ചയുണ്ടെങ്കിൽ സാധാരണ ദുയിഷൻ മുന്നിൽ നടക്കും. തൊട്ടുപിന്നിൽ ഞാനും എന്റെ പിന്നാലെ മറ്റുള്ളവരും ഓരോരുത്തരായി നടക്കും. അന്നും അദ്ദേഹം മുന്നിൽ നടക്കുകയായിരുന്നു. കാരണം, തലേന്ന് രാത്രിയിൽ അതിഭീമമായ തോതിൽ മഞ്ഞ് വീഴ്ചയുണ്ടായതിന്റെ ഫലമായി കുന്നിന്റെ താഴ്വാരത്തിൽ വലിയൊരു മഞ്ഞുകൂമ്പാരം ഉണ്ടായിരുന്നു. ചിലപ്പോൾ ഒരാളെ പിന്നിൽനിന്ന് ശ്രദ്ധിച്ചാൽ നിങ്ങൾക്കയാളുടെ മാനസികാവസ്ഥ മനസ്സിലാക്കാൻ കഴിയും. അങ്ങനെയാണ് ഞങ്ങളുടെ ടീച്ചർ വലിയ് ഏതോ ചിന്താഭാരത്തിലും വിഷാദത്തിലുമാണെന്ന് ഞങ്ങൾ ഊഹിച്ചത്: തലതാഴ്ത്തി, കാലുകൾ നന്നെ വിഷമിച്ച് വലിച്ച് വലിച്ചായിരുന്നു അദ്ദേഹത്തിന്റെ നടത്തം. കറുപ്പിലും വെളുപ്പിലും തെളിയുന്ന അമംഗളസൂചന എനിക്കപ്പോൾ മനസ്സിലാകുന്നുണ്ടായിരുന്നു. കുന്നുകയറുമ്പോൾ എന്റെ മുന്നിൽ ദുയിഷന്റെ കറുത്ത് കുനിഞ്ഞ മുതുക് കാണാമായിരുന്നു. അങ്ങുയരത്തിൽ കുന്നിൻമുകളിൽ ചരിഞ്ഞുനിൽക്കുന്ന ഒട്ടകത്തെപ്പോലെയുള്ള വെള്ള മഞ്ഞുകൂനയിൽ കാറ്റടിച്ച് മഞ്ഞിൻശകലങ്ങൾ പറക്കുന്നു. മങ്ങിയ വെളുത്ത ആകാശത്തിൽ ഒരൊറ്റപ്പെട്ട കറുത്ത മേഘം തൂങ്ങിക്കിടന്നു.

സ്ക്കൂളിനകത്ത് കയറി ഞങ്ങൾ വയ്ക്കോലിന് മുകളിലിരുന്നിട്ടും ദുയിഷൻ, എന്നും പതിവുള്ളതുപോലെ വേഗം സ്റ്റൗ കത്തിക്കാൻ ഒരുങ്ങിയില്ല.

"എല്ലാവരും എഴുന്നേറ്റ് നിൽക്കുക." അദ്ദേഹം ആജ്ഞാപിച്ചു.

ഞങ്ങൾ അങ്ങനെ ചെയ്തു.

"നിങ്ങളുടെ ശിരസ്സ് നഗ്നമാക്കുക."

അനുസരണയോടെ ഞങ്ങൾ തലയിൽനിന്നും തൊപ്പിയെടുത്തു. അദ്ദേഹവും സ്വന്തം തൊപ്പിയെടുത്തു മാറ്റി എന്നിട്ടു പറഞ്ഞു

പെട്ടെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. അദ്ദേഹം വിറയാർന്ന, ഇടറിയ ശബ്ദത്തിൽ ഞങ്ങളോട് പറഞ്ഞു.

"ലെനിൻ മരിച്ചു! ലോകമെമ്പാടുമുള്ള മനുഷ്യർ അനുശോചിക്കുകയാണ്. നിങ്ങളും അവിടെ അനങ്ങാതെ, സംസാരിക്കാതെ നിൽക്കണം. അദ്ദേഹത്തിന്റെ ചിത്രത്തിൽ നോക്കുക. ഈ ദിനം മനസ്സിൽ ഉൾക്കൊള്ളുക."

മഞ്ഞിനടിയിൽ താഴ്ത്തിയാലെന്നപോലെ ഞങ്ങളുടെ സ്കൂൾമുറി തികച്ചും ശാന്തമായിരുന്നു. കാറ്റിന്റെ ചൂളംവിളി ചുവരിന്റെ വിടവിലൂടെ ഞങ്ങൾ കേട്ടു. മഞ്ഞ് തുണ്ടുകൾ വീഴുമ്പോൾ വയ്ക്കോൽ കിരുകിരുക്കുന്നതുപോലും ഞങ്ങൾ കേട്ടു.

ആ അനുശോചന നിമിഷങ്ങളിൽ തിരക്കുപിടിച്ച പട്ടണങ്ങൾ ചലനമറ്റുനിന്നു. ഫാക്ടറികൾ നിലവിളിയൊതുക്കിനിന്നു. കിതച്ചോടിയിരുന്ന ട്രെയിനുകൾ അനങ്ങാതെ കിടന്നു. ലോകം മുഴുവൻ ദുഃഖതപ്തമായ മൗനത്തിലാണ്ടു. അപ്പോൾ ജനതയുടെ വളരെ ചെറിയ ഒരു ഭാഗമായ ഞങ്ങളും ഞങ്ങളുടെ അദ്ധ്യാപകനോടൊപ്പം, തണുത്തു മരവിച്ച ആ സ്ക്കൂളിനുള്ളിൽനിന്നുകൊണ്ട് ലെനിന് അന്ത്യാഭിവാദ്യം അർപ്പിച്ചു. മറ്റാർക്കും അദ്ദേഹത്തോട് ഇത്രയടുപ്പം ഉണ്ടാവില്ലെന്നും, മറ്റാർക്കും ഇത്ര ഗതികേടുണ്ടാവില്ലെന്നും അപ്പോൾ ഞങ്ങൾക്ക് തോന്നി. അവിടെ ഞങ്ങളുടെ ലെനിൻ ഉണ്ടായിരുന്നു. ഒടിഞ്ഞ് സ്ലിങ്ങിലായ കയ്യും, അയഞ്ഞ കോട്ടുമായി ഞങ്ങളെ ഉറ്റുനോക്കിക്കൊണ്ട് അദ്ദേഹം നില്ക്കുന്നു. അന്നത്തെപ്പോലെ അദ്ദേഹം ഞങ്ങളോട് പറയുകയാണ്, തെളിഞ്ഞതും വിശ്വാസ്യത നിറഞ്ഞതുമായ തന്റെ കണ്ണുകളിലൂടെ— "കുട്ടികളെ നിങ്ങൾക്ക് വലിയൊരു ഭാവിയുണ്ട്! നിങ്ങളതറിയണം."

അപ്പോഴും ഞാൻ വിചാരിച്ചു. അദ്ദേഹം എന്നെക്കുറിച്ചാണ് ചിന്തിക്കുന്നതെന്ന്.

കണ്ണുനീർ തുടച്ചുകൊണ്ട് ദുയിഷൻ പറഞ്ഞു. "എനിക്ക് പ്രാദേശിക കേന്ദ്രത്തിലേക്ക് പോകണം. ഞാൻ പാർട്ടിയിൽ ചേരുകയാണ്. ആ ദിവസം കഴിഞ്ഞ് ഞാൻ മടങ്ങിയെത്തും."

എന്റെ ഓർമയിലെ ഏറ്റവും കഠിനമായ മൂന്നു ശിശിരകാല ദിനങ്ങളായിരുന്നു അവ. പ്രകൃതിയിലെ ഏതോ അദൃശ്യശക്തികൾ ആ വലിയ മനുഷ്യന്റെ വേർപാടുണ്ടാക്കിയ ശൂന്യത നികത്താൻ പാടുപെടും പോലെയായിരുന്നു തോന്നിയത്. ചൂളം വിളിക്കുന്ന കാറ്റ് നിർത്താതെ ആഞ്ഞുവീശിക്കൊണ്ടിരുന്നു. ശീത

കൊടുങ്കാറ്റ് ഉയർന്നു. പ്രകൃതിശക്തികൾ ശാന്തമായില്ല. കാറ്റും മഞ്ഞും ഭ്രാന്തമായി, നിലവിളിച്ച്, ഭൂമിയെ ഇടിച്ചുപൊടിച്ചു.

ആകാശത്ത് തൂങ്ങിനില്ക്കുന്ന കറുത്തമേഘങ്ങളുടെ മങ്ങിയ കറുപ്പിൽ അസ്പഷ്ടമായി കാണാവുന്ന മലനിരകളുടെ പാദത്തിൽ നമസ്കരിക്കുംപോലെ ഞങ്ങളുടെ ഗ്രാമം നിശ്ശബ്ദമായി നിലകൊണ്ടു. നേർത്ത പുകയുടെ തൂവലുകൾ ചിമ്മിനികളിൽനിന്നും ഉയർന്നു. ആളുകൾ വീട്ടിനുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. കാര്യങ്ങൾ കൂടുതൽ വഷളാക്കാൻ ചെന്നായ്ക്കളുടെ ഭീഷണിയും ശക്തമായി. പകൽപോലും അവ റോഡിൽ പ്രത്യക്ഷപ്പെട്ടു. രാത്രിയിൽ ഗ്രാമത്തിലേക്ക് പതുങ്ങിവരുന്ന അവയുടെ ആർത്തിപൂണ്ട, രക്തം മരവിപ്പിക്കുന്ന ഓരിയിടൽ നേരം പുലരുവോളം കേൾക്കാമായിരുന്നു.

ഞാനെന്റെ ടീച്ചറെക്കുറിച്ചോർത്ത് വിഷമിക്കുകയായിരുന്നു. അതിഭയങ്കരമായ ആ ശീതത്തെ ചെറുക്കാൻ അദ്ദേഹത്തിന് ഒരു രോമക്കുപ്പായമില്ല. ആകെയുള്ളത് ആ പട്ടാളക്കോട്ടു മാത്രം. അദ്ദേഹം മടങ്ങിവരേണ്ട ദിവസം ഞാനാകെ സംഭ്രാന്തിയിലായി. ഒരത്യാഹിതത്തെക്കുറിച്ചുള്ള ആപൽശങ്ക എന്നിലുണ്ടായി. അതും പേറിക്കൊണ്ട്, ഞാൻ ഇടയ്ക്കിടെ വീടിനു പുറത്തിറങ്ങി ശൂന്യതയിലേക്ക് ഉറ്റുനോക്കും. മഞ്ഞ് മൂടിയ പുൽമേട്ടിലും റോഡിലുമെല്ലാം അദ്ദേഹത്തെ തേടി എന്റെ മിഴികൾ അലഞ്ഞു. അവിടെങ്ങും, പക്ഷേ, ഒരു ജീവിയെപ്പോലും കാണാനുണ്ടായിരുന്നില്ല.

'പ്രിയപ്പെട്ട ടീച്ചർ, എവിടെയാണ് നിങ്ങൾ? ഞാൻ അങ്ങയോട് യാചിക്കുകയാണ്, വേഗം മടങ്ങിവരൂ. അങ്ങയുടെ അഭാവം ഞങ്ങളെ വേദനിപ്പിക്കുന്നു. അങ്ങ് കേൾക്കുന്നുണ്ടോ? അങ്ങയുടെ അഭാവം ഞങ്ങൾക്ക് താങ്ങാനാവുന്നില്ല....'

എന്റെ നിശ്ശബ്ദമായ വിലാപം ശ്രദ്ധിക്കാതെ ആ പുൽപ്പരപ്പ് നിർവികാരമായി കിടന്നു. എന്തിനെന്നറിയാതെ ഞാൻ വിങ്ങിക്കരഞ്ഞു.

അകത്തേക്കും പുറത്തേക്കുമുള്ള എന്റെ ഓട്ടം അമ്മായിയെ അരിശംകൊള്ളിച്ചു. "നീയാ വാതിൽക്കൽ നിന്ന് മാറാതോ. പോയിരുന്ന് നൂൽനൂൽക്ക്. വീട്ടിനുള്ളിൽ തണുപ്പു കയറ്റി നീ എല്ലാവരെയും കൊല്ലും. ഇനി നീയൊന്നു പുറത്ത് പോയാൽ കാലൊടിച്ചുതരാം ഞാൻ." അവർ അലറി. പിന്നെ എന്നെ പുറത്തിറങ്ങാൻ അവർ അനുവദിച്ചുമില്ല.

നേരം ഇരുളുകയായിരുന്നു. ദുയിഷൻ മടങ്ങിയെത്തിയോ ഇല്ലയോ എന്ന് എനിക്കറിയാൻ കഴിഞ്ഞില്ല. ഈ അനിശ്ചിതത്വം എന്നെ വല്ലാതെ ഭ്രാന്തചിത്തയാക്കി. ഒരിക്കൽ ഞാൻ എന്നോടു തന്നെ പറയും. അദ്ദേഹം വന്നുകാണും. കാരണം, ഇതിനുമുൻപൊരിക്കലും പറഞ്ഞദിവസം അദ്ദേഹം വരാതിരുന്നിട്ടില്ലല്ലോ. അടുത്തനിമിഷം എന്റെ ഭാവന എന്നെയുംകൊണ്ട് ഓടും. അദ്ദേഹത്തിന് നല്ല സുഖമുണ്ടായിരുന്നില്ലല്ലോ! വളരെ വിഷമിച്ച് പതുക്കെയാണ് അദ്ദേഹം നടന്നിരുന്നത്. ശീതക്കാറ്റ് ആഞ്ഞടിച്ചാൽ പുൽപ്പരപ്പിൽ അദ്ദേഹത്തിന് വഴി തെറ്റിയേക്കും. എനിക്കെന്റെ ജോലിയിൽ ഒട്ടും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്റെ വിരലുകളെല്ലാം തള്ളവിരലുകളായതുപോലെ. നൂൽ തുടരെ പൊട്ടിക്കൊണ്ടിരുന്നു. അതുകണ്ട് അമ്മായിക്ക് കൂടുതൽ ഭ്രാന്തു പിടിച്ചു.

"നിനക്കിന്ന് എന്താ പറ്റിയത്? നിന്റെ കയ്യെന്താ തടികൊണ്ടുണ്ടാക്കിയതാണോ?"

വർദ്ധിച്ച കോപത്തോടെ അവരെന്നെ തുറിച്ചുനോക്കി. ഒടുവിൽ അവരുടെ ക്ഷമയറ്റു. പ്രകോപിതയായ അവർ അലറി. "ദൈവമേ ഇവൾക്കെന്താ പ്ലേഗ് വരാത്തത്? ഇതാ, ഈ സഞ്ചി കൊണ്ടുപോയി സയികാൽ അമ്മൂമ്മയ്ക്ക് കൊടുക്ക്. ഇതവരുടേതാണ്."

ഞാൻ സന്തോഷം കൊണ്ടു തുള്ളിച്ചാടിപ്പോയി. സയികാൽ അമ്മൂമ്മയോടൊപ്പമാണ് ദുയിഷൻ താമസിക്കുന്നത്. എനിക്ക് അമ്മവഴിക്ക് ബന്ധമുള്ളവരാണ് വൃദ്ധദമ്പതികളായ സയികാലും കർത്താൻബായിയും. ഒരുകാലത്ത് ഞാൻ ഇടയ്ക്കിടെ അവരെ ചെന്നു കാണുമായിരുന്നു. ചിലപ്പോൾ ഒരു രാത്രി അവരോടൊപ്പം താമസിച്ചിട്ടുമുണ്ട്. അമ്മായി ചിലപ്പോൾ അത് ഓർമ്മിച്ചിട്ടുണ്ടാവാം. അല്ലെങ്കിൽ ദൈവം അവരെക്കൊണ്ട് അങ്ങനെ പറയിച്ചതാവാം.

"എനിക്ക് നിന്നെ കാണുന്നതുതന്നെ പഞ്ഞകാലത്ത് ആളുകൾ ഓട്ട്പുഷ്പം കാണുന്നതുപോലെ അശ്രീകരമാണ്. അവർ അനുവദിക്കുന്നെങ്കിൽ രാത്രി അവിടെ കിടന്നോ. പോയിത്തുലയ്, ഉടനെയെങ്ങും ഇനിയെന്റെ മുന്നിലേക്ക് വരരുത്... പൊയ്ക്കോ."

ഞാൻ ഇറങ്ങിയോടി. ഒരു പ്രേതപൂജാരിയെപ്പോലെ കാറ്റ് ഓരിയിടുന്നുണ്ടായിരുന്നു. ശ്വാസം മുട്ടിക്കുന്ന ഉഗ്രതയോടെ. ഒരു നിമിഷത്തേക്ക് അതൊന്നടങ്ങും. അടുത്ത നിമിഷം നിങ്ങളുടെ മുഖത്തേക്ക് അതിയായി വേദനിപ്പിക്കുമാറ് ഒരു പിടി മണ്ണ് വലിച്ചെറിഞ്ഞുകൊണ്ട് അത് കൂടുതൽ ശക്തിയായി ആക്രമിക്കും. സ

ഞി കയ്യിൽ മുറുകെ പിടിച്ചുകൊണ്ട് ഞാൻ പരമാവധി വേഗതയുമെടുത്ത് ഓടി. എന്റെ മനസ്സിൽ ഒരേ ഒരു പ്രാർത്ഥനയേ അപ്പോഴുണ്ടായിരുന്നുള്ളു. "അദ്ദേഹം മടങ്ങിയെത്തിയിട്ടുണ്ടാവണേ!"

പക്ഷേ, അദ്ദേഹം വന്നിരുന്നില്ല. ശ്വാസത്തിനായി വാ പിളർന്നുകൊണ്ട്, ഞാൻ ആ വീടിനുള്ളിലേക്ക് ഇരച്ചുകയറി.

പാവം സയികാൽ അമ്മൂമ്മ ഭയപ്പെട്ടുപോയി. "എന്താ പറ്റിയത്?" ആപൽശങ്കയോടെ അവർ വിളിച്ചുചോദിച്ചു. "എന്തിനാ നീയിത്രവേഗം ഓടിയത്? എന്തെങ്കിലും കുഴപ്പം പറ്റിയോ?"

"ഇല്ല. ഒരു കുഴപ്പവുമില്ല. ഞാൻ അമ്മൂമ്മയുടെ സഞ്ചി കൊണ്ടുവന്നിട്ടുണ്ട്. ഞാനീ രാത്രി ഇവിടെ കഴിഞ്ഞോട്ടെ?"

"തീർച്ചയായും. എന്റെ പൊന്നുമോളെ. പക്ഷേ, എടീ വികൃതിപ്പെണ്ണേ നീയെന്നെ വല്ലാതെ പേടിപ്പിച്ചുകളഞ്ഞു. ഒരുപാട് കാലമായല്ലോ നിന്നെ കണ്ടിട്ട്... വാ, തീയുടെ മുന്നിൽ ഇരിക്ക്. നീ വല്ലാതെ മരവിച്ചിരിക്കുന്നു."

"എടീ കിഴവീ, കുറച്ച് ഇറച്ചി എടുത്ത് ആ കലത്തിലിട്. ആ കുട്ടിക്ക് വല്ലതും കൊടുക്കണ്ടെ. പിന്നെ ദുയിഷനും ഉടനെ വന്നേക്കും." കർത്താൻബായി പറഞ്ഞു. തന്റെ കമ്പിളി ബൂട്ട് തുന്നിക്കൊണ്ട് ജനലോരത്ത് ഇരിക്കുകയായിരുന്നു അപ്പൂപ്പൻ.

"അയാൾ ഇതിലും വളരെ നേരത്തെ എത്തേണ്ടതായിരുന്നു. പക്ഷേ, വിഷമിക്കാനൊന്നുമില്ല. രാത്രിയാകും മുൻപ് അയാളിങ്ങെത്തും. നമ്മുടെ കിഴവിക്കുതിരയ്ക്ക് വീട്ടിലേക്ക് മടങ്ങുമ്പോൾ നല്ല ചുറുചുറുക്കാണ്."

രാത്രി ജനാലകളിലേക്ക് മെല്ലെ ഇഴഞ്ഞുകയറി. എന്റെ ഹൃദയം ശ്രദ്ധയോടെ കാത്തുനിന്നു. ഒരു പട്ടിയുടെ കുരയോ മറ്റോ കേട്ടാൽ അതിന്റെ മിടിപ്പ് നിലയ്ക്കും. ദുയിഷന്റെ യാതൊരടയാളവും അപ്പോഴും ഇല്ലായിരുന്നു. സയികാൽ അമ്മൂമ്മ വാതോരാതെ വർത്തമാനം പറഞ്ഞിരുന്നതുകൊണ്ട് ഞങ്ങളുടെ കാത്തിരിപ്പ് മുഷിപ്പനായില്ല.

അദ്ദേഹത്തിന് വേണ്ടിയുള്ള കാത്തിരിപ്പ് അങ്ങനെ തുടർന്നു. അർദ്ധരാത്രിയായപ്പോൾ കർത്താൻബായി ഉറങ്ങാൻ തീരുമാനിച്ചു.

"കിഴവീ, കിടക്കകൾ വിരിയ്ക്ക്" അദ്ദേഹം പറഞ്ഞു. "അവരാരും ഈ രാത്രി വരുന്നുണ്ടാവില്ല. ഇപ്പോഴേതായാലും വളരെ വൈകിയിരിക്കുന്നു. ഉദ്യോഗസ്ഥരാവുമ്പോൾ പല തിരക്കുകളുമുണ്ടാവും

വും. എന്തെങ്കിലും അത്യാവശ്യകാര്യങ്ങളാവും അയാളെ അവിടെ പിടിച്ചുനിർത്തിയത്. അല്ലെങ്കിൽ എത്രയോ മുൻപേ അയാൾ മടങ്ങിയെത്തുമായിരുന്നു."

വൃദ്ധൻ ഉറങ്ങാൻ കിടന്നു. സ്റ്റൗവിന്റെ പിന്നിലെ മൂലയിൽ എനിക്കും ഒരു കിടക്ക വിരിച്ചിരുന്നു. പക്ഷേ, എനിക്കുറങ്ങാൻ കഴിഞ്ഞില്ല. കർത്താൻബായി സദാ ചുമയ്ക്കുകയും തിരിഞ്ഞും മറിഞ്ഞും കിടന്ന് പ്രാർത്ഥനചൊല്ലുകയുമായിരുന്നു.

"എന്റെ കിഴവിക്കുതിരയ്ക്ക് എങ്ങനെയുണ്ടോ എന്തോ." അദ്ദേഹം പിറുപിറുത്തു. "ആരും ഒരു തുണ്ട് വയ്ക്കോൽ സൗജന്യമായി തരികയില്ല. ഓട്സാണെങ്കിൽ വാങ്ങാനും കഴിയില്ല."

പിന്നെ അദ്ദേഹം വേഗം ഉറങ്ങി. ഇപ്പോൾ കാറ്റാണ് എന്നെ ഉറങ്ങാൻ അനുവദിക്കാത്തത്. അത് മേൽക്കൂരയിൽ ആഞ്ഞടിച്ചും, ഇറമ്പിലെ വയ്ക്കോൽ വലിച്ച് ജനാലയിലുരസിയും ബഹളം കൂട്ടിക്കൊണ്ടിരുന്നു. കാറ്റ്, മഞ്ഞ് വാരി ജനാലയിലേക്കെറിയുന്ന ശബ്ദവും എനിക്ക് കേൾക്കാമായിരുന്നു.

ദുയിഷന്റെ കാര്യങ്ങളെല്ലാം ഭദ്രമാണെന്നുള്ള കർത്താൻബായിയുടെ വിശ്വാസം എനിക്ക് സമാധാനം പകർന്നില്ല. ഞാൻ അദ്ദേഹത്തെ പ്രതീക്ഷിക്കുകയായിരുന്നു. പുൽമേടിലൂടെ ഒറ്റയ്ക്ക് കാറ്റിനോടു യുദ്ധംചെയ്ത് നീങ്ങുന്ന ഒരു പഥികനായിരുന്നു എന്റെ ചിന്തകളിൽ. അങ്ങനെ കിടന്ന് ഞാനൊന്നു മയങ്ങിപ്പോയിരിക്കും. പെട്ടെന്ന് ഞാൻ ഞെട്ടിയുണർന്നു. നീണ്ടുപോകുന്ന മോങ്ങലുകൾ തറയിൽ നിന്നുയുർന്ന്, വായുവിൽ വിറകൊള്ളുന്നു! ചെന്നായ്ക്കൾ! ഒന്നല്ല, അനേകം ചെന്നായ്ക്കളുടെ ഓലിയാണ് കേൾക്കുന്നത്. പല ദിശകളിൽനിന്ന് ഒന്ന് മറ്റൊന്നിനെ വിളിക്കുകയാണ്. അവ സംസാരിക്കുകയായിരുന്നു. അവയുടെ ഉച്ചത്തിൽ നീട്ടിയുള്ള മോങ്ങൽ മറ്റൊന്നുമായി കൂടിച്ചേർന്നു ഭയാനകമായ വലിയൊരു മോങ്ങലായി, കാറ്റിനൊപ്പം, അകന്നും അടുത്തും കേട്ടു. നിമിഷങ്ങൾക്കകം അവ വീടിന് തൊട്ടടുത്ത് എത്തിയതു പോലെ തോന്നി.

"ഒരു ശീതക്കൊടുങ്കാറ്റിന് വേണ്ടിയാണ് അവ മോങ്ങുന്നത്." വൃദ്ധ പിറുപിറുക്കുന്നത് കേട്ടു.

കർത്താൻബായി ഒന്നും പറഞ്ഞില്ല. പക്ഷേ, അദ്ദേഹം ആ ശബ്ദങ്ങളുടെ ഗതി ശ്രദ്ധിക്കുകയായിരുന്നു. "അല്ല ഇതിന് പിന്നിലെന്തോ കാര്യമുണ്ട്. അവ എന്തിനേയോ വേട്ടയാടുകയാണ്. ഒരു

മനുഷ്യനെയോ കുതിരയെയോ ആവണം അവ ആക്രമിക്കാൻ ശ്രമിക്കുന്നത്. കേട്ടില്ലേ ആ ശബ്ദം? അത് ദുയിഷനാവരുതേ എന്ന് ഞാനാശിക്കുന്നു. അവന് ഒന്നിനെയും പേടിയില്ല; വിഡ്ഢി."

വികാരഭരിതനായ കർത്താൻബായി ഇരുട്ടിൽ തന്റെ രോമക്കുപ്പായത്തിനായി തപ്പിത്തടഞ്ഞു. "കിഴവീ, ദൈവത്തെയോർത്ത് വേഗം ആ വിളക്കൊന്നു കത്തിക്ക്."

ഞങ്ങൾ ചാടിയെഴുന്നേറ്റു. ഞാനും സയികാൽ അമ്മൂമ്മയും ഭയം കൊണ്ട് വിറച്ചുപോയി. ഏതാനും നിമിഷങ്ങൾ വേണ്ടിവന്നു, അവർക്ക് വിളക്ക് കണ്ടുപിടിച്ച് കത്തിക്കാൻ. പൊടുന്നനെ ഓലിയിടൽ നിന്നു. അങ്ങനെയൊന്ന് അതുവരെ ഉണ്ടായിരുന്നില്ലെന്ന് തോന്നുംപോലെയാണത് പെട്ടെന്ന് അവസാനിച്ചത്.

"അവ ആരെയോ ആക്രമിച്ചിരിക്കുന്നു.... നശിച്ച പിശാചുക്കൾ!" കർത്താൻബായി ഉറക്കെപ്പറഞ്ഞു.

ഊന്നുവടിയുമെടുത്ത് അദ്ദേഹം വാതിലിന്റെ നേർക്ക് നീങ്ങി. ആ കൃത്യസമയത്ത് അപ്പൂപ്പന്റെ പട്ടികൾ കുരയ്ക്കാൻ തുടങ്ങി. ആരോ ജനാലയ്ക്കലൂടെ ഓടിവന്ന് വാതിലിൽ തട്ടി. നീരാവിയുടെ ഒരു മേഘം മുറിക്കുള്ളിലേക്ക് ഒഴുകി. അത് മാഞ്ഞപ്പോൾ ദുയിഷനെ ഞങ്ങൾ കണ്ടു. അദ്ദേഹം വിറച്ചുകൊണ്ട് അകത്ത് കടന്നു. വിറച്ചുകൊണ്ട്, വിളറിയ മുഖത്തോടെ ഭിത്തിയിലേക്ക് ചാഞ്ഞു. "തോക്ക്" ഒരേ ഒരു വാക്ക് അദ്ദേഹം ഉച്ചരിച്ചു.

എന്നാൽ ഒന്നും മനസ്സിലാക്കാനാവാത്തവണ്ണം സ്തബ്ധരായിരുന്നു ഞങ്ങൾ. എന്റെ കൺമുന്നിൽ ഇരുട്ടു പരന്നു. ഒരു പുകമഞ്ഞിലൂടെയെന്നവണ്ണം രണ്ടുപേരുടെ സംസാരം ഞാൻ കേട്ടു.

"കറുത്തയാടിനെയും വെളുത്തയാടിനെയും നമുക്ക് കയ്യൊഴിയാം. വിശുദ്ധനായ ബൗബദീൻ നിന്നെ രക്ഷിച്ചല്ലോ. വാസ്തവമായും ഇത് നീ തന്നെയാണോ?"

"തോക്ക്, എനിക്കൊരു തോക്കുതരൂ" ദുയിഷൻ ആവർത്തിച്ചു.

"ഇല്ല. ഞങ്ങൾ നിന്നെ പോകാൻ അനുവദിക്കുകയില്ല. ജീവനുള്ള കാലത്തോളം അതു സമ്മതിക്കില്ല." ആ വൃദ്ധദമ്പതികൾ കേണു പറഞ്ഞു. "അല്ലെങ്കിൻ ഞങ്ങളെ കൊന്നിട്ടു പൊയ്ക്കൊളൂ."

എന്റെ ശരീരമപ്പാടെ ബലഹീനമായിപ്പോയി. ഒരു വാക്കുപോലും ഉരിയാടാതെ ഞാനവിടെ തളർന്നുകിടന്നു.

"വാതിൽപ്പടിയോളം അവ എന്നെ ഓടിച്ചു." ദുയിഷൻ ഉച്ഛ്വാസത്തിൽ ദീർഘനിശ്വാസമുതിർത്തുകൊണ്ട് തന്റെ പരുപരുത്ത മുഖ

യിലേക്ക് എറിഞ്ഞു. "കുതിര വല്ലാതെ ക്ഷീണിച്ചിരുന്നു. അത് മന സ്സിലാക്കിയാണ് ചെന്നായ്ക്കൾ അവളുടെ പിന്നാലെ പാഞ്ഞെ ത്തിയത്. ഗ്രാമത്തിലെത്തുവോളം അവൾ ഓടി. പിന്നീട് തളർന്നു വീണു. അപ്പോഴാണവ അവളുടെ മേൽ ചാടിവീണത്."

"സാരമില്ല. കുതിരയല്ലേ പോയുള്ളൂ. നിന്നെ ജീവനോടെ കിട്ടിയല്ലോ. അതല്ലേ പ്രധാനം. കുതിര വീണിരുന്നില്ലെങ്കിൽ അവ നിന്നെയും വിട്ടയയ്ക്കുമായിരുന്നില്ല. രക്ഷകനായ ബൗബദീന്റെ അനുഗ്രഹം കൊണ്ടാണ് കാര്യങ്ങൾ ഇങ്ങനെയൊക്കെ അവസാ നിച്ചത്. നിന്റെ വസ്ത്രങ്ങൾ മാറ്റിയിട്ട് ഈ തീയുടെ അരികിൽ വ ന്നിരിക്ക്. നിന്റെ ബൂട്ട് ഞാൻ ഊരിത്തരാം."

കർത്താൻബായി ദുയിഷന് ചുറ്റും ധൃതിയിൽ നടന്നുകൊണ്ട് പറഞ്ഞു. "പെണ്ണുമ്പിള്ളേ, എന്താ ഉള്ളതെന്ന് വെച്ചാൽ ചൂടാക്ക്."

ആ രണ്ടു പുരുഷന്മാരും തീയുടെ അടുത്ത് വന്നിരുന്നു.

"അതിരിക്കട്ടെ നീയെന്താ മടങ്ങിപ്പോരാൻ ഇത്ര വൈകിയ ത്?" കർത്താൻബായി ഒരു നിശ്വാസത്തോടെ ചോദിച്ചു.

"ഞാൻ പ്രതീക്ഷിച്ചതിലുമേറെ മീറ്റിങ് നീണ്ടുപോയി. ഞാ ൻ പാർട്ടിയിൽ ചേർന്നു, കരാക്കേ."

"അതു നന്നായി. എന്നാൽപ്പിന്നെ നീ നാളെ പുറപ്പെട്ടാൽ മതിയായിരുന്നല്ലോ. നിന്നെയാരും വടിയെടുത്ത് അവിടെനിന്ന് ഓടിച്ചുവിടുമെന്ന് ഞാൻ കരുതുന്നില്ല."

"എന്റെ കുട്ടികൾക്ക് ഞാൻ വാക്കു കൊടുത്തിരുന്നു, ഇന്നു മടങ്ങിയെത്തുമെന്ന്." ദുയിഷൻ പറഞ്ഞു. "അവർ നാളെ സ്ക്കൂളി ൽ വരും."

"എന്തൊരു മഠയൻ!" കർത്താൻബായി ദേഷ്യപ്പെട്ടു.

"അവൻ പറഞ്ഞതു കേട്ടോ കിഴവീ, ആ വികൃതിപ്പിള്ളേർ ക്ക് കൊടുത്ത വാക്ക് പാലിക്കാൻ അവൻ സ്വന്തം ജീവൻ പണയം വെച്ചെന്ന്. എങ്ങനെയുണ്ട്? ആട്ടെ, നീ ജീവനോടെ തിരിച്ചെത്തി യില്ലായിരുന്നെങ്കിലോ, എങ്കിലെന്താവുമായിരുന്നു? എന്ത് വിഡ് ഡിത്തങ്ങളാണ് നീ പറയുന്നത്, മഠയാ."

"അതെന്റെ ജോലിയാണ്. എന്റെ കർമമാണ്. കരാക്കേ, ന മ്മുടെ കുതിരയെ ഓർത്ത് ഞാൻ ദുഃഖിക്കുന്നു. എല്ലായ്പ്പോഴും ഞാൻ നടന്നാണ് പോകാറുള്ളത്. ഇക്കുറിയും അങ്ങനെ ചെയ് താൽ മതിയായിരുന്നു. പക്ഷേ, ചെന്നായ്ക്കൾക്കു കൊടുക്കാൻ വേണ്ടി മാത്രം ഞാൻ നിങ്ങളുടെ കുതിരയെ വായ്പ വാങ്ങി....."

"അത് മറന്നുകളയെടോ. വയസ്സിക്കുതിര [illegible] കട്ടെ. അവൾ നിന്റെ ജീവനുവേണ്ടി സ്വന്തം ജീവൻ [illegible] തങ്ങനെ വിട്ടുകളഞ്ഞേക്ക്." വൃദ്ധൻ നിഷ്ഠുരമായി പറഞ്ഞു. "ജീ വിതം മുഴുവൻ ഞാൻ കുതിരയില്ലാതെയാണ് ജീവിച്ചത്. അതു കൊണ്ട് എനിക്കതൊരു പ്രശ്നമല്ല. നീ വിഷമിക്കേണ്ട. വിപ്ലവ സോവിയറ്റ് സർക്കാർ ശക്തമാണെങ്കിൽ എനിക്ക് മറ്റൊരു കുതി രയെ കിട്ടിയേക്കാം."

"അത് വാസ്തവമാണ്." സയികാൽ അമ്മൂമ്മ കണ്ണീരിന്റെ ഈർപ്പമുള്ള ശബ്ദത്തിൽ പറഞ്ഞു.

"നാം മറ്റൊരു കുതിരയെ വാങ്ങും. മകനേ ഇതാ ഇത് ചൂ ടോടെ കഴിച്ചോളൂ."

അവിടെ നിശബ്ദത പടർന്നു.

"എനിക്ക് നിന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല, ദുയിഷൻ" വിഷാദാത്മകമായ ശബ്ദത്തിൽ കർത്താൻബായി, തീയിളക്കി ക്കൊണ്ട് പറഞ്ഞു. "നീയൊരു മണ്ടനൊന്നുമല്ല. നിന്നെ ഞാനൊ രു അതിബുദ്ധിമാനെന്ന് വിളിക്കും. പക്ഷേ, എന്തിനാണ് നീ ആ സ്ക്കൂളിന്റെ ഭാരമൊക്കെ വലിച്ച് തലയിൽ കയറ്റിയിരിക്കുന്നത്? കുറെ കഥയില്ലാത്ത വിഡ്ഢിക്കുട്ടികളും! നിനക്കതിലും നല്ല ഒരു ജോലി കിട്ടുകയില്ലെ? എന്തിന്, നീ ആരുടെയെങ്കിലും ഇടയപ്പണി ക്ക് പോയാലും സുഖമായും സന്തോഷമായും കഴിയാം."

"എന്റെ നന്മയാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് എനിക്ക റിയാം, കരാക്കേ.... പക്ഷേ, ആ കുട്ടികളും വളർന്നുവരുമ്പോൾ ഇതുപോലെ ചിന്തിച്ചാൽ, നമുക്ക് സ്ക്കൂളും വിദ്യാഭ്യാസവുമൊ ന്നും വേണ്ടെന്ന് കരുതിയാൽ, നമ്മുടെ സോവിയറ്റ് സ്റ്റേറ്റ് അധിക കാലം ഉണ്ടാവില്ല. അത് ശക്തമായും, അനശ്വരമായും തുടരണമെ ന്ന് താങ്കളും ആഗ്രഹിക്കുന്നില്ലേ? അതുകൊണ്ടാണ് ഈ ബുദ്ധിമു ട്ടുകളൊക്കെയും സഹിക്കാൻ ഞാൻ തയ്യാറായത്, കരാക്കേ. ന ന്നായി പഠിപ്പിക്കാൻ കഴിഞ്ഞാൽ എനിക്ക് മറ്റൊന്നും ആവശ്യമില്ല. ലെനിൻ പറഞ്ഞതെന്താണെന്നോ..."

"ഒരു മിനിറ്റ് ഞാൻ പറയുന്നത് നീയൊന്ന് ശ്രദ്ധിക്ക്" കർ ത്താൻബായി ഇടയിൽ കടന്നു പറഞ്ഞു. "നീ വളരെ സങ്കടപ്പെടു ന്നുണ്ട്. പക്ഷേ, കണ്ണുനീർ ലെനിനെ മടക്കിത്തരികയില്ല. [illegible] ഭൂമിയിലൊരു ശക്തിക്കും അത് ചെയ്യാനാവില്ല. മറ്റുള്ളവർക്ക് [illegible] ടമില്ലെന്നാണോ നീ കരുതുന്നത്? ഇതാ ഇവിടെ എന്റെ [illegible]

പ്പുകൾക്കിടയിൽ എന്റെ ഹൃദയം കത്തിയെരിയുകയാണ്. അതിന്റെ പുകയും തീവ്രമാണ്. ഈ സങ്കല്പം നിങ്ങളുടെ രാഷ്ട്രീയവുമായി ഒത്തു പോകുമോയെന്ന് സത്യമായും എനിക്കറിയില്ല. പക്ഷേ, ദിവസവും അഞ്ചുനേരം ഞാൻ ലെനിന് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്; അദ്ദേഹം മറ്റൊരു വിശ്വാസവിഭാഗത്തിൽപ്പെട്ട ആളായിരുന്നെങ്കിലും. ചിലപ്പോൾ എനിക്ക് തോന്നാറുണ്ട് ദുയിഷൻ, നീയും ഞാനും ഇങ്ങനെ കണ്ണീരൊഴുക്കേണ്ടതില്ലെന്ന്. എന്റേതായ രീതിയിൽ ഞാനതങ്ങനെയാണ് കാണുന്നത്. ലെനിൻ ജനങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നുണ്ട്. ജനങ്ങളിലാണ് ലെനിൻ. അത് അച്ഛനിൽനിന്ന് മക്കളിലേക്ക് രക്തത്തിലൂടെ കൈമാറപ്പെടും..."

"അങ്ങയുടെ വാക്കുകൾക്ക് നന്ദിയുണ്ട് കരാക്കേ. അങ്ങയുടെ ചിന്തകൾ ശരിയാണ്. ലെനിൻ നമ്മെ വിട്ടുപോയി. പക്ഷേ, നാം നമ്മുടെ ജീവിതം അദ്ദേഹത്തിൽ കരുപ്പിടിപ്പിക്കും."

അവരുടെ സംഭാഷണം ശ്രദ്ധിക്കെ, ഏതോ വിദൂരതയിൽ നിന്നും മെല്ലെ മടങ്ങിവരുംപോലെ എനിക്ക് തോന്നി. തുടക്കത്തിൽ അതൊരു സ്വപ്നംപോലെയായിരുന്നു. ദുയിഷൻ അപകടമൊന്നും കൂടാതെ മടങ്ങിയെത്തിയെന്ന് വിശ്വസിക്കാൻ അപ്പോഴും എനിക്ക് സാധിച്ചിരുന്നില്ല. അപ്പോൾ, ഒരു വെള്ളച്ചാട്ടംപോലെ തടുക്കാനാവാത്തതും ആഴമേറിയതുമായ ഒരു വികാരത്തിരമാല എന്റെ ഹൃദയത്തിലേക്ക് പ്രവേശിച്ചു. ഞാൻ കരഞ്ഞുപോയി. ഒരു പക്ഷേ, മറ്റൊരാളും ഇതുപോലൊരു സന്തോഷം അനുഭവിച്ചിട്ടുണ്ടാവില്ല. അപ്പോൾ, ആ നിമിഷങ്ങളിൽ മറ്റൊന്നും അവശേഷിച്ചിരുന്നില്ല. ഞാൻ കിടന്നിരുന്ന മൺകുടിലോ, പുറത്ത് ആഞ്ഞുവീശിയിരുന്ന ശീതക്കാറ്റോ കർത്താൻബായി അപ്പൂപ്പന്റെ കുതിരയെ കടിച്ചുകീറുന്ന ചെന്നായ്ക്കൂട്ടമോ... ഒന്നും! യാതൊന്നുംതന്നെ ഇല്ലായിരുന്നു. എന്റെ ഹൃദയംകൊണ്ട്, എന്റെ മനസ്സുകൊണ്ട്, എന്റെ മുഴുവൻ ശരീരവും കൊണ്ട് ഞാൻ തൊട്ടറിഞ്ഞ ആ അത്യസാധാരണമായ സന്തോഷം, ഒരിക്കലും അവസാനിക്കാത്തതും പ്രകാശംപോലെ അളക്കാനാവാത്തതുമായിരുന്നു. എന്റെ കരച്ചിൽ ആരും കേൾക്കാതിരിക്കാൻ ഞാൻ വാ പൊത്തിപ്പിടിച്ചുകൊണ്ട് പുതപ്പ് തലവഴിയിട്ടുമൂടി.

പക്ഷേ, ദുയിഷൻ അതു കേട്ടു. "ആരാണവിടെ, ആ സ്റ്റൗവിനു പിന്നിൽ കിടന്നു കരയുന്നത്?"

"നമ്മുടെ അൽത്തിനായി തന്നെ. അവൾ വല്ലാതെ സംഭ്രമി

ച്ചുപോയി, പാവം. അതാണവൾ കരയുന്നത്." സയികാൻ അമ്മൂമ്മ പറഞ്ഞു.

"അൽത്തിനായി ഇവിടെയുണ്ടെന്നോ?"

ദുയിഷൻ ചാടിയെഴുന്നേറ്റ് എന്റെ അടുത്തേക്ക് വന്നു. എന്റെ അടുത്ത് മുട്ടുകുത്തിയിരുന്ന്, എന്റെ ചുമലിൽ തൊട്ടുകൊണ്ട് അദ്ദേഹം ചോദിച്ചു.

"എന്താ അൽത്തിനായീ, എന്തിനാ നീ കരയുന്നത്?"

ഞാൻ ചുവരിലേക്ക് തിരിഞ്ഞ്, മറ്റൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര ശക്തിയിൽ വിങ്ങിപ്പൊട്ടിക്കരഞ്ഞു.

"അരുത് മോളേ, നീയെന്തിനാ പേടിച്ചത്? നീയൊരു വലിയ പെൺകുട്ടിയല്ലേ. നീ കരയാൻ പാടില്ല. നോക്ക്, ദാ എന്നെ നോക്ക്...."

ഞാനദ്ദേഹത്തെ കെട്ടിപ്പിടിച്ചു. എന്റെ കണ്ണീരിൽ കുതിർന്ന ചൂടുള്ള മുഖം അദ്ദേഹത്തിന്റെ ചുമലിൽ അമർത്തിക്കൊണ്ട് നിയന്ത്രണം വിട്ടുപൊട്ടിക്കരഞ്ഞു. ഞാൻ തടുക്കാനാവാത്ത സന്തോഷപ്പനികൊണ്ട് വിറയ്ക്കുകയായിരുന്നു.

"അവളുടെ മനസ്സിന്റെ നില തെറ്റിയെന്നു തോന്നുന്നു." കർത്താൻബായി ഉദ്വേഗത്തോടെ പറഞ്ഞു. അദ്ദേഹം വിരിപ്പിൽ നിന്ന് എഴുന്നേറ്റു. "കിഴവീ, ഇങ്ങുവാ... അവൾക്ക് ഒരു മന്ത്രം ചൊല്ലിക്കൊടുക്ക്... വേഗമാവട്ടെ."

അവരെല്ലാവരും എനിക്കു ചുറ്റും തിരിഞ്ഞുകളിക്കാൻ തുടങ്ങി. അമ്മൂമ്മ മന്ത്രവാക്കുകൾ ഓതിയശേഷം മുഖത്ത് ചൂടുവെള്ളവും തണുത്തവെള്ളവും തളിച്ചു. അവരുടെ കണ്ണുനീര് എന്റേതുമായി കൂട്ടിക്കലർത്തി.

ആഹ്, അവരാരും അറിഞ്ഞില്ലല്ലോ. എന്റെ ഹൃദയം അവർണനീയമായ ആഹ്ലാദത്തിലേക്ക് ആഴ്ന്നു പോയതാണെന്ന്. ഞാൻ ശാന്തയായി, മെല്ലെ ഉറക്കത്തിലേക്ക് വഴുതി വീഴുംവരെ, ദുയിഷൻ എന്റെ അടുത്തിരുന്ന് എന്റെ നെറ്റിയിൽ വാത്സല്യപൂർവം തലോടുന്നുണ്ടായിരുന്നു.



മലനിരകൾക്കപ്പുറത്തേക്ക് ശീതകാലം ഒഴിഞ്ഞുപോയി. വസന്തം നീലാഭയോടെ വരികയായി. പീഠഭൂമിയിൽ നിന്നും പൂപ്പൽ പിടിച്ച അരുവികൾ മലനിരകളിലേക്ക് ഒഴുകി. വസന്തർത്തുവിന്റെ വരവ് രഭ്യം ഭൂമിയിൽ നിന്ന് മലനിരകളിലേക്ക് അവ എത്തിക്കുകയായിരുന്നു; ശുദ്ധമായ പാലിന്റെ സുഗന്ധം. മഞ്ഞുശിലകൾ ഉരുകി, വരികളിലെ മഞ്ഞുടഞ്ഞു, അവയെല്ലാം ഒത്തുചേർന്ന് വലിയ നദികളായി. മുന്നിൽ കണ്ടതെല്ലാം തകർത്തുകൊണ്ട്, എല്ലാം കഴുകി വൃത്തിയാക്കിക്കൊണ്ട് അവ പാട്ടുംപാടി താഴേക്ക് ഒഴുകി.

ഞാൻ യൗവനത്തിലേക്ക് കടന്നതിനുശേഷമുള്ള എന്റെ ആദ്യത്തെ വസന്തമായിരുന്നു അത്. ഞാൻ കണ്ടിട്ടുള്ളതിൽ ഏറ്റവും മനോഹരമായ വസന്തമായിരുന്നു, അത്; എന്റെ മാത്രം അനുഭവത്തിലെങ്കിലും. ഇരുകൈകളും നിവർത്തിപ്പിടിച്ചുകൊണ്ട് പറന്ന് പറന്ന് താഴേക്ക് വരികയാണ് ഞാൻ. എങ്ങും നിൽക്കാനാവാതെ അതിവേഗതയിൽ വെള്ളികൊണ്ടുനിർമ്മിച്ച വലിയൊരു ചിലന്തിവലയിലൂടെ സൂര്യപ്രകാശത്തിലാറാടി നിൽക്കുന്ന വലിയ പുൽമേട്ടിലേക്കിറങ്ങുകയാണ് ഞാൻ. മൈലുകൾക്കപ്പുറത്തെവിടെയോ ഉരുകുന്ന തടാകങ്ങളുടെ നീലിമ നിങ്ങൾ അല്പമാത്രം ദർശിക്കുന്നു. മൈലുകൾക്കപ്പുറത്തെവിടെയോ കുതിരകളുടെ ചിനയ്ക്കൽ നിങ്ങൾ കേൾക്കുന്നു. ചിറകുകളിൽ വെൺമേഘങ്ങളും പേറിക്കൊണ്ട് കൊറ്റികൾ ആകാശത്തേക്ക് പറന്നുയരുന്നത് നിങ്ങൾ കാണുന്നു. അവ എവിടെ നിന്നാണ് വരുന്നത്? തങ്ങളുടെ ഗൃഹാതുരമായ നിലവിളികളോടെ അവ എങ്ങോട്ടാണ് നിങ്ങളെ നിർബന്ധപൂർവം ക്ഷണിക്കുന്നത്?

വസന്തം വന്നെത്തിയതോടെ ജീവിതം കൂടുതൽ രസകരമായി. ഞങ്ങൾ പുതിയ കളികൾ കണ്ടുപിടിച്ചു. ജീവിതത്തിന്റെ സന്തോഷം മുഴുവൻ ഉൾക്കൊണ്ട് ഞങ്ങൾ പൊട്ടിച്ചിരിച്ചു. തമ്മിൽത്തമ്മിൽ ഉറക്കെ ചിലച്ചുകൊണ്ട് ഞങ്ങൾ വീട്ടിൽ നിന്നും സ്കൂൾവരെയുള്ള ദൂരമത്രയും ഓടി. ഞാൻ സന്തോഷിക്കുന്നത് എന്റെ അമ്മായിക്ക് അസഹനീയമായിരുന്നു. അവരതിൽ നീരസം പ്രകടിപ്പിച്ചു. എന്നെ ചീത്തപറയാൻ കിട്ടുന്ന ഒരവസരവും അവർ നഷ്ടപ്പെടുത്തിയതുമില്ല.

"വിഡ്ഢി, ഇങ്ങനെ തുള്ളിക്കളിക്കാൻ നിനക്ക് നാണമില്ലേ? നീയൊരു മുതിർന്ന പെൺകുട്ടിയാണെന്ന കാര്യം പോലും നീ ചിന്തിക്കുന്നില്ലേ? നിന്റെ പ്രായത്തിലുള്ള പെൺകുട്ടികളിൽ പലരും

ധയും വിവാഹം കഴിഞ്ഞു. അവരുടെ പുതിയ ബന്ധുക്കൾ വീട്ടിലേക്ക് വരുന്നു. ഞാൻ എല്ലാം ശരിയാക്കിത്തരാം."

ഉള്ളത് പറയാമല്ലോ, ഞാൻ അമ്മായിയുടെ ഭീഷണിയൊന്നും തീരെ വകവച്ചില്ല. അവരുടെ ശകാരം കേട്ട് എന്റെ കാതുകൾ തഴമ്പിച്ചിരുന്നു. പക്ഷേ എന്നെ ഒരു യുവതി എന്ന് വിളിക്കുന്നത് വാസ്തവത്തിൽ ന്യായമായിരുന്നില്ല. എനിക്കല്പം പൊക്കം വച്ചു എന്ന് മാത്രമേയുള്ളു.

"നീയിപ്പോഴും ഒരു ചുരുണ്ട മുടിക്കാരി പെൺകുട്ടി മാത്രമാണ്." ദുയിഷൻ ചിരിച്ചുകൊണ്ട് പറയും. "നിന്റെ മുടി വളരെ മനോഹരവുമാണെന്ന് ഞാൻ കരുതുന്നു."

ഞാനത് അത്ര കാര്യമാക്കാറില്ല. എന്റെ മുടി ചുരുണ്ടതാണെന്ന് എനിക്കറിയാം. പക്ഷേ അതത്ര മനോഹരമൊന്നുമല്ല. ഞാൻ സ്വയം പറയും. ഞാനല്പം കൂടി വളർന്നു കഴിയുമ്പോൾ ഇങ്ങനെയൊന്നുമായിരിക്കില്ല. ഒരു യഥാർത്ഥ വധു തന്നെയായിരിക്കും. ഞാനപ്പോൾ എത്ര സുന്ദരിയാണെന്ന് എന്റെ അമ്മായി മനസ്സിലാക്കും, എന്റെ കണ്ണുകൾ നക്ഷത്രങ്ങൾ പോലെയാണെന്നും എന്റേത് ഭംഗിയുള്ള വലിയൊരു മുഖമാണെന്നും ദുയിഷൻ പറയാറുണ്ട്.

ഒരു ദിവസം സ്കൂളിൽ നിന്ന് മടങ്ങി വന്നപ്പോൾ പരിചയമില്ലാത്ത രണ്ടു കുതിരകളെ പറമ്പിൽ കെട്ടിയിരിക്കുന്നത് ഞാൻ കണ്ടു. അവയുടെ ജീനിയും, കുതിരച്ചമയങ്ങളും കണ്ടപ്പോൾ അവയുടെ ഉടമകൾ മലനിരകളിൽ നിന്ന് വന്നവരായിരിക്കുമെന്ന് ഞാൻ ഊഹിച്ചു. മലമ്പ്രദേശത്തുകാർ, ചന്തയിൽ നിന്നു മടങ്ങും വഴിയോ, ധാന്യം പൊടിപ്പിക്കാൻ പോകും വഴിക്കോ, എന്റെ അമ്മാവനെയും അമ്മായിയെയും കാണാൻ ഇടയ്ക്ക് വീട്ടിൽ വരിക പതിവുണ്ട്.

വാതിൽക്കൽ നിന്നും എന്റെ അമ്മായിയുടെ വിഡ്ഢിച്ചിരി കേട്ടു. അതെന്നെ ഞെട്ടിക്കുകയും ചെയ്തു. അവർ പറയുന്നത് ഞാൻ കേട്ടു. "ഉഷാറായിരിക്കൂ, മരുമകനേ. ഒരു കുഴപ്പവുമില്ല. ഒരിക്കൽ ആ കൊച്ചുപ്രാവിനെ കയ്യിൽ കിട്ടിക്കഴിഞ്ഞാൽ നിനക്കെന്നോട് നന്ദിപറയാൻ വാക്കുകളുണ്ടാവില്ല."

അവരുടെയാ വാക്കുകൾ പൊള്ളച്ചിരികളാലും, ഉച്ചത്തിലുള്ള അട്ടഹാസങ്ങളാലും സ്വാഗതം ചെയ്യപ്പെട്ടു. ആ നിമിഷങ്ങളിലാണ്. ഞാൻ നിശ്ശബ്ദയായി, അകത്തേക്ക് കടന്നുചെന്നത്. പോത്തിന്റെ മുഖമുള്ള ഒരു തടിയൻ പഴയ പരവതാനിയിൽ കുത്തിയിരിക്കുന്നു. തന്റെ ചുവന്ന തൊപ്പിക്കടിയിലൂടെ അയാളെന്നെ ചരിഞ്ഞുനോക്കി. തൊപ്പി വിയർത്ത നെറ്റിയിലേക്ക് താഴ്ത്തിവച്ചിട്ട്, തൊണ്ട ശരിയാക്കിക്കൊണ്ട് അയാൾ കണ്ണുകൾ താഴ്ത്തി.

"ഓ, നീ വന്നോ മോളേ, വാ ഇങ്ങടുത്തുവാ, എന്റെ ചക്കരക്കുട്ടീ..."

അമ്മാവൻ മറ്റൊരാളുമായി സംസാരിച്ചുകൊണ്ട് പരവതാനിയുടെ മറ്റൊരറ്റത്ത് കുത്തിയിരിക്കുന്നുണ്ട്. അവർ കുടിക്കുകയും ബെഷ്ബർമാക്ക് തിന്നുകയും ചീട്ടു കളിക്കുകയുമാണ്. രണ്ടാളും നന്നായി കുടിച്ചിരുന്നു. ചീട്ടുകൾ താഴേക്ക് വീശിയടിക്കുമ്പോൾ അവരുടെ ശിരസ്സ് വല്ലാതെ ആടുന്നുണ്ടായിരുന്നു.

ഞങ്ങളുടെ പൂച്ച മെല്ലെ മേശവിരിയുടെ അടുത്തേക്ക് നീങ്ങി. ചുവന്ന മുഖമുള്ള ആ മനുഷ്യൻ അതിന്റെ തലയിൽ മുഷ്ടികൊണ്ട് ശക്തിയായി ഇടിച്ചു. അത് തീവ്രവേദനയോടെ കരഞ്ഞുകൊണ്ട് ഓടിപ്പോയി ഒരു മൂലയിൽ ഒളിച്ചിരുന്നു. പാവം പൂച്ച, അയാളതിനെ ക്രൂരമായി വേദനിപ്പിച്ചു. എനിക്ക് അവിടെ നിന്നു രക്ഷപ്പെടണമെന്നുണ്ട്. പക്ഷേ എങ്ങനെയെന്ന് എനിക്കറിയില്ലായിരുന്നു. അപ്പോൾ അമ്മായി തന്നെ എന്നെ രക്ഷപ്പെടുത്തി.

"മോളേ, അത്താഴം കലത്തിലുണ്ട്. അത് തണുക്കും മുമ്പ് പോയി കഴിച്ചോ."

എനിക്ക് സന്തോഷമായി. പക്ഷേ എന്റെ അമ്മായിയുടെ പെരുമാറ്റം എനിക്ക് തീരെ അപരിചിതമായിത്തോന്നി. അതെന്നെ വല്ലാതെ വിഷമിപ്പിക്കുകയും ജാഗരൂകയാക്കുകയും ചെയ്തു.

കുറെ മണിക്കൂറുകൾ കഴിഞ്ഞപ്പോൾ ആ രണ്ടു പുരുഷന്മാരും കുതിരപ്പുറത്ത് കയറിപ്പോകുന്നതു കണ്ടു. അമ്മായി ഉടനെ തന്റെ പഴയ ശൈലിയിൽ എന്നെ ചീത്ത പറയാൻ തുടങ്ങി. അപ്പോഴാണ് എനിക്ക് സമാധാനം തോന്നിയത്. 'അവർ കുടിച്ചിട്ടുണ്ടായിരുന്നിരിക്കണം അതുകൊണ്ടാണവർ അത്ര സ്നേഹപൂർവം പെരുമാറിയത്.' ഞാനങ്ങനെ സമാധാനിച്ചു.

ഏതാനും ദിവസം കഴിഞ്ഞ് സയികാൽ അമ്മൂമ്മ അമ്മായിയെ കാണാനെത്തി. ഞാൻ പുറത്ത് നിൽക്കുകയായിരുന്നു. എങ്കിലും അവർ പറയുന്നത് ഞാൻ കേട്ടു. "നീ ശരിക്ക് ആലോചിച്ചോ? നീയവളുടെ ജീവിതം തകർക്കുകയാണ്!"

എന്തിനെച്ചൊല്ലിയോ അവർ ഇരുവരും ചൂടായി തർക്കിച്ചു. പിന്നീട് കലികൊണ്ട് സയികാൽ അമ്മൂമ്മ പുറത്ത് വന്നു. അവ



രെന്നെ സഹതാപവും ദേഷ്യവും കലർന്നമട്ടിൽ നോക്കി. എന്നോ ടൊരുവാക്കുപോലും സംസാരിക്കാതെ അവർ പോകുകയും ചെയ്തു. അവരുടെ ആ നോട്ടം എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഞാനവർക്ക് അപ്രീതികരമായി എന്തുചെയ്തു? എന്തിനാണവർ എന്നെ അങ്ങനെ നോക്കിയത്?

പിറ്റേന്ന് സ്കൂളിലെത്തിയ ഞാൻ, ദുയിഷൻ വല്ലാതെ മനഃപ്രയാസപ്പെട്ടിരിക്കുന്നതായും ഒട്ടും സന്തോഷവാനല്ലെന്നും കണ്ടു. അത് അദ്ദേഹം കഴിയുന്നത്ര ഞങ്ങളിൽ നിന്ന് മറച്ച്പിടിക്കാൻ ശ്രമിക്കുന്നുമുണ്ടായിരുന്നു. അദ്ദേഹം എന്നെ നോക്കാതിരിക്കാൻ ശ്രമിക്കുന്നു എന്നതും ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ക്ലാസ് കഴിഞ്ഞ് എല്ലാവരും പുറത്തേക്ക് ഇറങ്ങുമ്പോൾ ദുയിഷൻ എന്നെ മടക്കിവിളിച്ചു. "അൽത്തിനായീ നിൽക്കൂ..." എന്റെ ചുമലിൽ കൈവച്ച്, ഗൗരവപൂർവം എന്നെ നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. "വീട്ടിലേക്ക് പോകരുത്. എന്തുകൊണ്ടാണെന്ന് അറിയാമോ നിനക്ക്, അൽത്തിനായീ?"

എന്റെ രക്തം തണുത്തു. അപ്പോൾ മാത്രമാണ് എനിക്ക് എന്റെ അമ്മായി എന്നോട് എന്താണ് ചെയ്യാനുദ്ദേശിച്ചതെന്ന് വ്യക്തമായത്.

"നിനക്ക് പറയാനുള്ളത് ഞാൻ തന്നെ അവരോടു പറഞ്ഞുകൊള്ളാം." ദുയിഷൻ പറഞ്ഞു. "തൽക്കാലം നീ ഞങ്ങളോടൊപ്പം താമസിക്കും. എപ്പോഴും എന്റെയടുത്തുതന്നെ ഉണ്ടാവണം നീ."

ഞാൻ വല്ലാതെ ഭയപ്പെട്ടുപോയിരുന്നു. ദുയിഷൻ എന്റെ താടി മെല്ലെ ഉയർത്തി എന്റെ കണ്ണുകളിൽ നോക്കി ആ പതിവു ചിരി ചിരിച്ചു.

"വിഷമിക്കാതിരിക്കൂ അൽത്തിനായീ." ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "ഞാൻ നിന്നോടൊപ്പമുള്ളപ്പോൾ നീയൊന്നിനെയും ഭയപ്പെടേണ്ട. എല്ലാം പതിവുപോലെ ചെയ്യുക. സ്കൂളിൽ വരിക. പഠിക്കുക. മറ്റെല്ലാം മറന്നേക്കുക. നീയെത്ര ഭീരുവാണെന്ന് എനിക്കറിയാം... ഉവ്വ്, എനിക്കത് നിന്നോട് പറഞ്ഞേ തീരൂ."

എന്തോ രസമുള്ള കാര്യം ഓർത്തുകൊണ്ട് അദ്ദേഹം പൊട്ടിച്ചിരിച്ചു. "നിനക്കറിയാമോ അന്ന് നമ്മളെല്ലാം ഉറങ്ങിക്കിടക്കുമ്പോ ൾ അതിരാവിലെ കരാക്കെ എങ്ങോട്ടാണ് പോയതെന്ന്. ആരെ കൂട്ടിക്കൊണ്ട് വരാനായിരിക്കും അദ്ദേഹം പോയിരിക്കുക എന്ന് നിനക്ക് ഊഹിക്കാമോ? ഒരു മന്ത്രവാദിനി വൈദ്യരെ! ജയി

വാതിൽ വരെ ആ കിഴവി. അവരേയും കൂട്ടി മടങ്ങി വന്നപ്പോൾ ഞാൻ അദ്ദേഹത്തോടു ചോദിച്ചു, 'എന്തിനാണിവരെ കൊണ്ടുവന്നിരിക്കുന്നത്?' അപ്പോൾ അദ്ദേഹം പറയുകയാണ്. 'അൽത്തിനായിയുടെ മനസ്സ് പേടികൊണ്ട് തകിടം മറിഞ്ഞിരിക്കുകയാണ്. അല്പം മന്ത്രവാദം ചെയ്താൽ ശരിയാകും.' അപ്പോൾ ഞാൻ പറഞ്ഞു. 'അവരെ പറഞ്ഞയച്ചേക്കു. കുറഞ്ഞത് ഒരാടിനെയെങ്കിലും അവർ പ്രതിഫലം ആവശ്യപ്പെടും. അത്രയ്ക്ക് സമ്പന്നരല്ലല്ലോ നമ്മൾ. നമുക്ക് അവ ൾക്കൊരു കുതിരയെ കൊടുക്കാമെന്നും പറയാൻ കഴിയില്ല. ഉണ്ടായിരുന്നതിനെ ചെന്നായ്ക്കൾക്കു കൊടുത്തില്ലേ?' നീ അപ്പോൾ നല്ല ഉറക്കമായിരുന്നു. അതുകൊണ്ട് എനിക്കവരെ ഒഴിവാക്കാൻ സാധിച്ചു പിന്നെ, ഒരാഴ്ചത്തേക്ക് കരാക്കെ എന്നോട് മിണ്ടിയിട്ടേയില്ല. എന്നെ കാണുമ്പോൾ മുഖം വീർപ്പിച്ചു നടക്കും. അവർ വ ളരെ നല്ലവരാണ്. സയികാലും കർത്താൻബായിയും, വളരെ അപൂർവമായേ അത്രയും അലിവുള്ളവരെ കാണാൻ കഴിയൂ. ശരി, നമു ക്ക് വീട്ടിലേക്ക് പോകാം. വരൂ അൽത്തിനായീ."

ദുയിഷൻ പറഞ്ഞതുപോലെ ധീരയായിരിക്കാൻ ഞാൻ ശ്രമിച്ചു. പക്ഷേ എന്റെ അമ്മായി വന്ന് എന്നെ ബലാൽക്കാരം പിടിച്ചുകൊണ്ടു പോകുമെന്ന് ഓർത്തപ്പോൾ ഞാനാകെ പേടിച്ചു വിറച്ചുപോയി. എന്നിട്ട് അവർക്കിഷ്ടമുള്ളത് അവരെന്നോട് ചെയ്യും. ഗ്രാമത്തിലുള്ള ആർക്കും തന്നെ അവരെ തടയാനാവില്ല. ആ കൊടുങ്കാറ്റ് വരുന്നതും കാത്ത് ഞാൻ രാത്രി മുഴുവൻ ഉറങ്ങാതെ കഴിച്ചുകൂട്ടി.

എന്റെ മനസ്സിന്റെ ഭീതി ദുയിഷന് അറിയാമായിരുന്നു. എന്റെ ശ്രദ്ധ തിരിക്കാനായിരിക്കാം പിറ്റേന്ന് അദ്ദേഹം രണ്ട് വൃക്ഷത്തൈകളുമായിട്ടാണ് സ്കൂളിൽ വന്നത്. പാഠങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം സ്കൂളിന്റെ പിൻഭാഗത്തേക്ക് എന്നെ കൂട്ടിക്കൊണ്ടു പോയി.

"നിനക്കും എനിക്കും ഇന്നൊരു ജോലിയുണ്ട് അൽത്തിനായീ," അദ്ദേഹം അല്പം രഹസ്യഭാവത്തിൽ പറഞ്ഞു. "ഈ ചെറിയ പോപ്ലാറുകൾ ഞാൻ നിനക്കായി കൊണ്ടുവന്നതാണ്. നാം ഇരുവരും ചേർന്ന് അത് നടാൻ പോകുന്നു. അവ വളർന്നു വലുതാകുമ്പോൾ നീയും വളർന്നൊരു സുന്ദരിയായ യുവതിയാകും. നിനക്കൊരു നല്ല ഹൃദയവും കൗതുകം നിറഞ്ഞ മനസ്സുമുണ്ട്. നീയൊരു വലിയ പണ്ഡിതയായിത്തീരും. അതങ്ങനെയാവുമെന്ന് എനിക്കുറപ്പുണ്ട്. നീയൊരു പണ്ഡിതയാകാൻ പിറന്നവളാണെന്ന് നിനക്ക് മനസ്സിലാകും. ഈ വൃക്ഷത്തൈകളും നിന്നെപ്പോലെയാണ്. അവ വളരെ ചെറുതും ലോലവുമാണ്. നമ്മുടെ കൈകൾകൊണ്ട് നമുക്കവയെ നട്ടു പിടിപ്പിക്കാം. അൽത്തിനായീ, നിന്റെ പഠനത്തിൽ നിനക്ക് സന്തോഷിക്കാൻ ഇടവരട്ടെ, എന്റെ പ്രിയപ്പെട്ട തിളങ്ങുന്ന നക്ഷത്രമേ...!"

വൃക്ഷത്തൈകൾക്ക് എന്റെ ഉയരമുണ്ടായിരുന്നു. നീലക്കൊമ്പുകളുള്ള അവ വളരെ ലോലമായ ചെടികളായിരുന്നു. ഞങ്ങൾ ഇരുവരും ചേർന്ന് അത് കുഴിച്ചുവച്ചപ്പോൾ മലമുകളിൽ നിന്നും എത്തിയ കാറ്റ് ആദ്യമായി അവയ്ക്ക് ജീവശ്വാസം പകർന്നുകൊണ്ട് അവയുടെ ഇലകളെ മെല്ലെ ഇളക്കി. ഇലകൾ വിറച്ചു. പോപ്ലാറുകൾ മെല്ലെ ചരിഞ്ഞാടി.

"നോക്കൂ, എത്ര നന്നായിരിക്കുന്നു." സന്തോഷത്തോടെ പിന്നാക്കം നടന്നുകൊണ്ട് ദുയിഷൻ പറഞ്ഞു. "ഇനി നമുക്ക് ആ വെള്ളച്ചാട്ടത്തിനടുത്തായി ഒരു കുഴി കുഴിക്കണം. അവ മനോഹരമായ വൃക്ഷങ്ങളായി വളരുന്നത് നിനക്ക് കാണാം. രണ്ടു സഹോദരന്മാരെപ്പോലെ അവരങ്ങനെ അടുത്തടുത്തു നിൽക്കും. നല്ലവരായ മനുഷ്യരെ അവ എപ്പോഴും സന്തോഷിപ്പിച്ചുകൊണ്ടിരിക്കും. അപ്പോൾ ജീവിതവും വ്യത്യസ്തമായിരിക്കും, അൽത്തിനായീ, ഏറ്റവും നല്ലതൊക്കെ വരാനിരിക്കുന്നതേയുള്ളൂ."

ദുയിഷന്റെ നന്മകൊണ്ട് ഞാനെത്രമാത്രം മാറിപ്പോയി എന്ന് ഇന്നും എനിക്ക് വിശദമാക്കാനാവില്ല. ഞാനദ്ദേഹത്തെ നോക്കിക്കൊണ്ട് അങ്ങനെ നിന്നുപോയി. അദ്ദേഹത്തിന്റെ മുഖത്തെ ശ്രേഷ്ഠസൗന്ദര്യം ഞാൻ പുതിയ കണ്ണുകൾകൊണ്ട് കണ്ട് ഹർഷപുളകിതയായി. അദ്ദേഹത്തിന്റെ കണ്ണുകളിൽ ആർദ്രതയും ദയാവായ്പും തുളുമ്പി നിന്നു. ആ കൈകൾ എത്രമാത്രം സമർത്ഥവും ശക്തവുമാണെന്ന് അറിയാനെന്നോണം ഞാൻ നോക്കി. ഹൃദയത്തെ ഊഷ്മളമാക്കുന്ന അദ്ദേഹത്തിന്റെ ആ പുഞ്ചിരി എത്ര തെളിഞ്ഞതും സുന്ദരവുമാണ്. അന്നോളം അപരിചിതമായിരുന്ന ഏതോ വികാരമണ്ഡലത്തിലെ അനുഭൂതികൾ എന്റെ മാറിലേക്ക് ചുടുതിരകളായി അലയടിച്ചുയർന്നു.

വലിഞ്ഞു മുറുകിയ മനസിൽ നിന്നും ഞാനിങ്ങനെ പറയാൻ ആഗ്രഹിച്ചു. "ടീച്ചർ, അങ്ങ് ഇങ്ങനെയായിരിക്കുന്നതിൽ വളരെ നന്ദിയുണ്ട്. എനിക്ക് അങ്ങയെ കെട്ടിപ്പിടിച്ച് ചുംബിക്കണ

ഉണ്ടെന്ന് ആഗ്രഹമുണ്ട്."

പക്ഷേ എനിക്കതിനുള്ള ധൈര്യമുണ്ടായില്ല. ആ വാക്കുകൾ പറയാൻ എനിക്ക് ലജ്ജതോന്നി. പക്ഷേ, ഞാനത് പറയേണ്ടതായിരുന്നു. ഞങ്ങൾ ആ കുന്നിൻമുകളിൽ അങ്ങനെ നിന്നു. മലയടിവാരത്തിൽ പുതുതായി മുളച്ച് വളർന്ന പച്ചപ്പുണ്ടായിരുന്നു. ആകാശം തെളിഞ്ഞ നീലിമയാർന്നതായിരുന്നു. ഇരുവരും അവരവരുടേതായ സ്വപ്നങ്ങളിൽ മുഴുകിയിരുന്നു. എന്റെ തലയ്ക്ക് മുകളിൽ തൂങ്ങുന്ന ഭീഷണിയെക്കുറിച്ച് ഞാൻ ചിന്തിച്ചതേയില്ല. നാളെയെക്കുറിച്ച് ഞാൻ ഒട്ടും ആലോചിച്ചതേയില്ല. രണ്ടു ദിവസമായി വീട്ടിൽ ചെല്ലാതിരുന്നിട്ടും എന്നെ അന്വേഷിക്കാൻ അമ്മായി എന്താണ് ശ്രമിക്കാത്തതെന്നും ഞാൻ ചിന്തിച്ചില്ല. അവരെന്നെ മറന്നു കഴിഞ്ഞിരിക്കുമെന്ന് ഞാൻ വെറുതെ ആശിച്ചു. അല്ലെങ്കിൽ തനിച്ച് ജീവിക്കാൻ വിട്ടതാവും. ഈ വിചാരങ്ങൾപോലും ദുയിഷനെ വിഷമിപ്പിച്ചു.

"വിഷമിക്കരുത് അൽത്തിനായീ, നമുക്കൊരു വഴി കണ്ടുപിടിക്കാം." ഗ്രാമത്തിലേക്ക് മടങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു. "മറ്റന്നാൾ ഞാൻ പ്രാദേശിക കേന്ദ്രത്തിലേക്ക് പോകുകയാണ്. നിന്റെ കാര്യം ഞാനവിടെ സംസാരിക്കും. നിന്നെ ടൗണിലെ സ്കൂളിൽ അയയ്ക്കാൻ അവരെക്കൊണ്ട് സമ്മതിപ്പിക്കാൻ കഴിഞ്ഞേക്കും. നിനക്ക് പോകാൻ താല്പര്യമുണ്ടോ?"

"അങ്ങ് പറയുന്നതെന്തും ഞാൻ ചെയ്യും, ടീച്ചർ."

പട്ടണത്തെക്കുറിച്ച് നേരിയൊരു സങ്കല്പംപോലും എനിക്കുണ്ടായിരുന്നില്ലെങ്കിലും, എന്നെ അങ്ങോട്ടയയ്ക്കുമെന്ന് ദുയിഷൻ പറഞ്ഞു കേട്ടപ്പോൾത്തന്നെ ഞാൻ പട്ടണത്തിലെ ജീവിതത്തെക്കുറിച്ച് സ്വപ്നം കാണാൻ തുടങ്ങി, എനിക്കിപ്പോൾ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ കഴിയുന്നില്ല. ഒരു നിമിഷം അപരിചിതത്വവും ഭയപ്പാടും നിറഞ്ഞ ചിന്തകളാണെങ്കിൽ, അടുത്ത നിമിഷം അവിടെയെത്താൻ എനിക്ക് ധൃതിയായവും.

പിറ്റേന്ന് സ്കൂളിൽ പാഠം പഠിപ്പിച്ചുകൊണ്ടിരിക്കെ ഞാനെന്റെ ദിവാസ്വപ്നങ്ങളിലായിരുന്നു. പട്ടണത്തിൽ ഞാൻ ആരുടെകൂടെയാണ് താമസിക്കുക, എങ്ങനെയാണ് ഞാനവിടെ ജീവിക്കുക? ആരെങ്കിലും എനിക്ക് താമസിക്കാനൊരിടം തന്നാൽ അവർ പറയുന്ന എന്ത് ജോലിയും ഞാൻ ചെയ്തുകൊടുക്കും. വിറകു കീറുക, വെള്ളം കോരുക, വസ്ത്രങ്ങൾ നനയ്ക്കുക തുടങ്ങി എ

ല്ലാം. പെട്ടെന്ന്, പുറത്ത് കുളമ്പടികളുടെ ശബ്ദം കേട്ട് ഞാൻ ഞെട്ടി. കുതിരകൾ പാഞ്ഞു വരികയാണ്. അവ ഞങ്ങളുടെ സ്കൂൾ ചവിട്ടിയരയ്ക്കും. ഞങ്ങളെല്ലാവരും ഭയപ്പാടോടെ ശ്രദ്ധിച്ചുകൊണ്ട് പേടിച്ച് വിറച്ചിരുന്നു.

"അതൊന്നും ശ്രദ്ധിക്കണ്ട. നമ്മുടെ ജോലി തുടരുക." ദുയിഷൻ പെട്ടെന്ന് പറഞ്ഞു.

കതക് മലർക്കെ തുറന്നു. അത് ചുവരിൽ ചെന്നടിച്ചു. വാതിൽപ്പടിയിൽ എന്റെ അമ്മായി നിൽക്കുന്നു. പകയും അഹങ്കാരവും നിറഞ്ഞ ഒരു ഭാവമായിരുന്നു അവരുടെ നിന്ദാഭരിതമായ മുഖത്ത്. ദുയിഷൻ വാതിലിന് നേർക്ക് നടന്നു.

"നിങ്ങൾ എന്തിനിവിടെ വന്നു?" ദുയിഷൻ ചോദിച്ചു.

"ഇതിൽ തനിക്ക് കാര്യമൊന്നുമില്ല. ഞാനെന്റെ മകളെ വിവാഹം കഴിപ്പിച്ച് അയ്ക്കാൻ പോകുകയാണ്. ഇവിടെ വാടീ തേവിടിശ്ശി!"

അവർ എന്റെ നേർക്ക് പാഞ്ഞടുത്തപ്പോൾ ദുയിഷൻ അവരെ തടഞ്ഞു. "ഞങ്ങൾക്കിവിടെ സ്കൂൾ കുട്ടികളേയുള്ളൂ. വിവാഹപ്രായമായ കുട്ടികളാരും ഇവിടെയില്ല." നിശ്ചയദാർഢ്യത്തോടെ ശാന്തനായി ദുയിഷൻ പറഞ്ഞു.

"അത് ഞങ്ങൾ നോക്കിക്കൊള്ളാം. ഹേയ്, വരിനെടാ, വന്ന് ആ കൊച്ചു പിശാചിനെ തൂക്കിയെടുത്ത് പുറത്തിട്."

പുറത്ത് നിന്ന കുതിരക്കാരിൽ ഒരാളെ അവർ കണ്ണുകാണിച്ച് വിളിച്ചു. അന്ന് ഞാൻ കണ്ട ആ ചുവന്ന തൊപ്പിക്കാരനായിരുന്നു അത്. മറ്റു രണ്ടാണുങ്ങളും താഴെയിറങ്ങി. അവരുടെ പക്കൽ വലിയ വടികളുണ്ടായിരുന്നു.

"എടാ, വീടും കുടിയുമില്ലാത്ത തെണ്ടീ, ഞങ്ങളുടെ പെൺകുട്ടികളുടെ കാര്യം തീരുമാനിക്കാൻ നീയാരാടാ, മാറെടാ വഴിയിൽ നിന്ന്." പോത്തിന്റെ മുഖമുള്ള തടിയൻ ഇങ്ങനെ അമറിക്കൊണ്ട് ഒരു കരടിയെപ്പോലെ ദുയിഷന്റെ നേരെ ചെന്നു.

"സ്കൂളിൽ കയറിവന്ന് അക്രമം കാട്ടാൻ നിങ്ങൾക്ക് യാതൊരവകാശവുമില്ല," വാതിൽക്കലേക്ക് അടുത്തുകൊണ്ട് ദുയിഷൻ പറഞ്ഞു.

"ഞാൻ പറഞ്ഞില്ലേ. അവൻ അവളുമായി കാശ് ചെലവില്ലാതെ വ്യഭിചാരം നടത്തുകയായിരുന്നു ഇതുവരെ," എന്റെ അമ്മായി പറഞ്ഞു.

"ഞാൻ നിന്റെ സ്കൂളിൽ തുപ്പുന്നു," ചുവന്ന മുഖമുള്ളവൻ പിന്നെയും വീശിക്കൊണ്ട് ഗർജിച്ചു.

ദുയിഷനായിരുന്നു കൂടുതൽ വേഗം പ്രവർത്തിച്ചത്. അദ്ദേഹം ആ മനുഷ്യന്റെ വയറിൽ ആഞ്ഞിടിച്ചു. അയാൾ ഒരു ഞരക്കത്തോടെ മറിഞ്ഞു വീണു. പെട്ടെന്ന് മറ്റു രണ്ടുപേരും ഞങ്ങളുടെ അദ്ധ്യാപകനെ ആക്രമിച്ചു. കുട്ടികൾ എന്നെ കെട്ടിപ്പിടിച്ച് ഉറക്കെ കരഞ്ഞു. എന്റെ പാവാടത്തുമ്പിൽതൂങ്ങിയ കുട്ടികളുമായി ഞാനാവഴക്കിനിടയിലേക്ക് കടന്നുചെന്നു.

"ടീച്ചറെ വിടൂ. അദ്ദേഹത്തെ ഉപദ്രവിക്കരുത്. ഇതാ ഞാൻ. എന്നെ കൊണ്ടുപൊയ്ക്കോളൂ. അദ്ദേഹത്തെ വെറുതെ വിടൂ."

ഞാൻ ഉറക്കെ കരഞ്ഞു പറഞ്ഞു. ദുയിഷൻ വട്ടം തിരിഞ്ഞു. അദ്ദേഹത്തിന്റെ ദേഹത്തുനിന്ന് രക്തം ഒലിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മുഖം കോപാവേശംകൊണ്ട് ഭയാനകമായിരുന്നു. തകർന്ന വാതിലിന്റെ ഒരു കഷണം കയ്യിലെടുത്ത് വീശിക്കൊണ്ട് അദ്ദേഹം ഉറക്കെ പറഞ്ഞു. "ഓടിക്കോ കുട്ടികളേ, വീട്ടിലേക്ക് ഓടിക്കോ... അൽത്തിനായീ ഓടിക്കോ."

അദ്ദേഹത്തിന്റെ അലർച്ച ഒരു നിലവിളിയായി മാറി. കാരണം അവരദ്ദേഹത്തിന്റെ കൈ ഒടിച്ചു കളഞ്ഞു. ഒടിഞ്ഞകൈ മറുകയ്യാൽ താങ്ങിക്കൊണ്ടു ദുയിഷൻ പിന്നാക്കം മാറി. പക്ഷേ, ആ രണ്ടു പുരുഷന്മാരും ഭ്രാന്തെടുത്ത കാളകളെപ്പോലെ മുക്രയിട്ടുകൊണ്ട് പ്രതിരോധിക്കാൻ പോലും കഴിവില്ലാത്ത ദുയിഷന്റെ മേൽ ചാടിവീണു.

"അടിക്കവനെ, അടിക്ക്. അവന്റെ തലയ്ക്ക് തന്നെ അടിക്ക്. അടിച്ച് കൊല്ലവനെ..."

എന്റെ അമ്മായിയും ചുവന്ന മുഖമുള്ള ആ തെമ്മാടിയും കൂടി എന്നെ കടന്നു പിടിച്ചു. എന്റെ മുടിപ്പിന്നൽ കഴുത്തിലൂടെ ചുറ്റിവളച്ച് വലിച്ചുകൊണ്ടാണവർ എന്നെ പുറത്തേക്ക് കൊണ്ടുവന്നത്. എന്റെ ശരീരത്തിലെ മുഴുവൻ ശക്തിയും ഉപയോഗിച്ച് പിടിയിൽനിന്ന് വഴുതി രക്ഷപ്പെടാൻ ഞാൻ ആവുന്നത്ര ശ്രമിച്ചു. ആ നിമിഷം എന്റെ സഹപാഠികൾ ഭയംകൊണ്ട് തളർന്ന് തമ്മിൽ കെട്ടിപ്പിടിച്ച്, ഉറക്കെക്കരഞ്ഞു. രക്തത്തിൽ കുളിച്ച ദുയിഷനെ ചുവരിലേക്ക് ചേർത്ത് ചവിട്ടിത്താഴ്ത്തുകയായിരുന്നു അവർ.

"ടീച്ചർ!" ഞാനുറക്കെ വിളിച്ചു.

പക്ഷേ ദുയിഷന് എന്നെ സഹായിക്കാൻ കഴിഞ്ഞില്ല. മർദ്ദ

നമേറ്റ് അവശനായ അദ്ദേഹം മദ്യപിച്ചവരെപ്പോലെ ആടിവീഴാൻ തുടങ്ങുകയാണ്. തല ഉയർത്താൻ അദ്ദേഹം ശ്രമിച്ചപ്പോഴെല്ലാം അവർ പിന്നെയും പിന്നെയും അടിച്ചു. എന്റെ കൈകൾ കെട്ടി അവരെന്നെ പുറത്തേക്കെറിഞ്ഞു. അപ്പോഴേക്കും ദുയിഷനും ബോധം കെട്ടു വീണു.

"ടീച്ചർ!"

എന്റെ വായ മൂടപ്പെട്ടു. എന്നെ ഒരു ജീനിയിലേക്ക് എടുത്തിടുകയും ചെയ്തു. ആ ചുവന്ന മോന്തക്കാരൻ നേരത്തെ കയറിയിരുന്നു. അയാളെന്നെ കൈകൾകൊണ്ടും ശരീരംകൊണ്ടും ഞെക്കിപ്പിഴിഞ്ഞു. മറ്റേരണ്ടു പുരുഷന്മാരും അവരവരുടെ ജീനികളിൽ ഇരിപ്പുറപ്പിച്ചു. എന്റെ അമ്മായി എനിക്കരികിലായി ഓടുന്നുണ്ടായിരുന്നു. അവരെന്റെ തലയിൽ ഇടിക്കുകയും ശപിക്കുകയും ചെയ്തുകൊണ്ടിരുന്നു.

"നീയിത് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയായിരുന്നു. നിന്റെ സൊല്ല ഒഴിഞ്ഞു എനിക്ക്. നിന്റെയാ ടീച്ചറിന്റെ കഥയും കഴിഞ്ഞു."

പക്ഷേ അദ്ദേഹത്തിന്റെ കഥ കഴിഞ്ഞിരുന്നില്ല. ഹൃദയം നുറുങ്ങുന്ന ഒരു നിലവിളി ഞാൻ കേട്ടു. "അൽത്തിനായീ!"

കുനിഞ്ഞ ശിരസ്സോടെ കുതിരപ്പുറത്തിരുന്ന ഞാൻ വളരെ വിഷമിച്ചു തിരിഞ്ഞുനോക്കി ദുയിഷൻ ഞങ്ങളുടെ പിന്നാലെ ഓടിവരുന്നുണ്ടായിരുന്നു. അടികൊണ്ട് പഞ്ഞിപോലെയായിട്ടും ചോരയൊലിപ്പിച്ചുകൊണ്ട് അദ്ദേഹം ഓടിവരുന്നു. കയ്യിൽ വലിയൊരു കല്ലുമുണ്ട്. അദ്ദേഹത്തിന്റെ പിന്നാലെ ക്ലാസിലെ മുഴുവൻ കുട്ടികളും കരഞ്ഞുകൊണ്ട് ഓടുന്നു.

"നിൽക്കെടാ തെമ്മാടികളെ, നിൽക്ക്. അവളെ വിട്ടയ്ക്ക്! അൽത്തിനായീ..." ദുയിഷൻ ഉറക്കെ വിളിച്ചു പറഞ്ഞു.

കുതിരക്കാർ നിന്നു. ദുയിഷനെ തല്ലിച്ചതച്ച ആ രണ്ടു ദുഷ്ടന്മാരും അദ്ദേഹത്തിന്റെ നേരെ മടങ്ങിച്ചെന്നു. ഒടിഞ്ഞ കയ്യിന്റെ സ്ലീവ് കടിച്ചു പിടിച്ചുകൊണ്ട് സ്വാധീനമുള്ള കൈ ഉപയോഗിച്ച് ഉന്നം പിടിച്ച് ദുയിഷൻ കല്ലെറിഞ്ഞു. പക്ഷേ, ഉന്നം തെറ്റി. ഉടനെ അവന്മാർ അദ്ദേഹത്തെ തങ്ങളുടെ വടികൊണ്ട് അടിച്ച് വീഴ്ത്തി. ആ നിമിഷാർദ്ധത്തിൽ എന്റെ ബോധം മറഞ്ഞു. അതിനുതൊട്ടുമുൻപ് ആ കുഞ്ഞുങ്ങൾ തറയിൽ തകർന്നുകിടന്ന തങ്ങളുടെ പിതാവിന്റെ അടുത്തേക്ക് ഓടുന്നതും പേടിച്ചരണ്ട് നിൽക്കുന്നതും ഞാൻ

ൻ കണ്ടു.

അവരെന്നെ എങ്ങനെ, എങ്ങോട്ടാണ് കൊണ്ടുപോണതെന്ന് എനിക്കറിയില്ല. ഞാനെത്തിയത് അപരിചിതമായ ഒരു തുകൽക്കൂടാരത്തിലാണ്. നേരത്തെ ഉദിക്കുന്ന തെളിഞ്ഞ നക്ഷത്രങ്ങൾ കൂടാരത്തിന്റെ മുകളിലെ വിടവിലൂടെ ഒളിഞ്ഞു നോക്കി. അടുത്തെവിടെയോ ഒരു നദിയൊഴുകുന്ന ശബ്ദം ഞാൻ കേട്ടു. ഒപ്പം ഇടയന്മാരുടെ ശബ്ദങ്ങളും. ഉണങ്ങിച്ചുരുണ്ട് ചില്ലിക്കൊമ്പുപോലെയുള്ള കഠിനഹൃദയയെന്ന് തോന്നിക്കുന്ന ഒരു സ്ത്രീ കറുത്ത നെരിപ്പോടിനരികിൽ ഇരിക്കുന്നുണ്ട്. അവളുടെ മുഖം ഭൂമിയെപ്പോലെ കറുത്തിട്ടായിരുന്നു. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു.... ഓ ഒറ്റനോട്ടം കൊണ്ട് അവനെ കൊല്ലാൻ ഞാനെത്രമാത്രം ആഗ്രഹിച്ചു!

"എടീ കറമ്പീ, അവളെ എഴുന്നേൽപ്പിക്ക്."ചുവന്ന മുഖമുള്ള തെമ്മാടി പറഞ്ഞു.

കറുത്ത സ്ത്രീ അടുത്തുവന്നു കാഠിന്യമേറിയ കൈകൊണ്ട് എന്റെ ചുമലിൽ പിടിച്ച് കുലുക്കി.

"അവളെ പറഞ്ഞ് മനസ്സിലാക്കാൻ നോക്ക്. അവളനുസരിക്കുന്നില്ലെങ്കിൽ, സാരമില്ല, ഞാൻ വെറുതെ അവൾക്ക് വേണ്ടി വാക്കുകൾ പാഴാക്കുകയില്ല." അയാൾ കൂടാരം വിട്ട് ഇറങ്ങിപ്പോയി.

കറുത്ത സ്ത്രീ വീണ്ടും കുത്തിയിരുന്നു. ഒരക്ഷരംപോലും ശബ്ദിച്ചില്ല. അവരൊരുപക്ഷേ ഊമയായിരിക്കുമോ? നനഞ്ഞ ചാരം പോലെയുള്ള അവളുടെ ചത്ത കണ്ണുകൾ, ശൂന്യതയിലേക്ക് വെറുതെ മിഴിച്ചിരുന്നു. കുഞ്ഞുങ്ങളായിരിക്കുമ്പോൾതന്നെ തല്ലുകൊണ്ട് വളരുന്ന പട്ടികൾ ഇങ്ങനെയാണ്. യജമാനന്മാരുടെ നിഷ്കരുണമായ അടി തുടർച്ചയായി കൊള്ളുന്ന പട്ടികളുടെ ആശയറ്റ, ശൂന്യമായ കണ്ണുകളിൽ നോക്കിയാൽ നിങ്ങൾ നടുങ്ങിപ്പോകും... ഞാൻ ആ സ്ത്രീയുടെ മരിച്ച കണ്ണുകളിലേക്ക് നോക്കി. അവരുടെ നോട്ടം കണ്ടാൽ എനിക്ക് ജീവനേയില്ലെന്നും ഞാൻ മരിച്ചു കഴിഞ്ഞെന്നും, എന്നെ മറവ് ചെയ്തുവെന്നും തോന്നിപ്പോകും. ആ നദിയുടെ ശബ്ദം കേട്ടിരുന്നില്ലെങ്കിൽ ഞാനും അങ്ങനെ വിശ്വസിച്ചു പോകുമായിരുന്നു. നദിയിലെ വെള്ളം അതിവേഗത്തിൽ കുതിച്ചൊഴുകുന്നതിന്റെ ശബ്ദം നന്നായി കേൾക്കാം. അവൾ സ്വതന്ത്രയാണ്, ഭാഗ്യവതി!

ശപിക്കപ്പെട്ട എന്റെ അമ്മായീ, നിങ്ങളുടെ ആ കറുകറുത്ത

ആത്മാവ് നശിച്ചുപോട്ടെ! എന്റെ കണ്ണുനീരിലും രക്തത്തിലും നിങ്ങൾ മുങ്ങിച്ചാവട്ടെ! ആ രാത്രി ഞാൻ ബലാൽസംഗം ചെയ്യപ്പെട്ടു. എനിക്ക് പതിനഞ്ച് വയസ് മാത്രമായിരുന്നു പ്രായം. എന്നെ നശിപ്പിച്ചവന്റെ പെൺമക്കളേക്കാളും ഇളയവൾ!

അവിടെയെത്തിയതിന്റെ മൂന്നാമത്തെ രാത്രി, അവിടെനിന്ന് രക്ഷപ്പെടണമെന്ന് ഞാൻ തീരുമാനിച്ചു. വഴിയിലുണ്ടാകാവുന്ന ആപത്തുകൾ ഞാൻ ധീരമായി നേരിടും. പിടിക്കപ്പെട്ടാലുള്ള അനുഭവവും ഞാൻ നേരിടും. പക്ഷേ, എന്റെ പ്രിയപ്പെട്ട ടീച്ചർ ദുയിഷനെപ്പോലെ, ശരീരത്തിൽ ജീവന്റെ കണികയെങ്കിലും ബാക്കിയുള്ളിടത്തോളം ഞാൻ പൊരുതും.

ശബ്ദമുണ്ടാക്കാതെ ഞാൻ കൂടാരത്തിന്റെ വാതിൽക്കലേക്ക് മെല്ലെ ഇഴഞ്ഞു. വാതിൽ മൂടി ഞാൻ തപ്പിനോക്കി. അത് കുതിരരോമക്കയർകൊണ്ട് ഊരാക്കുടുക്കിട്ട് കെട്ടി ഉറപ്പിച്ചിരുന്നു. ഇരുട്ടിൽ സങ്കീർണമായ ആ കുടുക്കഴിക്കാൻ ശ്രമിക്കുന്നത് വെറുതെയാണെന്ന് മനസ്സിലായി. കൂടാരത്തിന്റെ തറയിൽ മുട്ടുന്ന ഭാഗം ഉയർത്തി നൂണ്ട് രക്ഷപെടാനായി എന്റെ അടുത്തശ്രമം. അതും വ്യഥാവിലായി. പുറത്ത് നാട്ടിയ തടിക്കുറ്റിയിലേക്ക് കുതിരരോമക്കയർ ഉപയോഗിച്ച് കൂടാരത്തിന്റെ അടിഭാഗം ശക്തിയായി കെട്ടി ഉറപ്പിച്ചിരുന്നു. വാതിൽ കെട്ടിയുറപ്പിച്ച കയറ് മൂർച്ചയുള്ള എന്തെങ്കിലുംകൊണ്ട് മുറിച്ച് പുറത്തു കടക്കുക മാത്രമേ രക്ഷാമാർഗമായി തോന്നിയുള്ളു. ഞാനിരുട്ടിൽ തപ്പി നോക്കി. എനിക്കാകെ കിട്ടിയത് ഒരു ചെറിയ പലകക്കഷണമായിരുന്നു. നിരാശയോടെ ഞാനത് ഉപയോഗിച്ച് കൂടാരത്തിന്റെ അരികിലെ മണ്ണ് നീക്കാൻ തുടങ്ങി. അതൊരു നിരാശാജനകമായ പണിയായിരുന്നു. ഒരേയൊരു ചിന്തയേ എന്റെ തലച്ചോറിൽ അപ്പോഴുണ്ടായിരുന്നുള്ളു. സ്വതന്ത്രയാകുക. അല്ലെങ്കിൽ മരിക്കുക. അയാളുടെ വിമ്മിട്ടങ്ങളും കൂർക്കംവലിയും കേൾക്കാതിരിക്കാൻ വേണ്ടി എന്തും ചെയ്യാം. ഇവിടെ ഇങ്ങനെ കഴിയാതിരിക്കാൻ വേണ്ടി എന്തും ചെയ്യാം. മരിക്കുന്നെങ്കിൽ അത് സ്വതന്ത്രയായതിന് ശേഷം വേണം. യുദ്ധം ചെയ്ത് മരിക്കാം.

ഒരിക്കലും പക്ഷേ, അടിയറ വയ്ക്കുകയില്ല.

ഞാനൊരു വെപ്പാട്ടിയാണ്! ഞാനെത്രമാത്രം വെറുക്കുന്നു ആ വാക്കിനെ! ഏത് നശിച്ചകാലത്ത് ആരാണത് കണ്ടുപിടിച്ചത്! ഒരു രണ്ടാംഭാര്യയായിരിക്കുന്നതിലും അപമാനകരമായി എന്തുണ്ട്

ള്ളത്, ശരീരംകൊണ്ടും ആത്മാവുകൊണ്ടുമുള്ള അടിമത്തം? പാവപ്പെട്ട സ്ത്രീകളെ, നിങ്ങളുടെ കല്ലറയിൽ നിന്നുണർന്നെഴുന്നേൽക്കിൻ! ബലാൽസംഗം ചെയ്യപ്പെട്ടവരുടെ പ്രേതങ്ങളേ, അപകീർത്തികേട്ട പെണ്ണുങ്ങളേ, മാനുഷികമായ കുലീനത നഷ്ടപ്പെട്ടവരേ, എഴുന്നേൽക്കുക, രക്തസാക്ഷികളേ എഴുന്നേൽക്കുക, എന്നിട്ട് ബീഭത്സമായ ഈ കറുത്ത ലോകം പിളർക്കുക! ഞാനാണ് നിങ്ങളെ വിളിക്കുന്നത്, നിങ്ങളുടെ അവസാനത്തെ കണ്ണി, അതേവിധി അനുഭവിക്കുകയും ആചരിക്കുകയും വേണ്ടിവന്ന ഹതഭാഗ്യ!

ഒരിക്കൽ ഞാനിതിങ്ങനെ പറയാനിടയാകുമെന്ന് ആ രാത്രി ഞാൻ നിനച്ചതേയില്ല. നൈരാശ്യത്തിന്റെ ഉന്മത്താവസ്ഥയിൽ ഞാൻ മണ്ണിൽ മാന്തിക്കൊണ്ടേയിരുന്നു. കല്ലിച്ച മണ്ണായിരുന്നതുകൊണ്ട് കുഴിയ്ക്കാൻ വിഷമമായിരുന്നു. ഞാൻ കൈപ്പത്തികൊണ്ട് മാന്തിനോക്കി. എന്റെ നഖങ്ങൾ മുറിഞ്ഞ് ചോരയൊലിച്ചു. കഷ്ടിച്ച് എന്റെ കൈകടത്താൻ പാകത്തിൽ ഒരു കുഴി ശരിയാക്കിയപ്പോഴേക്കും നേരം പുലർന്നു. പട്ടികൾ കുരച്ചു തുടങ്ങി. ആളുകൾ എ ഴുന്നേറ്റു. കുതിരകളുടെ ഒരു പറ്റം നദിയിലേക്ക് ഓടിയിറങ്ങി. പി ന്നെ ഒരു പറ്റം ഉറക്കം തൂങ്ങുന്ന ആടുകൾ വന്നു.

പിന്നെ ആരോ സാവധാനം കൂടാരത്തിന്റെ വാതിൽ മെല്ലെ കെട്ടഴിച്ചു തുറന്നു. അത് ആ കറുത്ത, മൂകയായ സ്ത്രീയായിരുന്നു. അവർ രോമക്കമ്പിളികളൊക്കെ അടുക്കിപ്പെറുക്കി വയ്ക്കുകയാണ്.

അതിനർത്ഥം അവർ എങ്ങോട്ടോ യാത്രയ്ക്കൊരുങ്ങുകയാണെന്നാണ്. തലേന്ന് നടന്ന ചില സംഭാഷണങ്ങളുടെ തുണ്ടുകൾ ഞാനപ്പോൾ ഓർമിച്ചെടുത്തു. ഇന്നു രാവിലെ അവർ പുറപ്പെടാൻ തീർച്ചയാക്കിയിരിക്കുകയാണ്. തുടക്കത്തിൽ മലയിടുക്കിലേക്ക് പോകും. പിന്നീട് ചുരത്തിനപ്പുറമുള്ള മലമുകളിലേക്കും. വസന്തത്തിന്റെ അവശേഷിച്ച കാലം അവിടെ കഴിയും. എന്റെ അവസ്ഥ കൂടുതൽ മോശമാകുമെന്നുറപ്പായി. അവിടെ നിന്നും രക്ഷപ്പെടുക എന്നത് ഇതിനെക്കാൾ നൂറുമടങ്ങ് ബുദ്ധിമുട്ടുള്ളതായിരിക്കും.

കുഴിയുണ്ടാക്കിയിരുന്നിടത്തുനിന്നും അനങ്ങാൻപോലും ഞാൻ കൂട്ടാക്കിയില്ല. പക്ഷേ എന്ത് ഫലം! ആ കറമ്പിപ്പെണ്ണുംപിള്ള എന്റെ കുഴിയും അതിനു സമീപം കൂടിക്കിടക്കുന്ന മണ്ണും കണ്ടു. പക്ഷേ ഒരക്ഷരം ശബ്ദിക്കാതെ അവരുടെ പണിനോക്കിപോയി. അവരുടെ എല്ലാ പെരുമാറ്റങ്ങളിലും ഈ നിസ്സംഗഭാവം പ്രക



ഹായിരുന്നു. ലോകത്തിലൊന്നിനും അവളിൽ ഒരു പ്രതികരണവും സൃഷ്ടിക്കാൻ സാധ്യമല്ലെന്ന് തോന്നും. ഭർത്താവിനെ ഉണർത്താനോ, യാത്രയൊരുക്കങ്ങൾക്ക് സഹായിക്കാൻ അയാളോട് ആവശ്യപ്പെടാനോ അവൾ തയ്യാറായില്ല. അയാളപ്പോഴും ബ്ലാങ്കറ്റുകളുടെയും രോമക്കോട്ടുകളുടെയും ഒരു കുന്നിന് അടിയിൽ കിടന്ന് ഉറക്കെ കൂർക്കം വലിക്കുകയായിരുന്നു.

കമ്പിളികളെല്ലാം ചുരുട്ടി വച്ചു. കൂടാരം നഗ്നമായി. ഒരു കൂട്ടിനുള്ളിൽ നിന്നെന്നോണം ഞാനവിടെയിരുന്നുകൊണ്ട് നദിയുടെ മറുകരയിൽ ആളുകൾ കുതിരകളെയും കാളകളെയും നയിച്ചുകൊണ്ടുപോകുന്നത് കണ്ടു. കുതിരപ്പുറത്ത് സഞ്ചരിച്ചിരുന്ന മൂന്നു പുരുഷന്മാർ അവരിൽ ചിലരോട് എന്തോ ചോദിക്കുന്നതും പിന്നീട് ഞങ്ങളുടെ കൂടാരത്തിന്റെ നേരെ വരുന്നതും ഞാൻ കണ്ടു. ഞാനാദ്യം കരുതിയത് എല്ലാവരെയും യാത്രയ്ക്ക് ഒരുക്കാൻ നേതൃത്വം കൊടുക്കുകയായിരിക്കും അവരെന്നാണ്. പക്ഷേ ഞാൻ പിന്നെയും സൂക്ഷിച്ച് നോക്കിയിട്ട് ദീർഘനിശ്വാസമുതിർത്തു. അവരിൽ ഒരാൾ ദുയിഷനായിരുന്നു. മറ്റു രണ്ടുപേരും പട്ടാളക്കോട്ടും തോളിൽ ചുവപ്പുപട്ടയും തലയിൽ പട്ടാളത്തൊപ്പിയും അണിഞ്ഞിരുന്നു.

ഞാൻ അത്യധികം ആശ്ചര്യപ്പെട്ടു. ഒരു ശബ്ദം പോലും പുറപ്പെടുവിക്കാനാവാതെ നിന്നു. എന്റെ ടീച്ചർ ജീവിച്ചിരിക്കുന്നു. ഇതിലേറെ എന്ത് വേണം സന്തോഷിക്കാൻ. പക്ഷേ എന്റെ ആത്മാവിൽ ഒരു കറുത്ത ശൂന്യതയായിരുന്നു. ഞാൻ നശിച്ചിരിക്കുന്നു. ദുയിഷന്റെ തലയിൽ ബാൻഡേജുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈ സ്ലിങ്ങിലിട്ടിരിക്കുകയാണ്. അദ്ദേഹം കുതിരപ്പുറത്തു നിന്ന് താഴേക്ക് ചാടി. കൂടാരത്തിലേക്ക് ഓടിക്കയറി. എന്നിട്ട് ബ്ലാങ്കറ്റെല്ലാം തൊഴിച്ചെറിഞ്ഞിട്ട് ചുവന്നമോന്തക്കാരൻ തെമ്മാടിയോട് ഗർജ്ജിച്ചു.

"എഴുന്നേൽക്കെടാ."

അയാൾ തലപൊക്കി, കണ്ണുകൾ തിരുമ്മിയിട്ട് ദുയിഷന്റെ നേർക്ക് പെട്ടെന്ന് ചാടാൻ ഭാവിച്ചു. ഉടനെ തന്റെ നേർക്ക് റിവോൾവർ ചൂണ്ടി നിൽക്കുന്ന പട്ടാളക്കാരെക്കണ്ട് പിന്നാക്കം മാറി. ദുയിഷൻ അയാളുടെ കഴുത്തിൽ ചുറ്റിയിട്ടിരുന്ന തുണിയിൽ പിടിച്ച് വലിച്ച് തന്റെ മുഖത്തോടടുപ്പിച്ചിട്ട് ഉഗ്രമായൊന്നു കുലുക്കി.

"വൃത്തികെട്ട പന്നീ." ചോരവറ്റിയ ചുണ്ടുകൾക്കിടയിലൂടെ

സീൽക്കാരശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

"നീ പോകേണ്ടിടത്തേക്ക് അയ്ക്കാം, വാടാ തെമ്മാടീ." ആ മനുഷ്യൻ വിധേയഭാവത്തിൽ മുന്നോട്ടു നീങ്ങി . പക്ഷേ, ദുയിഷൻ അയാളുടെ തോളിൽ വിരലുകൾ താഴ്ത്തി ശക്തിയായി തിരിച്ചുകൊണ്ട് പൊട്ടിത്തെറിക്കുന്ന ശബ്ദത്തിൽ പറഞ്ഞു.

"നീ ചവിട്ടിമെതിച്ചുകളഞ്ഞ ഒരു പുൽനാമ്പാണ് അവളെന്ന് നീ ധരിച്ചോ? നിനക്ക് അവളെ നശിപ്പിക്കാൻ കഴിഞ്ഞെന്ന് നീ അഹങ്കരിക്കുന്നോ? എന്നാൽ ഒരു ചുക്കും സംഭവിച്ചിട്ടില്ല. തനിക്കൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. തന്റെ സമയം കഴിഞ്ഞു. ഇനി വരുന്നത് അവളുടെ സമയമാണ്. ഇത് തന്റെ അവസാനമായിരിക്കും."

ചുവന്ന മോന്തക്കാരന് ബൂട്ടു ധരിക്കാൻ അനുവാദം കൊടുത്തു. അത് ധരിച്ചയുടനെ അവർ അയാളുടെ കൈകൾ കെട്ടി ഒരു കുതിരപ്പുറത്ത് കയറ്റി, ഒരു പട്ടാളക്കാരൻ ആ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു നടന്നു. മറ്റേയാൾ തൊട്ടുപിന്നിൽ കുതിരയെ നടത്തി. ഞാൻ ദുയിഷന്റെ കുതിരപ്പുറത്ത് കയറി. അദ്ദേഹം എന്നോടൊപ്പം നടന്നു.

ഞങ്ങൾ പുറപ്പെട്ടപ്പോൾ മനുഷ്യസഹജമല്ലാത്തതും വന്യവുമായ ഒരു ഭീകരമായ ആക്രോശം പിന്നിൽ നിന്നും ഉയർന്നു. അത് ആ കറുത്ത സ്ത്രീയായിരുന്നു. അവർ അലറിക്കരഞ്ഞുകൊണ്ട് ഞങ്ങളുടെ പിന്നാലെ ഓടിവന്നു.

"അനുഭവിക്കെടോ അനുഭവിക്ക്. താൻ ഊറ്റിക്കുടിച്ച രക്തത്തിന് പകരമാണിത്, അണലീ. എന്റെ കറുത്ത ദിനങ്ങൾക്ക് പകരമാണിത്, ദുഷ്ടാ. നിന്നെ ഞാൻ ജീവനോടെ വിടില്ല." അവരുടെ ശബ്ദം പരമാവധി ഉയർന്നിരുന്നു.

വിവാഹജീവിതം ആരംഭിച്ചിട്ട് ഇന്നോളം ഒരുപക്ഷേ ആ സ്ത്രീ സ്വന്തം ശിരസ് ഉയർത്തിയിട്ടുണ്ടാവില്ല. ഇപ്പോൾ, അവരിൽ അടിഞ്ഞു കൂടിയിരുന്ന വിദ്വേഷവും, കെട്ടി നിർത്തപ്പെട്ട അവജ്ഞയും അണപൊട്ടുകയാണ്. അവരുടെ തുളഞ്ഞു കയറുന്ന നിലവിളി മലയിടുക്കുകളിൽ തട്ടി പ്രതിധ്വനിച്ചു. തന്റെ ജീനിമേൽ ഭീരുവിനെപ്പോലെ പമ്മിയിരിക്കുന്ന ഭർത്താവിന്റെ നേരെ അവൾ ഉയർന്നു ചാടി. അയാളുടെ മുഖത്തേക്ക് അവൾ വളവും ചെളിയും കല്ലുകളും വാരിയെറിഞ്ഞു. കരയുകയും ശപിക്കുകയും ചെയ്തു.

"നിന്റെ കാലുകുത്തിയേടത്ത് പുല്ലുമുളയ്ക്കാതെ പോകട്ടെ! നിന്റെ ശരീരം അടക്കം ചെയ്യാതെ വയലിൽ കിടന്നു ചീയട്ടെ! നി

ന്റെ കണ്ണുകൾ മലങ്കാക്കകൾ കൊത്തി വലിയ്ക്കട്ടെ! നിന്റെ മുഖം ഞാനിനി ഒരിക്കലും കാണാതെ പോകട്ടെ! പോയിത്തുലയ്.... നശിച്ചുപോ... തുലഞ്ഞുപോ....!''

ശ്വാസമെടുക്കാൻ ഒരു നിമിഷം നിന്നിട്ട് അവൾ ആർത്തനാദം പുറപ്പെടുവിച്ചുകൊണ്ട്, ഓടിപ്പോയി. കാറ്റിൽ അവളുടെ മുടി പാറിപ്പറക്കുന്നുണ്ടായിരുന്നു.

അതൊരു ദുഃസ്വപ്നം പോലെയായിരുന്നു. എനിക്ക് തലകറങ്ങുന്നുണ്ടായിരുന്നു. അനുഭവങ്ങൾ എന്നെയാകെ തകർത്തിരുന്നു. ദുയിഷൻ എന്റെ കുതിരയെ കടിഞ്ഞാണിൽ പിടിച്ച് നിയന്ത്രിക്കുകയാണ്. ബാൻഡേജ് ചെയ്ത തല താഴ്ത്തി, നിശ്ശബ്ദനായി അദ്ദേഹം നടന്നു.

ഒടുവിൽ ഞങ്ങൾ ആ വിധിനിർണായകമായ മലയിടുക്ക് പിന്നിട്ടു. പട്ടാളക്കാർ വളരെ മുന്നോട്ടുപോയിരുന്നു. ദുയിഷൻ അപ്പോൾ കുതിരയെ നിർത്തിയിട്ട് ആദ്യമായി എന്റെ മുഖത്ത് നോക്കി. അദ്ദേഹത്തിന്റെ മിഴികളിൽ ദാരണുമായ വേദന നിഴലിച്ചിരുന്നു. "ഞാൻ തോറ്റുപോയി. എനിക്ക് നിന്നെ രക്ഷിക്കാൻ കഴിഞ്ഞില്ലല്ലോ അൽത്തിനായീ. എന്നോടു ക്ഷമിക്കൂ കുട്ടി."

അദ്ദേഹം എന്റെ കൈപ്പത്തിയെടുത്ത് സ്വന്തം കവിളിൽ അമർത്തി.

"നീയെന്നോട് ക്ഷമിച്ചാലും എനിക്ക് സ്വയം മാപ്പ് നൽകാനാവില്ല."

ഞാനെന്റെ കുതിരയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട് പൊട്ടിക്കരഞ്ഞു. ദുയിഷൻ എന്റെ തലമുടിയിൽ തലോടിക്കൊണ്ട് മിണ്ടാതെ നിന്നു. എനിക്ക് മതിവരുവോളം കരയാൻ അനുവദിക്കുകയായിരുന്നു അദ്ദേഹം.

ഒടുവിൽ അദ്ദേഹം പറഞ്ഞു. "മതി, വരൂ അൽത്തിനായി നമുക്കു പോകാം. എനിക്ക് നിന്നോടൊരു കാര്യം പറയാനുണ്ട്. മിനിയാന്ന് ഞാൻ പ്രാദേശിക കേന്ദ്രത്തിൽ പോയിരുന്നു. നീ പട്ടണത്തിലെ സ്കൂളിലേക്കു പോകുകയാണ്."

ശബ്ദമുയർത്തി ഒഴുകുന്ന ഒരു തെളിഞ്ഞ അരുവിയുടെ കരയിലെത്തിയപ്പോൾ ദുയിഷൻ കുതിരയെ നിർത്തി.

തന്റെ പോക്കറ്റിൽ നിന്ന് ഒരു സോപ്പിന്റെ കഷണം എടുത്തു തന്നിട്ട് അദ്ദേഹം പറഞ്ഞു. "നീ മുഖമൊക്കെയൊന്ന് കഴുകൂ, അൽത്തിനായി. വേണമെങ്കിൽ ഞാൻ കുതിരയെ അല്പ സമയം

മേയാൻ വിടാം. നിനക്ക് വസ്ത്രങ്ങളൊക്കെ അഴിച്ച് മാറ്റി അരുവിയിലിറങ്ങി നന്നായൊന്നു മുങ്ങിക്കുളിക്കാം. കഴിഞ്ഞതെല്ലാം നീ മറക്കണം. ഇനിയൊരിക്കൽപ്പോലും അതെക്കുറിച്ചൊന്നും ചിന്തിക്കരുത്. നന്നായൊന്ന് നീന്തിക്കുളിക്ക്. അത് നിനക്ക് വളരെയധികം ഉന്മേഷം തരും. ശരിയല്ലേ?"

ഞാൻ തലകുലുക്കി. ദുയിഷൻ ദൂരേക്ക് നടന്നകന്നപ്പോൾ ഞാൻ വസ്ത്രങ്ങളെല്ലാം അഴിച്ച് വച്ച് നദിയിലേക്ക് ഇറങ്ങി. വെള്ളയും നീലയും, പച്ചയും, ചുവപ്പും നിറമുള്ള കല്ലുകൾ അടിത്തട്ടിൽ കിടന്നുകൊണ്ട് എന്നെ നോക്കി. നീലജലം എനിക്ക് ചുറ്റും അലകളിളക്കി. ഞാൻ കുറെ വെള്ളം കോരി എന്റെ മാറിടത്തിലേക്ക് തെറിപ്പിച്ചു. അതെന്നെ വല്ലാതെ ഇക്കിളിപ്പെടുത്തി. കഴിഞ്ഞ മൂന്നു ദിവസത്തിനിടയിൽ ആദ്യമായി ഞാനൊന്നു പൊട്ടിച്ചിരിച്ചു. എന്തൊരു സന്തോഷമാണെനിക്ക് ചിരിക്കാൻ! ഞാൻ വീണ്ടും വീണ്ടും ദേഹത്തേക്ക് വെള്ളം തേകിയൊഴിച്ചു. പിന്നീട് വെള്ളത്തിലേക്ക് മുങ്ങി. ഒഴുക്ക് എന്നെ മെല്ലെ ആഴത്തിലേക്ക് നയിച്ചു. ഞാൻ കാലിൽ ഉറച്ച് നിന്നിട്ട് വീണ്ടും വീണ്ടും മുങ്ങി.

"പ്രിയപ്പെട്ട നദീ, ആ മൂന്ന് ദിവസങ്ങളുടെ വൃത്തികേടുകളും അഴുക്കും എന്നിൽ നിന്ന് കഴുകി മാറ്റൂ. നിന്നെപ്പോലെ എന്നെയും നിർമലമാക്കൂ." ഞാൻ പിറുപിറുത്തു.

നമുക്ക് വിലപ്പെട്ട ഓർമകൾ നൽകുന്ന സ്ഥലങ്ങളിൽ എന്തുകൊണ്ട് നമ്മുടെ കാല്പാടുകൾ എന്നെന്നേയ്ക്കുമായി അവശേഷിപ്പിച്ചു കൂടാ...? മലനിരകളിൽ നിന്നും ദുയിഷനോടൊപ്പം ഇറങ്ങിപ്പോന്ന പാത എനിക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞാൽ, ഞാനാമണ്ണിൽ സാഷ്ടാംഗം നമസ്കരിച്ച് എന്റെ ടീച്ചറിന്റെ കാല്പാടുകളിൽ ചുംബിക്കും. ലോകത്തിലെ ഏത് റോഡിനെക്കാളും എനിക്ക് വിലപ്പെട്ടത് ആ പാതയാണ്. ജീവിതത്തിലേക്ക് തിരിച്ചു നടന്ന ആ പാതയെ ആ ദിവസത്തെ, ആ റോഡിനെ ഞാൻ വാഴ്ത്തുന്നു! എന്നിൽ ആശയുടെ പുതുനാമ്പുകൾ മുളപ്പിച്ചതിന് എന്റെ ഹൃദയത്തിൽ പ്രകാശം പരത്തിയതിന് അന്നുദിച്ച സൂര്യന് ഞാൻ നന്ദി പറയുന്നു. ഭൂമിക്കും നന്ദി പറയുന്നു.

രണ്ടു ദിവസം കഴിഞ്ഞ് ദുയിഷൻ എന്നെ റയിൽവേസ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ട് പോയി. അത്രയുമെല്ലാം അനുഭവിച്ചതിന് ശേഷം, ആ ഗ്രാമത്തിൽ താമസിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. [illegible] യികാൽ അമ്മൂമ്മയും കർത്താൻബായി അപ്പൂപ്പനും എന്റെ [illegible]

ധൃതി വേണ്ട; ഒരുക്കങ്ങളിലൊക്കെ സഹായിച്ചു. അവരെനിക്കു ചുറ്റും ബഹളംകൂട്ടി ഓടി നടന്നു. കെട്ടുകണക്കിന് ആഹാരസാധനങ്ങൾ എനിക്കായി ഒരുക്കിത്തന്നു. കുട്ടികളെപ്പോലെ തേങ്ങിക്കരഞ്ഞു. അയൽക്കാരെല്ലാവരും എന്നെ യാത്ര അയ്ക്കാൻ എത്തി. വഴക്കാളിയായ സറ്റ്യങ്കുലും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. എല്ലാവരുംതന്നെ എന്റെ തീരുമാനത്തെ അംഗീകരിച്ചു.

"ദൈവം നിന്നോടൊപ്പം ഉണ്ടാവും കുട്ടീ" സറ്റ്യങ്കുൽ എന്നോടു പറഞ്ഞു. "നിന്റെ പാത തെളിഞ്ഞതായിരിക്കട്ടെ. ഒന്നുകൊണ്ടും ഭയപ്പെടരുത്. നിന്റെ ടീച്ചർ കാട്ടിത്തന്ന ശരിയായ വഴിയേ പോകുക. നിനക്ക് നന്മവരും. നീയെന്തു പറഞ്ഞാലും ശരി, ഞങ്ങളും ചില നല്ല കാര്യങ്ങളൊക്കെ മനസ്സിലാക്കി."

ഞങ്ങളുടെ സ്കൂൾകുട്ടികൾ വണ്ടിക്കൊപ്പം കുറെ ദൂരം ഓടിയിട്ട് കൈവീശീ യാത്രാനുമതി നൽകി.

ടാഷ്ക്കന്റിലെ ബാലഭവനത്തിലേക്ക് എന്നെപ്പോലെയുള്ള വേറെയും ധാരാളം കുട്ടികൾ പോകുന്നുണ്ട്. തുകൽജാക്കറ്റ് ധരിച്ച ഒരു റഷ്യൻ സ്ത്രീ റയിൽവേസ്റ്റേഷനിൽ ഞങ്ങളെ കാത്ത് നിന്നിരുന്നു.

പോപ്ലാർ മരങ്ങളുടെ തണലുള്ള ആ ചെറിയ സ്റ്റേഷനിലേക്ക് എന്നെ ആ ട്രെയിൻ എത്രയോ തവണ പിന്നീട് കൊണ്ടുപോയിരിക്കുന്നു! എന്റെ ഹൃദയത്തിന്റെ പാതി ഞാനവിടെ എന്നേക്കുമായി സമർപ്പിച്ചിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്.

ആ ശീതകാല സായാഹ്നത്തിൽ, ചെഞ്ചായപ്രഭയിൽ, ഹൃദയഭേദകമായ എന്തോ ഒന്നുണ്ടായിരുന്നു. ഞങ്ങൾ എന്നേക്കുമായി പിരിയുകയാണെന്ന് ആ സന്ധ്യ സ്വയം മനസ്സിലാക്കിയിരുന്നതുപോലെ! തന്റെ മനഃപ്രയാസം പുറത്ത് കാട്ടാതിരിക്കാൻ ദുയിഷൻ കഠിനശ്രമം തന്നെ നടത്തി. പക്ഷേ എനിക്കതറിയാമായിരുന്നു. കാരണം അതേ വേദന എന്റെ തൊണ്ടയിൽ ഒരു ചുടുവീക്കമായി നിറഞ്ഞിരുന്നു. എന്റെ കണ്ണുകളിൽ ഉറ്റുനോക്കിക്കൊണ്ട് അദ്ദേഹം ചേർന്നു നിന്നു. അദ്ദേഹം എന്റെ മുടിയിഴകളിലും, മുഖത്തും എന്റെ ഉടുപ്പിന്റെ ബട്ടനുകളിൽപ്പോലും വാത്സല്യപൂർവം തലോടി.

"എന്തെങ്കിലും കഴിവുണ്ടായിരുന്നെങ്കിൽ ഞാൻ നിന്നെ പറഞ്ഞയയ്ക്കുമായിരുന്നില്ല, അൽത്തിനായീ, പക്ഷേ, എനിക്ക് നിന്റെ വഴിയിൽ തടസമാകാൻ യാതൊരവകാശവുമില്ല. നീ പഠിക്കണം. ഞാനത്ര സാക്ഷരനൊന്നുമല്ലെന്ന് നിനക്കറിയാമല്ലോ. നീ

പോകണം. അത് ഏറ്റവും നല്ലതിനാണ്. ഒരു നാൾ നിന്റെ പഴയ സ്കൂളിനെ ഓർത്ത് ചിരിച്ചുപോയേക്കാം. അങ്ങനെയാവട്ടെ, അതങ്ങനെയാവട്ടെ..."

മലനിരകളിൽ തട്ടി പ്രതിധ്വനിച്ചുകൊണ്ട് അകലെ നിന്നും ട്രെയിനിന്റെ ചൂളം വിളി കേട്ടു. തുടർന്ന് ലൈറ്റും കാണപ്പെട്ടു. കാത്തു നിന്നിരുന്ന ജനങ്ങൾക്കിടയിൽ ഒരിളക്കം ഉണ്ടായി.

"അടുത്ത നിമിഷം നീ പോകുകയായി," കണ്ണുകൾ ഒപ്പിക്കൊണ്ടു അദ്ദേഹം പറഞ്ഞു. പൊടുന്നനെ ഓർമിച്ചുതുപോലെ തുടർന്നു. "നാം ഇരുവരും ചേർന്ന് നട്ട ആ പോപ്ലാർ പെടികളെ ഞാൻ പരിപാലിക്കും. വലിയൊരാളായി നീ മടങ്ങിയെത്തുമ്പോൾ, അവ എത്ര മനോഹരമായി വളർന്നിരിക്കുന്നു എന്ന് നിനക്ക് കാണാൻ കഴിയും."

ട്രെയിൻ ഉരുണ്ടു വന്ന്, മെല്ലെ നിന്നു.

"ശരി. ഇനി നമുക്ക് വിട പറയാം." ദുയിഷൻ എന്നെ കൈകളിൽ വാരിയെടുത്ത് എന്റെ നെറ്റിയിൽ അമർത്തിച്ചുംബിച്ചു.

"സർവഭാവുകങ്ങളും നേരുന്നു, എന്റെ പ്രിയപ്പെട്ട കുട്ടീ... നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ട എപ്പോഴും ധീരയായിരിക്കുക..."

ഞാൻ ട്രെയിനിലേക്ക് കയറി, എന്റെ ചുമലിനു മുകളിലൂടെ തിരിഞ്ഞുനോക്കി. ആ നിമിഷം ഞാനൊരിക്കലും മറക്കുകയില്ല. സ്ലിങ്ങിലിട്ട ഒടിഞ്ഞ കയ്യുമായി ദുയിഷൻ നിറഞ്ഞൊഴുകുന്ന മിഴികളോടെ എന്നെ നോക്കുകയാണ്. എന്നെ ഒരിക്കൽകൂടി തൊടണം എന്ന ആഗ്രഹത്തോടെ അദ്ദേഹം മുന്നോട്ടാഞ്ഞു. പക്ഷേ ആ നിമിഷം ട്രെയിൻ നീങ്ങിത്തുടങ്ങി.

"ഗുഡ്ബൈ അൽത്തിനായി, ഗുഡ്ബൈ! എന്റെ തിളങ്ങുന്ന നക്ഷത്രമേ....!"

"ഗുഡ്ബൈ, ടീച്ചർ! ഗുഡ് ബൈ.. എന്റെ പ്രിയപ്പെട്ട, പ്രിയപ്പെട്ട ടീച്ചർ...!"

ദുയിഷൻ ട്രെയിനിനൊപ്പം ഓടാൻ തുടങ്ങി. ഒടുവിൽ വേഗതകൂട്ടാൻ ശ്രമിക്കവേ അദ്ദേഹം വീണുപോയി. അദ്ദേഹം ഉറക്കെയുറക്കെ വിളിച്ചു, "അൽത്തിനായീ!"

വളരെ അത്യാവശ്യമായി എന്നോടു പറയാൻ കരുതിയിരുന്ന എന്തോ പ്രധാനപ്പെട്ട കാര്യം പറയാൻ വിട്ടുപോയതുപോലെയായിരുന്നു ആ വിളി. പക്ഷേ വളരെ വൈകിപ്പോയിരുന്നു അപ്പോഴേക്കും. അത് മനസ്സിലാക്കി. ഇന്നും എനിക്ക് ആ വിളി കേൾക്കാം.

കഴിയുന്നു. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും, ആത്മാവിന്റെ അഗാധതയിൽ നിന്നും ഉയർന്ന ആ വിളി.

ട്രെയിൻ ഒരു തുരങ്കത്തിലേക്ക് കയറി. പിന്നീടത് പുറത്ത് വന്നു നേർരേഖയിലുള്ള പാതയിലൂടെ, ഒരു പുതിയ ജീവിതത്തിലേക്ക് എന്നെയും വഹിച്ചുകൊണ്ട് അതിവേഗം ഓടാൻ തുടങ്ങി.

"ഗുഡ്ബൈ ടീച്ചർ, ഗുഡ്ബൈ!"

എന്റെ ആദ്യത്തെ സ്കൂളിന് വിട, എന്റെ ബാല്യകാലത്തിനു വിട, എന്റെ ആദ്യപ്രേമത്തിനും വിട!

ദുയിഷൻ കിനാവ് കണ്ട വലിയ പട്ടണത്തിൽ ഞാൻ ജീവിതം തുടങ്ങി. അദ്ദേഹം പണ്ട് പറഞ്ഞിരുന്നതുപോലെ വലിയ ജനാലകളുള്ള വലിയ സ്കൂളിൽ ഞാൻ പഠിച്ചു. ഹൈസ്ക്കൂൾ കഴിഞ്ഞപ്പോൾ എന്നെ മോസ്കോയിലുള്ള ഒരു സ്ഥാപനത്തിലേക്കയച്ചു.

വർഷങ്ങൾ നീണ്ട പഠനം ഏറെ ബുദ്ധിമുട്ടുകൾ നിറഞ്ഞതായിരുന്നു. അത്രയധികമൊന്നും പഠിക്കാനോ ഉൾക്കൊള്ളാനോ എനിക്ക് കഴിയില്ലെന്നുപോലും എനിക്ക് തോന്നി. പക്ഷേ ഞാൻ ശ്രമം ഉപേക്ഷിക്കാൻ തയ്യാറല്ലായിരുന്നു. എന്റെ പഴയ ടീച്ചറോടുള്ള കടപ്പാട് എനിക്ക് നിർവഹിക്കണമായിരുന്നു. കാര്യങ്ങൾക്ക് കടുപ്പമേറിയപ്പോഴെല്ലാം അദ്ദേഹത്തിന്റെ ഓർമകൾ എനിക്ക് ഉന്മേഷവും ശക്തിയും പകർന്നു. എനിക്ക് ആദ്യം മുതൽ തുടങ്ങേണ്ടിയിരുന്നതുകൊണ്ട് മറ്റുള്ളവർ ഒറ്റനോട്ടത്തിൽ പഠിക്കുന്ന കാര്യങ്ങൾപോലും മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടേണ്ടിവന്നു.

ഹൈസ്കൂളിൽ പഠിക്കുമ്പോൾ, ഞാൻ ദുയിഷന് ഒരു കത്തയച്ചു. ഞാനദ്ദേഹത്തെ സ്നേഹിക്കുന്നുവെന്നും അദ്ദേഹത്തിനായി കാത്തിരിക്കുന്നുവെന്നും ഞാൻ തുറന്നെഴുതി. പക്ഷേ അദ്ദേഹം മറുപടി തന്നില്ല. പിന്നീട് ഒരിക്കലും ഞാനെഴുതിയിട്ടില്ല. എനിക്ക് തോന്നുന്നത് അദ്ദേഹം സ്വന്തം താല്പര്യവും സന്തോഷവും ത്യജിക്കുകയായിരുന്നുവെന്നാണ്. എന്റെ പഠിപ്പ് അലങ്കോലമാകരുതെന്ന നിശ്ചയമായിരുന്നിരിക്കാം അതിനുപിന്നിൽ. ഒരു പക്ഷേ അദ്ദേഹത്തിന്റെ തീരുമാനമായിരുന്നിരിക്കാം ശരി! അതോ മറ്റെന്തെങ്കിലും കാരണമുണ്ടായിരുന്നോ? ഞാനന്നനുഭവിച്ച വ്യഥയും സംശയങ്ങളും എങ്ങനെ വർണിക്കും?

ഞാൻ സമർപ്പിച്ച തിസീസിന് മോസ്കോയിൽ നിന്ന് എനിക്ക് ആദ്യ ബിരുദം ലഭിച്ചു. അതെനിക്ക് ഒരു വലിയ നേട്ടവും വിജയവുമായിരുന്നു. തിരക്കേറിയ ആ വർഷങ്ങളിൽ ഒരിക്കൽ പോലും ഞാൻ വീട്ടിൽ പോയില്ല. അപ്പോഴാണ് യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. ആ ശിശിരകാലത്തിന്റെ ഒടുവിൽ ഫ്രൂൺസേയിലേക്ക് പോകും വഴി, ദുയിഷനും ഞാനും വിട പറഞ്ഞ ആ ചെറിയ സ്റ്റേഷനിലിറങ്ങി. ഭാഗ്യത്തിന് എനിക്കൊരു ചെറിയ വാഹനം കിട്ടി.

എന്റെ പ്രിയപ്പെട്ട വീട്ടിലേക്ക് ഞാൻ മടങ്ങിയെത്തിയത് യുദ്ധത്തിന്റെ നാളുകളിലായിപ്പോയല്ലോ. എന്റെ നാടിന്റെ മുഖച്ഛായ തന്നെ മാറിയത് കണ്ടു ഞാൻ സന്തോഷിച്ചു. പുതിയ ഗ്രാമങ്ങൾ പുതിയ കൃഷിസ്ഥലങ്ങൾ, പുതിയ റോഡുകൾ പുതിയ പാലങ്ങൾ, പക്ഷേ എല്ലാറ്റിനും മീതെ യുദ്ധത്തിന്റെ കരിനിഴൽ വ്യാപിച്ചിരുന്നു.

ഗ്രാമത്തിലെത്തിയപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി. ദൂരെ നിന്നു തന്നെ ഞാൻ വീടുകളും, വഴികളും, പുരയിടങ്ങളുമൊക്കെ തിരിച്ചറിയാൻ ശ്രമം തുടങ്ങി. പിന്നീട് ഞാൻ ഞങ്ങളുടെ പഴയ സ്കൂൾ സ്ഥിതി ചെയ്തിരുന്ന കുന്നിലേക്ക് നോക്കി. രണ്ടു വലിയ പോപ്ലാർ മരങ്ങൾ അടുത്തുടുത്ത് നിൽക്കുന്നു. ആ കാഴ്ച കണ്ടപ്പോൾ എന്റെ ശ്വാസം നിലച്ചതുപോലെ തോന്നി. കാറ്റിൽ അവ മെല്ലെ ആടുന്നുണ്ടായിരുന്നു. അപ്പോൾ, അന്നാദ്യമായി ഞാനെന്റെ ടീച്ചറിനെ പേരെടുത്തു വിളിച്ചു.

"ദുയിഷൻ," ഞാൻ പതുക്കെ പറഞ്ഞു. "അങ്ങ് എനിക്ക് ചെയത് തന്ന എല്ലാറ്റിനും നന്ദിയുണ്ട്. ദുയിഷൻ അങ്ങ് എപ്പോഴും എന്നെ ഓർക്കുന്നുണ്ടായിരുന്നുവല്ലേ. എനിക്കുതന്ന വാക്ക് അങ്ങു പാലിച്ചുവല്ലോ ദുയിഷൻ, അങ്ങെന്നെ എത്രയേറെ ഇഷ്ടപ്പെടുന്നു!"

എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി!

യുവാവായ ഡ്രൈവർ അമ്പരന്നു ചോദിച്ചു. "എന്താ, എന്തു പറ്റി?"

"ഒന്നുമില്ല. നിങ്ങൾക്ക് ഇവിടെ ആരെയെങ്കിലും പരിചയമുണ്ടോ?"

"ഉവ്വ്. എനിക്ക് എല്ലാവരെയും അറിയാം."

"നിങ്ങൾക്ക് ദുയിഷനെ അറിയാമോ? അദ്ദേഹം പണ്ടിവിടെ ഒരു സ്കൂൾ നടത്തിയിരുന്നു."

"ദുയിഷൻ? അദ്ദേഹം പട്ടാളത്തിൽ ചേർന്നല്ലോ. ഉടനെ വണ്ടിയിൽ ഞാനാണ് അദ്ദേഹത്തെ റിക്രൂട്ടിങ് ഓഫീസിലേക്ക് കൊ



ണ്ടുപോയത്."

എന്നെ അവിടെ വിട്ടു മടങ്ങിപ്പൊയ്ക്കൊള്ളാൻ ഞാൻ അയാളോടു പറഞ്ഞു. ഇനി ഞാനെന്ത് ചെയ്യും. പരിചയമുള്ള വീടുകളിലേക്ക് സന്ദർശനം നടത്തുകയോ? ഈ സമയത്ത് എന്തായാലും എനിക്കത് വയ്യ. ദുയിഷൻ അങ്ങെവിടെയോ യുദ്ധം ചെയ്യുകയാണ്. മറ്റൊരു കാര്യവുമുണ്ട്. എന്റെ അമ്മായിയുടെയും അമ്മാവന്റെയും വീട്ടിൽ ഇനി കാലു കുത്തുകയില്ലെന്ന് ഞാൻ പ്രതിജ്ഞയെടുത്തിട്ടുണ്ട്. ഏത് തെറ്റും പൊറുക്കുവാൻ നമുക്ക് കഴിയും. പക്ഷേ എന്നോടവർ ചെയ്ത രാക്ഷസീയമായ പ്രവൃത്തി മറക്കാൻ എനിക്കൊരിക്കലും സാദ്ധ്യമല്ല. ഞാൻ മടങ്ങി വന്ന വിവരം അവർ അറിയുകപോലും അരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് വഴിയിൽ നിന്നും വിട്ട് ഞാൻ ആ കുന്നിൻ മുകളിലേക്ക് നടന്നു.

അതാ എന്റെ പ്രിയപ്പെട്ട പോപ്ലാറുകൾ! മനോഹരങ്ങളായ പോപ്ലാറുകൾ. നിങ്ങളുടെ ആ ചെറുപ്രായത്തിന് ശേഷം പാലത്തിനടിയിലൂടെ എത്രമാത്രം വെള്ളം ഒഴുകിപ്പോയി. നിങ്ങളെ നട്ടുവളർത്തി പരിപാലിച്ച ആ മനുഷ്യൻ സ്വപ്നം കണ്ടതും പ്രവർത്തിച്ചതുമൊക്കെ സത്യമായിരിക്കുന്നു. പിന്നെ, എന്തിനാണ് നിങ്ങൾ സങ്കടപ്പെട്ടു പിറുപിറുക്കുന്നത്? വസന്തം വിടപറയുന്നതോർത്ത് നിങ്ങൾ വിലപിക്കുകയാണോ? ശീതക്കാറ്റ് നിങ്ങളുടെ ഇലകൊഴിക്കുന്നതിനെക്കുറിച്ച് പരാതിപ്പെടുകയാണോ നിങ്ങൾ? അതോ, ഞങ്ങളുടെ വേദനയും ദുഃഖവും അറിഞ്ഞ് നിങ്ങളുടെ ചില്ലകൾ അനുശോചിക്കുകയാണോ?

ശരിയാണ് ശിശിരകാലം വരും. ശക്തിയായ തണുപ്പുണ്ടാകും. ശീതക്കൊടുങ്കാറ്റടിക്കും. പക്ഷേ അതിനുശേഷം വീണ്ടും വസന്തം വരും...!

മഞ്ഞപ്പ് കലർന്ന ഇലകളുടെ മർമരം കേട്ടുകൊണ്ട് ഞാൻ വളരെയേറെ സമയം അവിടെയിരുന്നു. വൃക്ഷച്ചുവട്ടിലുണ്ടായിരുന്ന ആ കുഴി അടുത്തകാലത്ത് ആരോ വൃത്തിയാക്കിയിട്ടുണ്ട്. അതിനു ചുറ്റും തൂമ്പാപ്പാടുകൾ കാണാനുണ്ട്. വക്കോളം നിറഞ്ഞ വെള്ളത്തിനുമീതെ നേർത്ത ഓളങ്ങൾ ഇളകുന്നു. വെള്ളത്തിൽ പോപ്ലാർ മരങ്ങൾ പൊഴിച്ച മഞ്ഞ നിറമുള്ള ഇലകൾ ഒഴുകിനടന്നു.

ഞാൻ നിൽക്കുന്നിടത്ത് നിന്ന് നോക്കിയാൽ പുതിയ സ്കൂ

ളിന്റെ മേൽക്കൂര കാണാം. എന്നാൽ ഞങ്ങളുടെ പഴയ പള്ളിക്കൂടത്തിന്റെ യാതൊരടയാളവും അവിടെങ്ങും അവശേഷിച്ചിരുന്നില്ല. ഞാൻ റോഡിലേക്ക് നടന്നു. ആദ്യം കിട്ടിയ ഒരു വാഹനത്തിൽ കയറി റയിൽവേ സ്റ്റേഷനിലേക്ക് മടങ്ങി.

വൻ യുദ്ധത്തിനൊടുവിൽ വിജയം കൈവന്നു. കുട്ടികൾ അവരുടെ പിതാക്കന്മാർ സമ്മാനിച്ച ഭൂപടപ്പെട്ടികളിൽ പുസ്തകവും നിറച്ച് സ്കൂളിലേക്ക് പോയി. പുരുഷന്മാർ മടങ്ങി വന്ന് അവരുടെ സ്ത്രീകളെ സഹായിച്ചു. വിധവകളായിത്തീർന്നവർ, ഇനിയും കണ്ണീരൊഴുക്കാനില്ലാതെ തങ്ങളുടെ വിധിയുമായി അനുരഞ്ജനം നടത്താൻ നിശ്ചയിച്ചു. തങ്ങളുടെ പ്രിയപ്പെട്ടവരുടെ മടങ്ങിവരവും കാത്തിരിക്കുന്ന അനേകം സ്ത്രീകളും കുട്ടികളും അക്കൂട്ടത്തിലുണ്ടായിരുന്നു.

എനിക്കും ദുയിഷനെക്കുറിച്ച് ഒരു വിവരവും ലഭിച്ചില്ല. കുർക്കുറോവിൽ പോയി മടങ്ങിവന്ന ചിലർ എന്നോടു പറഞ്ഞത് അദ്ദേഹത്തെ കാണാനില്ലാത്തവരുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നതെന്നാണ്. അങ്ങനെ സൂചിപ്പിക്കുന്ന ഒരു നോട്ടീസ് ഗ്രാമസഭയ്ക്ക് ലഭിച്ചുവത്രെ!

"ഒരു പക്ഷേ അയാൾ കൊല്ലപ്പെട്ടതാവാം." അവർ പറഞ്ഞു. "എത്രയോ കാലം കഴിഞ്ഞിട്ടും ഒരു വിവരവും കിട്ടിയില്ലല്ലോ."

അപ്പോൾ എന്റെ ദുയിഷൻ മടങ്ങിവരികയില്ല. അന്ന് ഗുഡ് ബൈ പറഞ്ഞ് പിരിഞ്ഞ മറക്കാനാവാത്ത ആ ദിവസം ഞങ്ങളുടെ അവസാനത്തേതായിരുന്നുവോ!

എന്റെ പിന്നിട്ടകാലത്തിന്റെ ഈ പേജുകൾ മറിച്ചു നോക്കുംവരേയ്ക്കും, ഇത്രയധികം സങ്കടവും ആധിയും എന്റെ ഹൃദയത്തിലുണ്ടായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല.

1946 ലെ ശിശിരകാലത്ത് ടോംസ്റ്റക് യൂണിവേഴ്സിറ്റിയിൽ ഒരു ശാസ്ത്രദൗത്യവുമായി എനിക്ക് പോകേണ്ടിവന്നു.

സൈബീരിയയിലൂടെയുള്ള എന്റെ ആദ്യത്തെ യാത്രയായിരുന്നു അത്. ശരൽക്കാലത്തിന്റെ സമാപനഘട്ടത്തിൽ രാജ്യം കഠിനവും ബീഭത്സവുമായിത്തോന്നി. വൃദ്ധവനങ്ങൾ ഇരുട്ടിൽ തിളങ്ങി. അവിടവിടെ ചെറിയ വീടുകളുടെ മേൽക്കൂരകൾ തെളിഞ്ഞു കണ്ടു. ചിമ്മിനികളിൽ നിന്നും നേർത്ത പുക വമിക്കുന്നു. തണുത്തുമരവിച്ച വയലുകളിൽ മഞ്ഞ് പെയ്യുന്നു. കാക്കകൾ കലമ്പൽ കൂട്ടി വട്ടം പറക്കുന്നു. ആകാശം മിക്കവാറും മഴക്കാർ മൂടിക്കിടന്നു.

പക്ഷേ സഹയാത്രക്കാർക്കൊപ്പമുള്ള എന്റെ ട്രെയിൻ യാത്ര ഒട്ടും മുഷിപ്പനായിരുന്നില്ല. യുദ്ധത്തിൽ പരുക്കേറ്റ് ഊന്നുവടി ആധാരമാക്കിയ ഒരു മനുഷ്യൻ തന്റെ തമാശനിറഞ്ഞ യുദ്ധക്കഥകൾ പറഞ്ഞ് ഞങ്ങളെ രസിപ്പിച്ചുകൊണ്ടിരുന്നു. ആ നിരുപദ്രവകരവും അകൃത്രിമവുമായ, ഗാംഭീര്യം നിറഞ്ഞ, യഥാർത്ഥകഥകൾ ഒട്ടും മുഷിപ്പനായി ഞങ്ങൾക്ക് തോന്നിയില്ല. ട്രെയിനിലെ എല്ലാ യാത്രക്കാരും അയാളെ ഇഷ്ടപ്പെട്ടു. നോവോസിബിർസ്ക് കഴിഞ്ഞപ്പോൾ ഒരു ഫ്ളാഗ് സ്റ്റേഷനിൽ ട്രെയിൻ ഒരു മിനിറ്റ് നിർത്തിയിട്ടു. പട്ടാളക്കാരൻ പറഞ്ഞ തമാശയിൽ രസിച്ച് ചിരിച്ചുകൊണ്ട് ഞാൻ ജനാലയിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ടുനിന്നു. ഞങ്ങൾ വീണ്ടും യാത്രയായി. സ്വിച്ച്മാന്റെ ഏകാന്തമായ ചെറിയ കുടിൽ കടന്നുപോകെ പെട്ടെന്ന് ഷോക്കടിച്ചതുപോലെ തോന്നി എനിക്ക്. ഞാനുടനെ പിന്നാക്കം ഓടി ആ ജനലിലൂടെ വീണ്ടും നോക്കി. അത് ദുയിഷനായിരുന്നു, അതെ, അദ്ദേഹം അവിടെ നിൽക്കുന്നു! കുടിലിന് പുറത്ത് ഒരു കൊടിയും ഉയർത്തിപ്പിടിച്ച് അദ്ദേഹം നിൽക്കുന്നു. എനിക്ക് ഭ്രാന്തായിപ്പോയെന്നു തോന്നി.

"നിർത്ത്," ഞാനുറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് കമ്പാർട്ടുമെന്റിന്റെ ഒരറ്റത്തേക്ക് ഓടി. എന്താണ് ചെയ്യുന്നതെന്ന് ആലോചിക്കാതെ ഞാൻ ചെയിൻ പിടിച്ചു വലിച്ചു.

കമ്പാർട്ടുമെന്റുകൾ തമ്മിലുരസിക്കൊണ്ട്, കുറച്ചൊന്ന് പിന്നിലേക്ക് ഇടിച്ചിറങ്ങിക്കൊണ്ട് വണ്ടി പൊടുന്നനെ നിന്നു. മേൽത്തട്ടുകളിലിരുന്ന സ്യൂട്ട് കേസുകളും ബാഗുകളും ഉരുണ്ട് താഴെ വീണു. കപ്പുകളും ഗ്ലാസ്സുകളും തെറിച്ചു വീണു. സ്ത്രീകൾ ഭയന്ന് നിലവിളിച്ചു. കുട്ടികൾ ഉച്ചത്തിൽ കരഞ്ഞു ബഹളം കൂട്ടി ആരോ പറയുന്നത് കേട്ടു.

"ആരോ വണ്ടിക്കടിയിൽ പെട്ടു."

ഞാൻ വാതിൽപ്പടിയിലെത്തിയിരുന്നു. എവിടെയെന്നോ എന്തെന്നോ ഒന്നും നോക്കാതെ ഞാൻ കണ്ണും പൂട്ടി എടുത്തു ചാടി. എന്നിട്ട് സർവശക്തിയുമെടുത്ത് ദുയിഷൻ നിന്നിരുന്ന ആ കുടിലിന്റെ മുന്നിലേക്ക് ഓടി. എനിക്ക് പിന്നിൽ ട്രെയിൻ ഗാർഡുമാരുടെ വിസിൽ മുഴങ്ങുന്നുണ്ടായിരുന്നു. കുറേ യാത്രക്കാർ എന്റെ പിന്നാലെ ഓടി വരുന്നുണ്ടായിരുന്നു.

ട്രെയിനിന്റെ നീളം മുഴുവൻ ഞാൻ ഓടിത്തീർത്തപ്പോൾ എന്റെ നേർക്ക് ഓടി വരുന്ന ദുയിഷനെ കണ്ടു.



"ദുയിഷൻ, എന്റെ ടീച്ചർ..." ഞാനുറക്കെ വിളിച്ചു. ആ മനുഷ്യൻ ഓട്ടം നിർത്തി. അന്ധാളിപ്പോടെ എന്നെ നോക്കി. അത് ദുയിഷൻ തന്നെയായിരുന്നു. തീർച്ചയായും ആ മുഖവും, ആ കണ്ണുകളും എല്ലാം അതുതന്നെ. അല്പം പ്രായം കൂടിയിട്ടുണ്ട്. ഒരു മീശയും വച്ചിട്ടുണ്ട്. അത്രമാത്രം.

"എന്താ സഹോദരി പ്രശ്നം?" അദ്ദേഹം കസാഖ് ഭാഷയിൽ ദയാപുരസരം ചോദിച്ചു.

"നിങ്ങൾക്ക് ആളു തെറ്റിപ്പോയെന്നു തോന്നുന്നു. ഞാനിവിടുത്തെ സ്വിച്ച് മാനാണ്. എന്റെ പേര് ബെയ്ന്യൂ."

"ബെയ്ന്യൂ?"

നിരാശയും, നാണക്കേടും, സങ്കടവും കൊണ്ട് അലറിക്കരഞ്ഞു പോകാതിരിക്കാൻ ഞാനെന്റെ ചുണ്ടുകൾ കടിച്ചു പിടിച്ചു. ഛേ! ഞാനെന്താണ് ചെയ്തത്! തലതാഴ്ത്തി, കൈകൊണ്ട് മുഖം മറച്ച് ഞാൻ നിന്നു. ഓ, ഈ ഭൂമിയെന്താ എന്നെ വിഴുങ്ങിക്കളയാത്തത്! ഇത്രയുമൊക്കെ കുഴപ്പങ്ങൾ ഉണ്ടാക്കിയതിന് ആ സ്വിച്ച് മാനോടും സഹയാത്രികരോടും മാപ്പു പറയണമെന്ന് എനിക്ക് തോന്നി. പക്ഷേ ഞാൻ നിശബ്ദത അവലംബിച്ചതേയുള്ളു. എന്റെ സഹയാത്രികരും നിശബ്ദരായി നിന്നതേയുള്ളു. അവർ കോപാവേശത്തോടെ എന്നെ കുറെ ശകാരിച്ചിരുന്നെങ്കിൽ എന്ന് ഞാനാശിച്ചു പോയി. പക്ഷേ, ഒരാളും ഒന്നും മിണ്ടിയില്ല.

ആ ഭയാനകമായ നിശബ്ദത ഭഞ്ജിച്ചുകൊണ്ട് ഒരു സ്ത്രീ പറഞ്ഞു. "പാവം കുട്ടി. അവൾ ആരെയോ തന്റെ ഭർത്താവെന്നോ, സഹോദരനെന്നോ തെറ്റിദ്ധരിച്ചിട്ടുണ്ടാവും."

"എന്തൊക്കെയാണ് സംഭവിക്കുന്നത്!" ഒരാൾ കനത്ത ശബ്ദത്തിൽ മൊഴിഞ്ഞു.

"ഈ യുദ്ധത്തിൽ എന്തൊക്കെയാണ് സംഭവിക്കാത്തത്! എന്തെല്ലാം നാം അനുഭവിച്ചു." ഒരു സ്ത്രീയുടെ വിറയാർന്ന ശബ്ദമായിരുന്നു അത്.

ആ സ്വിച്ച്മാൻ എന്റെ കൈകൾ മുഖത്തുനിന്ന് പിടിച്ച് മാറ്റി.

"വരൂ, നമുക്കുപോകാം. ഞാൻ നിങ്ങളെ കോച്ചിൽക്കൊണ്ടാക്കാം. തണുപ്പ് വർദ്ധിക്കുകയാണ്!" അയാൾ എന്റെ കൈ പിടിച്ചു ഞാനറിയാത്ത ഒരു ഓഫീസർ മറുവശത്ത് നിന്നും എന്നെ താങ്ങി.

"വരൂ സഖാവേ, ഞങ്ങൾക്കെല്ലാം മനസിലാകുന്നുണ്ട്." അ

ദ്ദേഹം പറഞ്ഞു.

ആളുകൾ എനിക്ക് വഴിയൊരുക്കി മാറിനിന്നു. ശവസംസ്കാരച്ചടങ്ങിലെ പ്രധാന അനുശോചകയെപ്പോലെ ഞാൻ ബഹുമാനിതയായി. ഞങ്ങൾ മെല്ലെ നടന്നു. മറ്റുള്ളവർ ഞങ്ങളെ പിൻതുടർന്നു. പുറത്തിറങ്ങി നിൽക്കുകയായിരുന്ന യാത്രക്കാരെല്ലാം ഒരു ഘോഷയാത്രയിൽ പങ്കെടുക്കും പോലെ ഞങ്ങളോടൊപ്പം ചേർന്നു നടന്നു. ആരോ ഒരു കമ്പിളിഷോൾ എന്റെ ചുമലിലേക്ക് ഇട്ടുതന്നു. ഊന്നുവടിയിൽ നടക്കുന്ന ആ പട്ടാളക്കാരൻ എന്റെ തൊട്ടുപിന്നിൽതന്നെ ഉണ്ടായിരുന്നു. ഇടയ്ക്ക് അദ്ദേഹം ഞങ്ങൾക്കൊപ്പം എത്തും. അപ്പോൾ എന്റെ മുഖത്തേക്ക് ഉറ്റുനോക്കുകയും ചെയ്യും. സദാ ആഹ്ലാദപ്രകൃതിയായ, ധീരനും ദയാലുവുമായ, ആ വലിയ തമാശക്കാരൻ ഇപ്പോൾ എന്തു കാരണത്താലോ തലതാഴ്ത്തി നടക്കുകയാണ്. എനിക്കു തോന്നുന്നത് അദ്ദേഹം കരയുകയായിരുന്നെന്നാണ്. ആ ചുവട് അളന്നുള്ള മെല്ലെ നടപ്പിനിടയിൽ, ടെലിഗ്രാഫ് കമ്പികളുടെ വിസിൽ നാദവും മുഴക്കവും കേൾക്കെ, ഞാൻ ഒരു ശവഘോഷയാത്രയുടെ പ്രതീതി അനുഭവിച്ചു.

'ഇല്ല, ഞാനിനി ഒരിക്കലും അദ്ദേഹത്തെ കാണുകയില്ല.'

ഞാൻ എന്റെ കോച്ചിനടുത്ത് എത്തിയപ്പോൾ പ്രധാന കണ്ടക്ടർ എന്നെ തടഞ്ഞു നിർത്തി. അയാൾ ഏറെ ക്ഷുഭിതനായിരുന്നു. വളരെ ഉച്ചത്തിൽ അയാളെന്നോട് എന്റെ കുറ്റത്തിന്റെ ഗുരുത്വത്തെക്കുറിച്ചും, അതിന് ഞാൻ അനുഭവിക്കേണ്ട ശിക്ഷയെക്കുറിച്ചുമൊക്കെ സംസാരിക്കാൻ തുടങ്ങി. ഞാനതൊന്നും തീരെ ഗൗനിച്ചില്ല. അയാളൊരു സ്റ്റേറ്റ്മെന്റ് എന്റെ നേർക്ക് നീട്ടിയിട്ട് ഞാനതിൽ ഒപ്പിടണമെന്ന് കർശനമായി നിർബന്ധിച്ചു. പക്ഷേ ഒപ്പിടാൻ ഒരു പെൻസിൽ പിടിക്കാനുള്ള ശേഷി പോലും എന്റെ തളർന്ന വിരലുകൾക്കുണ്ടായിയിരുന്നില്ല.

അപ്പോൾ, എന്റെകൂടെ നടന്നിരുന്ന, ഊന്നുവടിക്കാരൻ സുഹൃത്ത് ആ കടലാസ് പിടിച്ച് വലിച്ചുകൊണ്ട്, കടുത്ത കോപത്തോടെ പറഞ്ഞു. "അവളെ ഉപദ്രവിക്കരുത്. ഞാനതിൽ ഒപ്പിടാം. ഞാനാണ് അപായച്ചങ്ങല വലിച്ചത്. അതിന്റെ ഉത്തരവാദിത്വം ഞാനേൽക്കുന്നു."

നഷ്ടപ്പെട്ട സമയം ശരിപ്പെടുത്താനായി വണ്ടി അതിവേഗത്തിൽ കുതിച്ചുപാഞ്ഞു. സൈബീരിയയ്ക്ക് കുറുകെ, റഷ്യൻ ഭൂമിയിലൂടെ വണ്ടി ഇരമ്പിപ്പാഞ്ഞു. ആ രാത്രി വ്യാകുലത പടർത്തി

ക്കൊണ്ട് ആരോ ഗിറ്റാർ വായിച്ചിരുന്നു. റഷ്യൻ വിധവകളുടെ ദുഃഖപൂർണമായ ഈ ഗാനം ഞാനെന്റെ ഹൃദയത്തിലേക്ക് ആവാഹിച്ചു. യുദ്ധത്തിന്റെ അനന്തരഫലങ്ങൾ എനിക്ക് സമ്മാനിച്ച ആകസ്മികതയുടെ ഓർമക്കുറിപ്പായിരുന്നു അത്.

വർഷങ്ങൾ പിന്നിട്ടു. ഭൂതകാലം അകന്നകന്നുപോയി. ഭാവി അതിന്റെ ചെറുതും വലുതുമായ ഉൽക്കണ്ഠകളോടെ നിർബന്ധമായും വന്നുചേർന്നു. വളരെ വൈകിയാണ് ഞാൻ വിവാഹിതയായത്. എന്റെ ഭർത്താവ് വളരെ നല്ല ഒരു മനുഷ്യനാണ്. ഞങ്ങൾക്ക് കുട്ടികളുണ്ടായി. ഞങ്ങളുടേത് ഒരു സന്തുഷ്ടകുടുംബമാണ്. ഞാൻ തത്ത്വജ്ഞാനത്തിൽ ഡോക്ടറേറ്റ് എടുത്തു.

എനിക്ക് നിരന്തരം യാത്രചെയ്യേണ്ടതുണ്ട്. നിരവധി രാജ്യങ്ങൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. പക്ഷേ പിന്നീടൊരിക്കലും ഞാൻ കുർകുറോവ് ഗ്രാമത്തിലേക്ക് പോയിട്ടില്ല. അതിന് എനിക്ക് എന്റേതായ ഒരുപാടു കാരണങ്ങൾ പറയാനുണ്ട്. പക്ഷേ ഒരിക്കലും അത് എന്നെ ന്യായീകരിക്കാനുള്ള ശ്രമമല്ല. എന്റെ കുടുംബവുമായി ബന്ധപ്പെടുത്തുന്ന ചരടുകളെല്ലാം മുറിച്ചെറിയുന്നത് മോശമാണ്. അക്ഷന്തവ്യവുമാണ്. പക്ഷേ അതങ്ങനെയായി. ഞാനെന്റെ ഭൂതകാലം മറന്നിട്ടില്ല. എനിക്കിതിനാവില്ല. ഞാനതിൽ നിന്നും ഒഴിഞ്ഞുമാറുക മാത്രമായിരുന്നു.

മലനിരകളിലെ ചെറിയ ചെറിയ അരുവികൾ ഓർമയിലേക്ക് വരുന്നു. ഒരു പുതിയ വഴിയുണ്ടാകുമ്പോൾ അരുവിയിലേക്കുള്ള പഴയ പാത വിസ്മരിക്കപ്പെടുന്നു. അപൂർവമായി മാത്രം യാത്രക്കാർ ദാഹജലം തേടി അരുവിയെ സമീപിക്കുന്നു. സാവധാനം ആ വഴിയിൽ മുൾച്ചെടികൾ നിറയുന്നു. കുറേക്കഴിയുമ്പോൾ അവിടെ ഒരു അരുവിയുള്ളതായി നിങ്ങൾ അറിയുക പോലുമില്ല. വളരെക്കാലത്തിനുശേഷം ഒരു ഉഷ്ണദിനത്തിൽ ആരെങ്കിലും ആ അരുവിയെക്കുറിച്ച് ഓർമിച്ചെന്നുവരാം. പ്രധാനവഴി വിട്ട് അയാൾ ആ അരുവി തേടി അവിടെയെത്തിയേക്കാം. ഉപേക്ഷിക്കപ്പെട്ട ആ നീരൊഴുക്കിനരികിലേക്ക് അയാളെത്തും. കാടും പടലും വലിച്ച് മാറ്റുമ്പോൾ അയാൾ അത്ഭുതത്തോടെ, ആ തെളിഞ്ഞ, ശുദ്ധമായ നീരൊഴുക്ക് കണ്ട് ശ്വാസം നിലച്ചതുപോലെ നിന്നു പോകും. അതിൽ അയാൾ സ്വന്തം പ്രതിഛായ കാണും. ആകാശവും, സൂര്യനും മരങ്ങളും കാണും. അപ്പോഴയാൾ സ്വയം പറയും. ഈ മനോഹരദൃശ്യം ഇതുവരെ കാണാതിരുന്നത് പാപമാണ്. ഇതിനെക്കുറിച്ച്

എല്ലാവരോടും പറയണം. പക്ഷേ അടുത്ത തവണ വരേക്കും അയാൾ അക്കാര്യം മറന്നുപോകും.


ഇത്, ചിലപ്പോൾ, ജീവിതത്തിലും സംഭവിക്കാം. ഒരു പക്ഷേ അത് തന്നെയായിരിക്കാം അതിന്റെ രീതിയും.

എന്റെ അടുത്ത കാലത്തുണ്ടായ കുർകുറോവ് സന്ദർശനത്തിൽ ഞാൻ അങ്ങനെയൊരു അരുവിയെക്കുറിച്ച് ഓർമിച്ചു.

ഞാൻ വളരെവേഗം മടങ്ങിപ്പോന്നത് നിങ്ങളെയൊക്കെ വല്ലാതെ വിഷമിപ്പിച്ചു എന്ന് എനിക്കറിയാം. അവിടെ തടിച്ചുകൂടിയവരോട് ഈ കഥയൊക്കെ പറയാമായിരുന്നില്ലേ എന്ന് നിങ്ങൾ ചോദിച്ചേക്കാം. ഇല്ല, എനിക്കത് കഴിയുമായിരുന്നില്ല. ഞാനത്ര മാത്രം അസ്വസ്ഥയായിരുന്നു. എനിക്ക് സ്വയം ലജ്ജ തോന്നി. അതുകൊണ്ടാണ് അത്രവേഗം അവിടെനിന്ന് മടങ്ങിപ്പോന്നത്. എനിക്ക് എന്നെത്തന്നെ ഒന്നു കൂടഞ്ഞുണർത്തണമായിരുന്നു. ശാന്തമായിരുന്ന് എല്ലാം ഒന്നു പുനഃശ്ചിന്തനം നടത്തണമായിരുന്നു. നമ്മുടെ ഗ്രാമവാസികളോട് മാത്രമല്ല, എല്ലാവരോടും പറയാനുള്ളത് ധ്യാനിച്ചെടുക്കേണ്ടിയിരുന്നു.

എനിക്ക് വല്ലായ്മയും ലജ്ജയും തോന്നിയതിന് മറ്റൊരു കാരണം കൂടിയുണ്ട്. എല്ലാവരുടെയും ശ്രദ്ധാപാത്രമായി മാറേണ്ടേത് ഞാനായിരുന്നില്ല. സ്കൂൾ ഉദ്ഘാടനച്ചടങ്ങിലെ ഏറ്റവും ആദരിക്കപ്പെടേണ്ട വ്യക്തിയും ഞാനായിരുന്നില്ല. അതെല്ലാം അവകാശപ്പെട്ട വ്യക്തി നമ്മുടെ ആദ്യത്തെ സ്കൂളിലെ ആദ്യത്തെ അദ്ധ്യാപകനായിരുന്ന, നമ്മുടെ നാട്ടിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ്, ദുയിഷൻ! മറ്റാരെക്കാളും അർഹത അദ്ദേഹത്തിനു മാത്രമായിരുന്നു. പക്ഷേ കാര്യങ്ങളെല്ലാം മറിച്ചാണ് സംഭവിച്ചത്. നാമെല്ലാവരും ബാങ്കറ്റ് ആസ്വദിക്കുമ്പോൾ, നൂറു ശതമാനം തനി തങ്കമായ ആ മനുഷ്യൻ നമുക്കുള്ള അനുമോദനാശംസകളുമായി ഓടിപ്പാഞ്ഞു വരികയായിരുന്നു. അതുകഴിഞ്ഞ് അദ്ദേഹം ബാക്കിയുള്ള കത്തുകൾ കൊടുക്കാൻ പോകുകയും ചെയ്തു.

ഇതൊരൊറ്റപ്പെട്ട സംഭവമല്ല, ഇമ്മാതിരി സംഭവങ്ങൾ പലതും ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ സ്വയം ചോദിക്കുന്നത്. ഒരു സാധാരണക്കാരനെ ലെനിൻ ബഹുമാനിച്ചിരുന്നതുപോലെ നമുക്കെന്തുകൊണ്ട് ബഹുമാനിക്കാൻ കഴിയുന്നില്ല. നാം എന്നാണതൊക്കെ മറന്നു തുടങ്ങിയത്? കപടനാട്യങ്ങളില്ലാതെ നാം ഇത്തരം കാര്യങ്ങൾ തുറന്നു സംസാരിക്കാൻ തുടങ്ങിയിരി



ക്കുന്നു എന്നതിൽ ഞാൻ സന്തുഷ്ടയാണ്. ഇതിലെങ്കിലും നാം ലെനിനോടു അടുക്കുന്നു എന്നത് വളരെ നല്ല കാര്യമാണ്.

കുർകുറോവിലെ യുവതലമുറയ്ക്കറിയില്ല ദുയിഷൻ എത്ര മഹാനായ ഒരദ്ധ്യാപകനായിരുന്നുവെന്ന്. പഴയ ആളുകളൊന്നും ഇന്ന് ജീവിച്ചിരിക്കുന്നുമില്ല. ദുയിഷൻ പഠിപ്പിച്ച കുട്ടികളിൽ പലരും യുദ്ധത്തിൽ മരിച്ചിട്ടുണ്ടാവും. അതിനാൽ ദുയിഷനെക്കുറിച്ച് യുവതലമുറയോട് സംസാരിക്കേണ്ടത് എന്റെ കടമയാണ്.

എന്റെ സ്ഥാനത്ത് മറ്റാരായിരുന്നെങ്കിലും അതൊരു ബഹുമതിയായി ഏറ്റെടുക്കുമായിരുന്നു. പക്ഷേ ഞാനാകട്ടെ കുർകുറോവിലേക്ക് മടങ്ങിവന്നതേയില്ല. ദുയിഷനെക്കുറിച്ചൊന്നും ഞാൻ അറിഞ്ഞതുമില്ല. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പ്രതിഛായ ഒരു മ്യൂസിയത്തിൽ സൂക്ഷിച്ച തിരുശേഷിപ്പു പോലെ വിലപ്പെട്ടതായി മാറി.

ഞാൻ എന്റെ ടീച്ചറെക്കാണാനായി മടങ്ങി വരാനാഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറയും. ഞാനദ്ദേഹത്തോട് മാപ്പ് ഇരക്കും.

മോസ്കോയിലെ എന്റെ ജോലി പൂർത്തിയായാൽ ഞാൻ കുർകുറോവിലെത്തും. പുതിയ ബോർഡിങ്ങ് സ്കൂളിന് ദുയിഷന്റെ പേരിടണമെന്ന് ഞാനവരോട് അപേക്ഷിക്കും. അതെ, ദുയിഷൻ! കൂട്ടുകൃഷിയിടത്തിലെ ബഹുമാന്യമെമ്പർ ആയ, പോസ്റ്റ് മാൻ. നിങ്ങളെല്ലാവരും എന്നെ പിൻതുണയ്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ദയവായി അങ്ങനെ ചെയ്യുക.

സമയം പുലർച്ചെ ഒരു മണിയായിരിക്കുന്നു. ഞാനെന്റെ ബാൽക്കണിയിൽ നിന്നുകൊണ്ട് നഗര വിളക്കുകളുടെ കടൽ കാണുകയാണ്. എത്രയും വേഗം കുർകുറോവിലേക്ക് പോകുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഞാനെന്റെ അദ്ധ്യാപകനെ വീണ്ടും കാണും. ആ നരച്ച താടിയിൽ ചുംബിക്കും...

ഞാൻ എന്റെ ജനാലകൾ മലർക്കെ തുറന്നിട്ടു. ശുദ്ധവായു ഒരരുവിയായി മുറിയിലേക്ക് പ്രവഹിച്ചു. അരണ്ട നീലവെളിച്ചത്തിൽ എന്റെ പുതിയ ചിത്രത്തിന്റെ സ്കെച്ചുകൾ ഞാൻ ഉറ്റുനോക്കി. നിരവധി സ്കെച്ചുകളുണ്ട്. തുടക്കത്തിൽ മിക്കവാറും എനിക്ക് ഈ

ആവർത്തനം വേണ്ടി വരാറുണ്ട്. ഒരു ചിത്രമെന്നനിലയിൽ ഇപ്പോളിതിനെ നോക്കിക്കാണാറായിട്ടില്ല. ചിത്രത്തിന്റെ യഥാർത്ഥ വിഷയം ഞാൻ ഇനിയും കണ്ടെത്തിയിട്ടുമില്ല. രാത്രിയുടെ നിശബ്ദതയിൽ ഞാനെന്റെ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. ചിന്തിച്ചുകൊണ്ട്, ചിന്തിച്ചുകൊണ്ട്, ചിന്തിച്ചുകൊണ്ട്.... എപ്പോഴും ഇങ്ങനെ സംഭവിക്കുന്നു. എപ്പോഴും എന്റെ ചിത്രം ഒരപൂർണാശയം മാത്രമാണെന്ന് ഞാൻ തിരിച്ചറിയുന്നു.

എങ്കിലും, എനിക്കിപ്പോൾ, എന്റെ വരച്ച് തീരാത്ത ചിത്രത്തെക്കുറിച്ച് നിങ്ങളോടു സംസാരിക്കണമെന്നുണ്ട് . നിങ്ങളുടെ ഉപദേശം ആരായണമെന്നുമുണ്ട്. ഈ ചിത്രം സമർപ്പിക്കുന്നത് നമ്മുടെ ആദ്യത്തെ അദ്ധ്യാപകനും, ആദ്യത്തെ കമ്മ്യൂണിസ്റ്റുമായ ആ കിഴവൻ ദുയിഷനായിരിക്കുമെന്ന്, തീർച്ചയായും നിങ്ങൾ ഇതിനകം ഊഹിച്ചുകാണുമല്ലോ.

പക്ഷേ, ഇപ്പോഴും എനിക്ക് തീർച്ചയില്ലാത്ത കാര്യങ്ങൾ ഇവയാണ്. ആ യോദ്ധാവിന്റെ ജീവിതത്തിലെ സങ്കീർണതകളും, വൈവിധ്യമാർന്ന മാനവിക ഭാഗധേയങ്ങളും, വൈകാരിക ബാഹുല്യങ്ങളുടെ ആ വലിയ മണ്ഡലവും ഒക്കെ വർണങ്ങളിലൂടെയും വരകളിലൂടെയും പ്രതിഫലിപ്പിക്കുവാൻ എനിക്ക് കഴിയുമോ? നിറഞ്ഞ് നിൽക്കുന്ന ഈ കപ്പ് തുളുമ്പിപ്പോകാതെ ഞാൻ നിങ്ങളുടെ അടുത്ത് എത്തിക്കണം, എന്റെ സമകാലിക വീക്ഷണങ്ങളോടൊപ്പം. പക്ഷേ അതെങ്ങനെ ചെയ്യാം? ഞാൻ വെറുതെ എന്റെ ആശയങ്ങൾ നിങ്ങൾക്ക് പകർന്നു തന്നാൽ പോരല്ലോ. എന്റെ ചിത്രം നമ്മുടെ പൊതു സൃഷ്ടിയായിമാറണം. എനിക്കത് എങ്ങനെ സാധ്യമാകും?

എനിക്ക് ഈ ചിത്രം വരച്ചേ കഴിയൂ. പക്ഷേ എനിക്ക് ഒരുപാട് സന്ദേഹങ്ങളും, അവിശ്വാസവും ബാക്കിയാണ്. ചിലപ്പോൾ തോന്നും ഇത് ചെയ്യാൻ തീരെ പറ്റാത്തവനാണ് ഞാനെന്ന്. അടുത്ത നിമിഷം ഞാൻ വിചാരിക്കും എങ്കിൽപ്പിന്നെ വിധി എന്തിനെന്നെ ഒരു ചിത്രകാരനാക്കി? ഇത് ശരിയായ പീഡനം തന്നെ. മറ്റൊരു നിമിഷം എനിക്ക് തോന്നും ഞാൻ ശക്തനാണ്. ഒരു മലയെടുത്തു മറിക്കാനും എനിക്ക് കഴിയും. പിന്നെ ഞാൻ എന്നോട് പറയും നിരീക്ഷിക്കുക, പഠിക്കുക, എന്നിട്ട് തിരഞ്ഞെടുക്കുക... ദുയിഷനും അൽത്തിനായിയും ചേർന്നു നട്ടുവളർത്തിയ ആ പോപ്ലാറുകളെ വരയ്ക്കുക. നിന്റെ ബാല്യത്തിൽ കഥയൊന്നും അറി

ഭത്തിരുന്നില്ലെങ്കിലും നിന്നെ അതിശയിപ്പിച്ച ആ പോപ്ലാറുകളെ ഏറ്റവും ഉയർന്ന കൊമ്പിൽ വലിഞ്ഞുകയറി ഇരിക്കുന്ന നഗ്നപാദനായ, വെയിലിൽ കരിഞ്ഞുണങ്ങിയ, അത്ഭുതകരമായ വിദൂരതയുടെ ദൃശ്യത്തിൽ നോക്കി മോഹിതനായിരിക്കുന്ന ഒരു ആൺകുട്ടിയെ വരയ്ക്കുക.

അല്ലെങ്കിൽ നിങ്ങളുടെ ചിത്രത്തെ "ആദ്യാധ്യാപകൻ" എന്നു വിളിക്കുക. എന്നിട്ട് ദുയിഷൻ ഒരു പറ്റം സ്കൂൾകുട്ടികളെ അരുവി കടത്തിക്കൊണ്ടുപോകുന്നതും, ചുവന്ന തൊപ്പിധരിച്ച കുറെ തെമ്മാടികൾ, അവരുടെ തടിച്ച കുതിരയുടെ പുറത്തുകയറിവന്ന് പരിഹസിക്കുന്നതും വരയ്ക്കാം.

അല്ലെങ്കിൽ ആ റെയിൽവേ സ്റ്റേഷനിലെ അവരുടെ വേർപാടിന്റെ രംഗം വരയ്ക്കാം. ദുയിഷന്റെ ആ ഉച്ചത്തിലുള്ള വിളി ഓർക്കുന്നില്ലേ, അൽത്തിനായി ഇന്നും വ്യക്തമായി കേൾക്കുന്ന ദുയിഷന്റെ ആ വിളിയാകട്ടെ, എല്ലാ ഹൃദയങ്ങളിലേയും പടർന്നു കയറുംവിധം നിങ്ങൾ ചിത്രീകരിക്കുന്നത്.

ഇതുതന്നെയാണ് ഞാൻ സ്വയം പറയുന്നതും. ഞാനിങ്ങനെ അനേകം കാര്യങ്ങൾ എന്നോട് തന്നെ പറയും. പക്ഷേ അവയിൽ പലതും പ്രാവർത്തികമാവില്ല. ഇപ്പോഴും ഞാനെന്താണ് വരയ്ക്കുക എന്ന് എനിക്ക് നിശ്ചയമില്ല.

പക്ഷേ, ഒന്നെനിക്ക് നന്നായറിയാം.

ഞാനിത് ഉപേക്ഷിക്കുകയില്ല.

Lasertypeset at WAVES, Odakally, Ernakulam and printed at
Shivam Offset Press, Naraina, Phase I, New Delhi-110 028